www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 24 | 2017 JUNE 24 | ₹10




## സംഘ്പരിവാറിന്റെ പണിപ്പുരയിൽ ഒരുങ്ങുന്നത്

റമദാനിന് ശേഷം? / ക്ഷമാലുക്കൾക്കാണ് സ്വർഗം

ഹാദിയയുടെ ഹിദായത്ത് / ദയാലുവായ പ്രവാചകൻ

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0024 / 2017 ജൂൺ 24 / 1438 റമദാൻ 29 / പുസ്തകം 01 / ലക്കം 24



# സംഘ്പരിവാറിന്റെ പണിപ്പുരയിൽ ഒരുങ്ങുന്നത്

എ.വി. ഫിർദൗസ് / 10


**മുഖമൊഴി**
കൊടുത്താലേ തിരിച്ചു കിട്ടൂ / 05
എഡിറ്റർ

**ക്വുർആൻ പഠനം**
ദയാലുവായ പ്രവാചകൻ / 06
ശമീർ മദീനി

**കാഴ്ച**
വീഴ്ചകൾ നൽകുന്ന തിരിച്ചറിവുകൾ / 18
ഇബ്നു അലി എടത്തനാട്ടുകര

**ബാലപഥം**
ഒരു കുരുന്നുമനസ്സിന്റെ ആധികൾ / 19
ഇബ്നു അബ്ദില്ല ചുഴലി

**ചരിത്രപഥം**
ആദം നബിﷺ / 21
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**
സാമൂഹ്യ വളർച്ച കുട്ടികളിൽ / 24
അശ്റഫ് എകരൂൽ

**വിവർത്തനം**
റമദാനിന് ശേഷം? / 26
ശൈഖ് ഡോ. സ്വാലിഹ്ബ്നു ആലുത്വാലിബ്

**ലേഖനങ്ങൾ**
ഓർമയിലെ പെരുന്നാൾ / 09
കരുവള്ളി മുഹമ്മദ് മൗലവി

പെരുമ നടിക്കൽ / 13
ഫദ്‌ലുൽ ഹഖ് ഉമരി

ക്ഷമാലുക്കൾക്കാണ് സ്വർഗം / 16
മെഹബൂബ് മദനി ഒറ്റപ്പാലം

ദുഷിച്ച കൂട്ടുകെട്ടിലെ അപകടം / 30
അബൂഇഹ്സാൻ

**നമുക്ക് ചുറ്റും**
ഹാദിയയുടെ ഹിദായത്ത് / 34
ഡോ. സി.എം സാബിർ നവാസ്


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### തെറ്റുകൾ ബോധ്യപ്പെട്ടാൽ ശരിയിലേക്ക് യാത്രതിരിക്കുക

ജീവിതത്തിൽ അഭിമുഖീകരിക്കുന്ന വ്യക്തിപരവും കുടുംബപരവും പ്രാസ്ഥാനികവുമായ പ്രയാസങ്ങളും പ്രശ്നങ്ങളും പ്രതിസന്ധികളും വിഷമതകളും ദുഃഖങ്ങളും ആകസ്മിക സംഭവങ്ങളും അനിശ്ചിതാവസ്ഥയും എങ്ങനെ കൈകാര്യം ചെയ്ത് മുന്നോട്ട് പോകണമെന്നത് വിശ്വാസിയെ സംബന്ധിച്ചിടത്തോളം വിശാലമായ പഠനത്തിനും ചിന്തക്കും ചർച്ചകൾക്കും ശേഷം ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമില്ല. കാരണം വിശുദ്ധ ക്വുർആനും പ്രവാചകചര്യയും കൃത്യവും വ്യക്തവുമായി അത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട സമീപനങ്ങളെക്കുറിച്ചും പാലിക്കേണ്ട മര്യാദകളെ സംബന്ധിച്ചും വിശ്വാസിയെ ഓർമപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രയാസങ്ങളും പ്രതിസന്ധികളും ആത്യന്തികമായ തന്റെ ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടികളാണ്. സർവശക്തൻ നൽകിയ അനുഗ്രഹമായ ഇഹലോക ജീവിതം വിശ്വാസിയെ സംബന്ധിച്ചിടത്തോളം പരീക്ഷണത്തിന്റെ താവളമാണ്.

"...കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു" (76:2).

ഇതിൽ വിജയം പ്രാപിച്ചാൽ മാത്രമെ അന്തിമമായ വിജയം കരസ്ഥമാക്കുവാൻ മനുഷ്യന് സാധിക്കുകയുള്ളൂ.

'അവർ ക്ഷമിച്ചതിനാൽ സ്വർഗത്തോപ്പും പട്ടുവസ്ത്രങ്ങളും അവർക്കവൻ പ്രതിഫലമായി നൽകുന്നതാണ്' (76:12).

ആയതിനാൽ ഈ ആത്യന്തിക ലക്ഷ്യത്തിലേക്കുള്ള ഒരു യാത്രാവാഹനമായി ജീവിതത്തെ കാണുന്നവർക്ക് പരമമായ ലക്ഷ്യത്തിലെത്താൻ പ്രയാസമുണ്ടായിരിക്കുകയില്ല. മറിച്ച്, ജീവിക്കാൻ വേണ്ടി മരിക്കാൻ തയാറാകുന്നവർക്ക് ജീവിതം തന്നെ എന്നെന്നേക്കുമുള്ള ബാധ്യതയായി മാറുമെന്നത് ഉറപ്പാണ്.

ജീവിതത്തന്റെ തിളക്കമുള്ള വശം എടുക്കാനും ഇരുണ്ടത് ഒഴിവാക്കാനും നമുക്കാവണം. നാം നന്മ ചെയ്യുന്നതിന്റെ ഗുണം നമുക്കുതന്നെയാണ്.

'....അവർ പ്രവൃത്തിച്ചതിന്റെ ഫലം അവർക്കാകുന്നു. നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലം നിങ്ങൾക്കും. അവർ പ്രവർത്തിച്ചതിനെ സംബന്ധിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുകയില്ല' (2:134).

'അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവൻ അത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരിക്കുന്നുവോ അവൻ അതും കാണും' (99:7-8).

അതെ, ആന്തരികവും ആത്മീയവുമായ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കും സകലവിധ അടിമത്തത്തിൽ നിന്നും വിമോചനത്തിലേക്കും ഹതാശയിൽ നിന്നും നിലയ്ക്കാത്ത പ്രത്യാശയിലേക്കുമാണ് അല്ലാഹു മനുഷ്യരെ ക്ഷണിക്കുന്നത്. ആയതിനാൽ സർവലോക നാഥൻ കനിഞ്ഞനുഗ്രഹിച്ച് നൽകിയ ജീവിതം അവന്റെ നിയമപരിധിയിൽ നിന്നുകൊണ്ട് ജീവിച്ചു തീർക്കാൻ ശ്രമിക്കുക. അല്ലാഹു നൽകിയ അളവറ്റ നന്മകൾ സ്മരിക്കുക. കരുണാമയൻ നമ്മോട് കാണിക്കുന്ന കാരുണ്യവും അലിവും നമ്മോട് കാണിക്കുന്ന വിട്ടുവീഴ്ചയും ഓർമിക്കുക.

നഷ്ടപ്പെട്ട സമയവും ആയുസ്സും തിരിച്ചു കിട്ടുകയില്ല. ആയതിനാൽ കഴിഞ്ഞതിനെ കുറിച്ചോർത്ത് എല്ലാം തീർന്നെന്ന് പരിതപിച്ചിരുന്നിട്ട് കാര്യമില്ല. ആയതിനാൽ ഇനിയുള്ള സമയം പാഴാക്കാതെ നോക്കണം. പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതരാകണം. നമുക്കനുഗ്രഹമായി ലഭിക്കുന്ന സമയം പാഴാകാതിരിക്കാനുള്ള ആസൂത്രണങ്ങൾ നേരത്തെയുണ്ടാകണം. തെറ്റുകൾ ബോധ്യപ്പെടുന്നിടത്തുനിന്നാണ് ശരിയിലേക്കുള്ള യാത്രയാരംഭിക്കുന്നത്. സത്യമേതെന്ന് ബോധ്യപ്പെട്ട സമയം മുതൽ നഷ്ടപ്പെടുന്ന സമയമാണ് തീരാദുഃഖത്തിന് ഹേതുവാകുന്നത്.

**-അബൂ തൻസീൽ, കോഴിക്കോട്**

### ബദ്ർ: സമഗ്രമായ പ്രതിപാദനം

'നേർപഥം' ലക്കം 22 ലെ 'ബദ്റിൽ എന്ത് സംഭവിച്ചു' എന്ന സുഫ്യാൻ അബ്ദുസ്സലാമിന്റെ ലേഖനം പഠനാർഹമായിരുന്നു. ഹ്രസ്വമെങ്കിലും സമഗ്രമായുള്ള പ്രതിപാദനം. ബദ്റിൽ ശുഹദാക്കളായവർ കാണിച്ചു തന്ന വഴിയിലൂടെ സഞ്ചരിക്കുന്നതിന് പകരം നബിﷺയോ സ്വഹാബിമാരോ ഉത്തമനൂറ്റാണ്ടുകാരോ കാണിച്ചു തരാത്ത ബദ്രീങ്ങളുടെ പേരിലുള്ള ആണ്ട് നേർച്ചയും ബദ്ർ ദിന പരിപാടികളും തകർത്താഘോഷിക്കുന്നവർ എന്നാണ് തിരിച്ചറിവ് നേടുക? പ്രവാചകന്റെ മാതൃകയിലില്ലാത്ത കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുക എന്നതാണ് ബദ്രീങ്ങളുടെ യഥാർഥ മാതൃക എന്നത് ഇക്കൂട്ടർ വിസ്മരിക്കുന്നു.

**-സ്വലാഹുദ്ദീൻ. എം.കെ, ചങ്ങനാശ്ശേരി**

# കൊടുത്താലേ തിരിച്ചു കിട്ടൂ

മധുരപലഹാര കടയിലേക്ക് സ്ഥിരമായി വെണ്ണ കൊടുത്തിരുന്നത് ഒരു ഗ്രാമീണ കർഷകനാണ്. കടയുടമക്ക് ഒരു ദിവസം വെണ്ണയുടെ തൂക്കത്തിൽ സംശയം തോന്നി. വെറുതെ ഉള്ളിൽ സംശയം വെക്കേണ്ടതില്ലല്ലോ എന്ന് കരുതി വെണ്ണ ത്രാസിലിട്ടു തൂക്കിനോക്കി. ഒരു റാത്തലിൽ അൽപം കുറവ്. ഇത്രയും കാലം ഗ്രാമീണൻ തന്നെ പറ്റിക്കുകയായിരുന്നു എന്ന് മനസ്സിലാക്കിയ വ്യാപാരിക്ക് ദേഷ്യംവന്നു. അദ്ദേഹം കർഷകനെതിരെ ന്യായാധിപന്റെയടുക്കൽ പരാതി നൽകി.

ന്യായാധിപൻ കർഷനെ വിളിച്ചുവരുത്തി ചോദിച്ചു: "നിങ്ങളാണോ ഇദ്ദേഹത്തിന് ദിവസവും വെണ്ണ കൊടുക്കുന്നത്?"

"അതെ" കർഷകൻ സമ്മതിച്ചു.

"എത്ര തൂക്കം വെണ്ണയാണ് കൊടുക്കുന്നത്?" ന്യായാധിപൻ ചോദ്യം തുടർന്നു.

"ഒരു റാത്തൽ" കർഷകൻ പറഞ്ഞു.

"ഒരു റാത്തൽ നിങ്ങൾ എങ്ങനെയാണ് കണക്കാക്കുന്നത്?" ന്യായാധിപൻ ചോദിച്ചു.

"ത്രാസിൽ തൂക്കി നോക്കിയിട്ട്" കർഷകൻ അറിയിച്ചു.

"ത്രാസിൽ ഒരു റാത്തൽ തൂക്കം കണക്കാക്കാൻ നിങ്ങൾ ഏതു കട്ടിയാണ് ഉപയോഗിക്കുന്നത്?" ന്യായാധിപൻ അവസാനമായി ചോദിച്ചു.

കർഷകൻ പറഞ്ഞു: "ഞാൻ ദിവസവും ഈ വ്യാപാരിയുടെ കടയിൽനിന്ന് ഒരു റാത്തൽ റൊട്ടി വാങ്ങാറുണ്ട്. ആ റൊട്ടി ത്രാസിന്റെ ഒരു തട്ടിൽവെച്ച് അത്രയും തൂക്കം വെണ്ണ മറു തട്ടിൽ വെച്ചാണ് തൂക്കം കണക്കാക്കുന്നത്."

ന്യായാധിപൻ ശിപായിമാരെ അയച്ച് കർഷകന്റെ ത്രാസും വ്യാപാരിയുടെ ത്രാസും വ്യാപാരി വിറ്റ റൊട്ടിയും വരുത്തി പരിശോധിച്ചു. കർഷകൻ പറഞ്ഞത് ശരിയായിരുന്നു. വാദി പ്രതിയായി. വ്യാപാരിക്ക് അർഹിക്കുന്ന ശിക്ഷ ന്യായാധിപൻ വിധിച്ചു. കർഷനെ പറ്റിക്കുകയായിരിന്നു വ്യാപാരി. താൻ കൊടുക്കുന്നതേ തനിക്ക് കിട്ടൂ എന്ന് അയാൾ മനസ്സിലാക്കിയില്ല.

എന്നെ എല്ലാവരും സ്നേഹിക്കണം. എന്നോട് എല്ലാവരും ദയയും അനുകമ്പയും കാണിക്കണം. എന്റെ അവിവേകത്തിന് എനിക്ക് മാപ്പു നൽകണം. എന്റെ വിഷമസന്ധികളിൽ എനിക്ക് സാന്ത്വനംലഭിക്കണം. സാമ്പത്തികമായി ബുദ്ധിമുട്ടുമ്പോൾ എനിക്ക് സഹായം ലഭിക്കണം. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആരിൽനിന്നും എനിക്ക് യാതൊരു ഉപദ്രവവും ഉണ്ടാകരുത്. ഇങ്ങനെ ആഗ്രഹിക്കാത്തവരായി ആരും ഉണ്ടാകാനിടയില്ല.

എന്നാൽ, തിരിച്ച് മറ്റുള്ളവർ തന്നിൽനിന്ന് ആഗ്രഹിക്കുന്നതും ഇതെല്ലാമാണെന്നറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ വളരെ വിരളമാണ്. സ്വാർഥതയുടെ പര്യായമായി മനുഷ്യൻ മാറിക്കൊണ്ടിരിക്കുന്നു. എല്ലാ നന്മകളും തനിക്ക് സ്വന്തമാക്കണം. മറ്റുള്ളവരുടെ കാര്യം എന്തുമാകട്ടെ എന്നാണ് അവന്റെ ചിന്ത.

നബിﷺ പറഞ്ഞു: "വല്ലവനും നരകാഗ്നിയിൽനിന്നും വിദൂരമാകുവാനും സ്വർഗത്തിൽ പ്രവേശിക്കപ്പെടുവാനും മരണം അല്ലാഹുവിലും പരലോകത്തിലും വിശ്വസിച്ച നിലക്ക് സംഭവിക്കുവാനും ആഗ്രഹിക്കുന്നുവെങ്കിൽ ജനങ്ങൾ തന്നോട് എങ്ങനെ സമീപിക്കുവാൻ ആഗ്രഹിക്കുന്നുവോ അതുപോലെ അവൻ ജനങ്ങളോട് സമീപിക്കട്ടെ" (ബുഖാരി).

മറ്റുള്ളവരുടെ സഹായം പ്രതീക്ഷിച്ചും ആരെയും സഹായിക്കാതെയും സ്വാർഥമതികളായി ജീവിക്കുന്നവർ ഈ പ്രവാചക വചനം ഓർക്കുക. സ്വർഗപ്രവേശം സാധ്യമാകണമെങ്കിൽ അന്യരിൽനിന്ന് തങ്ങൾ പ്രതീക്ഷിക്കുന്നതെന്തോ അത് അവർക്കും നൽകുവാൻ തയ്യാറാവുക, അഥവാ പരസ്പര സഹായ സഹകരണത്തോടെ ജീവിക്കുക.

ശമീർ മദീനി
shameermadeeni@gmail.com



# ദയാലുവായ പ്രവാചകൻ

**"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (ക്വുർആൻ 9:128)**

**കാ**രുണ്യവാനായ സ്രഷ്ടാവ് വിവിധ കാലങ്ങളിലായി അനേകം പ്രവാചകന്മാരെ നിയോഗിച്ചയച്ചിട്ടുണ്ട്. മനുഷ്യന് നന്മയുടെയും ധർമത്തിന്റെയും പാത കാണിച്ചുകൊടുക്കുവാനും ആ സന്മാർഗപാതയിലൂടെ സഞ്ചരിക്കുന്നവർക്ക് വരാനിരിക്കുന്ന നേട്ടങ്ങളെ കുറിച്ച് സന്തോഷവാർത്തയറിയിക്കാനും അവർ ശ്രദ്ധിച്ചു. അവർ തിന്മകളെയും അധർമങ്ങളെയും വിലക്കുകയും അത്തരം അപകടകരങ്ങളായ പാതയിലൂടെ സഞ്ചരിക്കുന്നവർക്ക് വന്ന് ഭവിക്കാൻ പോകുന്ന ശിക്ഷയെ കുറിച്ച് മുന്നറിയിപ്പു നൽകുകയും ചെയ്തു.

ആദം നബി(عليه السلام) മുതൽ മുഹമ്മദ് നബി(ﷺ) വരെ നീണ്ടുനിൽക്കുന്ന പ്രസ്തുത പ്രവാചകശൃംഖലയിലെ ഓരോരുത്തരും മനുഷ്യരിലെ അത്യുന്നതരായ മാതൃകാപുരുഷന്മാരായിരുന്നു. മുൻപ്രവാചകന്മാർ ഏതെങ്കിലും പ്രത്യേക കാലങ്ങളിലേക്കും പ്രത്യേക സമൂഹങ്ങളിലേക്കുമാണ് നിയുക്തരായിരുന്നത് എങ്കിൽ മുഹമ്മദ് നബി(ﷺ) ലോകാവസാനം വരെയുള്ള സർവരിലേക്കുമായി നിയോഗിക്കപ്പെട്ട ദൈവദൂതനാണ്. അല്ലാഹു പറയുന്നു: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ.) അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ. നിങ്ങൾ നേർമാർഗം പ്രാപിക്കാം"(7:158).

മുഹമ്മദ് നബി(ﷺ)യുടെ ജീവിതം പോലെ മനുഷ്യചരിത്രത്തിൽ മറ്റൊരാളുടെയും വാക്കുകളും പ്രവൃത്തികളും പെരുമാറ്റങ്ങളും ഇത്രയും സൂക്ഷ്മവും വിശദവുമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. പ്രവാചകൻ(ﷺ)യുടെ വാക്കുകളും പ്രവൃത്തികളും അംഗീകാരങ്ങളുമടങ്ങുന്ന സുന്നത്ത് (നബിചര്യ) രേഖപ്പെടുത്തപ്പെട്ട പോലെ കണിശവും സൂക്ഷ്മവും ശാസ്ത്രീയവുമായ ഒരു ചരിത്രരേഖയും മാനവരുടെ വൈജ്ഞാനികശേഖരങ്ങളിലൊന്നും ഇല്ലായെന്നതും അത്ഭുതകരമായ വസ്തുതയാണ്. ഹദീഥ് വിജ്ഞാനത്തിന്റെ സൂക്ഷ്മതലങ്ങൾ മനസ്സിലാക്കുന്ന ഏതൊരു ചരിത്രവിദ്യാർഥിയും അത്ഭുതപ്പെടാതിരിക്കില്ല. ആയിരത്തിനാന്നൂറിലധികം വർഷങ്ങൾക്കപ്പുറത്ത് നടന്ന സംഭവങ്ങളും സംസാരങ്ങളും അതുല്യമായ മാർഗത്തിലൂടെയാണ് ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ എതിരാളികൾ പോലും ഹദീഥ് നിദാനശാസ്ത്രത്തിന്റെ അജയ്യതക്കു മുമ്പിൽ നമ്രശിരസ്കരായിട്ടുണ്ട്.

മുൻവേദങ്ങൾ സന്തോഷവാർത്തയറിയിച്ച, സർവരിലേക്കുമായി നിയുക്തനാവുകയും ചെയ്ത അന്ത്യപ്രവാചകൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ ആ രൂപത്തിൽ നിലനിൽക്കേണ്ടതും ആവശ്യമാണ്.

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ." (7:157).

തയ്യാറാക്കിയത്: സ്റ്റാഫ് പ്രതിനിധി

# അബ്ദുൽ ഹഖ് സുല്ലമി ആമയൂർ
# വിനയം അലങ്കാരമാക്കിയ പണ്ഡിതൻ

ഇസ്‌ലാഹി തറവാട്ടിലെ ഒരു പണ്ഡിതവര്യൻ കൂടി അല്ലാഹുവിന്റെ അലംഘനീയമായ വിധിക്ക് കീഴ്‌പെട്ടിരിക്കുന്നു. ഹഖ് എന്താണെന്ന് യുവത്വത്തിൽ തന്നെ മനസ്സിലാക്കാനും ഹഖിന്റെ മാർഗത്തിൽ അവസാനംവരെ നിലകൊള്ളാനും സാധിച്ച അബ്ദുൽ ഹഖ് സുല്ലമി ഇന്ന് പ്രകാശം പരത്തുന്ന ഓർമയായി മാറിയിരിക്കുന്നു.

ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വെളിച്ചം എത്തിയിട്ടില്ലാത്ത പ്രദേശമായിരുന്നു പട്ടാമ്പിയും പരിസര പ്രദേശങ്ങളും. അതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല ആമയൂർ എന്ന പ്രദേശവും. പിതാവ് മുഹമ്മദ് മാസ്റ്റർ ചെറുപ്പം മുതലേ അബ്ദുൽ ഹഖ് സുല്ലമിയുടെ മതപഠന വിഷയത്തിൽ ശ്രദ്ധിച്ചു. പിതാമഹൻ വീരാൻ മുസ്‌ല്യാരും ഒരു പണ്ഡിതനായിരുന്നു. അബ്ദുൽ ഹഖ് സുല്ലമി സുല്ലമുസ്സലാമിൽ പഠിച്ചിരുന്ന കാലത്ത് പിതാവ് മുഹമ്മദ് മാസ്റ്ററായിരുന്നു ആമയൂരിലെ സമസ്തയുടെ കീഴിലുള്ള പള്ളിയിലെ ഖത്വീബ്. സുല്ലമുസ്സലാമിൽ നിന്ന് പഠനം പൂർത്തിയാക്കി വന്ന ശേഷം അതേ മിമ്പറിൽ കയറി മലയാളത്തിൽ ഖുതുബ പറഞ്ഞതോടെ പിതാവിന്റെ ഖത്വീബ് സ്ഥാനം നഷ്ടപ്പെട്ടു. അപ്പോഴേക്കും അദ്ദേഹവും തൗഹീദ് മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അതിന് മുമ്പ് വാപ്പയുടെ കൂടെ സുല്ലമിയും മൗലൂദിനും മറ്റും പോകാറുണ്ടായിരുന്നു.

സുല്ലമി ആമയൂരിൽ പ്രവർത്തനം തുടങ്ങുമ്പോൾ അവിടെ പള്ളിയോ മദ്‌റസയോ ഉണ്ടായിരുന്നില്ല. വ്യക്തികളെ കണ്ട് സംസാരിച്ച് അവരുടെ വീട്ടുമുറ്റത്തു വെച്ച് ക്വുർആൻ ക്ലാസ്സുകൾ സംഘടിപ്പിക്കും. അയൽവാസികളെ പങ്കെടുപ്പിക്കും. അങ്ങനെ തൗഹീദിന്റെ വെള്ളിവെളിച്ചം അവിടെയും പരന്നു. മദ്‌റസക്ക് തുടക്കം കുറിച്ചു. പള്ളിയുണ്ടാക്കി. 35 വർഷം കഴിഞ്ഞു ആമയൂരിലെ സലഫി പള്ളിയുടെ നിർമാണം കഴിഞ്ഞിട്ട്. പള്ളിയുടെയും മദ്‌റസയുടെയും വളർച്ചയിൽ സുല്ലമിയുടെ പങ്ക് നിസ്തുലമാണ്. പെരുമുടിയൂർ ഹൈസ്‌കൂളിൽ ഷിഫ്റ്റ് സംവിധാനമായിരുന്നു അക്കാലത്ത്. ഉച്ചക്ക് 12 മണിക്ക് സ്‌കൂൾ വിട്ടാൽ ആമയൂരിലേക്ക് ഓടിവരും. അന്ന് ആമയൂർ സെന്ററിൽ നിന്ന് പള്ളിയുള്ള സ്ഥലത്തേക്ക് വാഹന സൗകര്യമുണ്ടായിരുന്നില്ല. മൂന്ന് കിലോമീറ്റർ നടക്കണം. 18 വർഷത്തോളം ശമ്പളം വാങ്ങാതെ ഖത്വീബായി തുടർന്നു. സ്‌കൂളിൽ നിന്ന് ഷിഫ്റ്റ് സംവിധാനം എടുത്ത് മാറ്റിയപ്പോഴാണ് ആമയൂർ പള്ളിയിൽ വേറെ ഖത്വീബിനെ നിശ്ചയിക്കുന്നത്.

സുല്ലമി തന്റെ ജീവിതം ഇസ്‌ലാഹീ പ്രസ്ഥാനത്തിന് വേണ്ടി മാറ്റിവെച്ചു എന്ന് പറയുന്നതിൽ അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല. പ്രഭാഷണങ്ങളും മീറ്റിംഗുകളും കഴിഞ്ഞ് രാത്രി പന്ത്രണ്ട് മണിക്കുശേഷമൊക്കെയാണ് അദ്ദേഹം മിക്ക ദിവസങ്ങളിലും വീടണഞ്ഞിരുന്നത്. നേരം പുലർന്നാൽ വീണ്ടും സ്‌കൂളിലേക്ക്. അത് കഴിഞ്ഞാൽ നേരെ കരിങ്ങനാട് സലഫിയ്യയിലേക്ക്. സലഫിയ്യ സ്ഥാപനങ്ങൾ സുല്ലമിക്ക് ജീവനായിരുന്നു. സുഖമില്ലാതായിട്ട് പോലും സലഫിയ്യയിൽ ഇടക്കിടക്ക് പോയിരുന്നു. സലഫിയ്യയുടെ ഇന്ന് കാണുന്ന കെട്ടിടങ്ങളും വലിയ ലൈബ്രറിയും റോഡരികിൽ തലയുയർത്തിനിൽക്കുന്ന പള്ളിയും സുല്ലമി വിദേശ രാജ്യങ്ങളിൽ ഓടി നടന്ന് ഉണ്ടാക്കിയതാണ്.

ഇസ്‌ലാഹീ പ്രസ്ഥാനത്തിൽ 2012 ൽ ഉണ്ടായ ഭിന്നത സുല്ലമിയെ വല്ലാതെ വേദനിപ്പിച്ചു. പ്രസ്ഥാനത്തിന്റെ അവസ്ഥ പറഞ്ഞ് പലപ്പോഴും അദ്ദേഹം കരയാറുണ്ടായിരുന്നു. തുണയാരുമില്ലാത്ത ലോകത്തേക്ക് യാത്രയായ സുല്ലമിക്ക് തന്റെ ഈ അധ്വാനങ്ങളെല്ലാം പ്രതിഫലമായി കൂട്ടിനുണ്ടാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. ദീനീ രംഗത്ത് പ്രവർത്തിക്കുന്ന മ

ക്കൾ സുല്ലമിയുടെ ഏറ്റവും വലിയ സമ്പാദ്യമാണ്. അന്യായമായ ഒന്നും സമ്പാദിക്കരുതെന്ന് അദേഹം ഇടയ്ക്കിടെ മക്കളെ ഉപദേശിക്കാറുണ്ടായിരുന്നു.

മൂത്ത മകൻ ഫദ്‌ലുൽ ഹഖ് ഉമരി സുല്ലമി എഴുതിവെച്ച വസ്വിയ്യത്തിൽ വാചകങ്ങൾ പറഞ്ഞത് ഇവിടെ കുറിക്കട്ടെ: "നമുക്ക് ഒരു സംസ്‌കാരമുണ്ട്. അത് കൈവെടിയരുത്. നമ്മുടെ ആദർശമായ ക്വുർആനും സുന്നത്തും എന്നും മുറുകെ പിടിച്ച് ജീവിക്കണം. പരസ്പരം സ്‌നേഹത്തിൽ കഴിയണം. ഭിന്നിക്കരുത്. ഉമ്മാനെ നേരെ നോക്കണം. മക്കളെ മതചിട്ടയിൽ വളർത്തണം. പള്ളിയും മദ്‌റസയും പരിപാലിക്കണം. നമ്മുടെ സംസ്‌കാരത്തിന് ചേരാത്ത പ്രവർത്തികൾ ചെയ്യരുത്..."

പണ്ഡിതനായ പിതാവിൽനിന്നും മതകാര്യങ്ങൾ പഠിക്കാൻ അദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. 'ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ എന്റെ ഉപ്പ പ്രാഥമിക കിതാബുകളെല്ലാം എന്നെ പഠിപ്പിച്ചിരുന്നു. സുല്ലമുസ്സലാമിലെ അവധിക്കാലത്ത് വീട്ടിലേക്ക് വന്നാൽ ഇനിയെടുക്കാനിരിക്കുന്ന ക്വുർആനിലെയും ഹദീഥിലെയും ഭാഗങ്ങൾ കൂടി ഉപ്പ എന്നെ പഠിപ്പിക്കുമായിരുന്നു' എന്ന് ഒരു അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാകിയത് ഓർക്കുകയാണ്.

എഴുത്ത് സുല്ലമിക്ക് ഒരു ഹരമായിരുന്നു. ഇസ്‌ലാമിക വിഷയങ്ങളിൽ അഗാധപാണ്ഡിത്യവും രചനാപാടവവുമുള്ള സുല്ലമി ഇമാം ബുഖാരിയുടെ സ്വഹീഹുൽ ബുഖാരിയുടെ പരിഭാഷ നിർവഹിച്ചിട്ടുണ്ട്. കാരുണ്യത്തിന്റെ തിരുദൂതൻ, വിടർന്ന പൂക്കൾ, സീനാ താഴ്‌വരയിൽ, മുആവിയത്തുബ്‌നു അബീ സുഫ്‌യാൻ തുടങ്ങിയ ധാരാളം ഗ്രന്ഥങ്ങളുടെ രചയിതാവാണ്. അസുഖം തുടങ്ങിയിട്ടും പലതും എഴുതിയിട്ടുണ്ട്. ചിലത് പകുതിയായി ഇരിപ്പുണ്ട്. ഖാലിദ്ബ്‌നു വലീദ്‌ﷺ എന്ന ചരിത്ര ഗ്രന്ഥം വിസ്ഡം ബുക്‌സിന്റെ പണിപ്പുരയിലാണ്. മുക്കാൽ ഭാഗം എഴുതിത്തീർത്ത ഈ പുസ്‌കത്തിന്റെ പൂർത്തീകരണം നിർവഹിച്ചത് മകൻ ഫദ്‌ലുൽ ഹഖ് ഉമരിയാണ്. 'ക്വുദ്‌സിയായ ഹദീഥുകൾ' എന്ന ഗ്രന്ഥം പകുതി എഴുതിവെച്ചതാണ്. ബാക്കി ഭാഗം ഉമരി എഴുതിക്കൊണ്ടിരിക്കുന്നു. മക്കളൊക്കെ ഉറങ്ങിയാലും രാത്രി ഒരുമണിവരെയൊക്കെ ഇരുന്ന് പുസ്തകം എഴുതാറുണ്ടെന്ന് മകൻ ഉമരി പറയുന്നു. അദ്ദേഹവും ഇന്ന് ആ വഴിയിൽ തന്നെയാണുള്ളത്.

മാതൃകാ അധ്യാപകനായി അറിയപ്പെടുന്ന അബ്ദുൽ ഹഖ് സുല്ലമി രാഷ്ട്രപതിയിൽനിന്ന് 2005-ൽ ദേശീയ അധ്യാപക പുരസ്‌കാരം ഏറ്റുവാങ്ങിയിട്ടുണ്ടെന്ന കാര്യം അധികമാർക്കും അറിയില്ല. പട്ടാമ്പി ഓറിയന്റൽ ഹൈസ്‌കൂളിൽ നിന്നാണ് റിട്ടയർ ചെയ്തത്. മാതൃകാ അധ്യാപകൻ എന്നതിലുപരി സർവസമ്മതനായ മാതൃകാ വ്യക്തിത്വമായിരുന്നു സുല്ലമി. സ്വന്തം നാടും നാട്ടുകാരുമായും ബന്ധംപുലർത്താതിരിക്കുകയും നാട്ടുകാർക്കിടയിൽ മതിപ്പില്ലാത്തവരുമായ പണ്ഡിതന്മാരിൽനിന്ന് വ്യത്യസ്തനായിരുന്നു സുല്ലമി. അദ്ദേഹം ജാതിമത സംഘടനാ വ്യത്യാസമില്ലാതെ എല്ലാവരാലും ആദരിക്കപ്പെട്ട പണ്ഡിതശ്രേഷ്ഠനായിരുന്നു. അൽപം അറിവ് ലഭിക്കുമ്പോഴേക്കും മഹാപണ്ഡിതനെന്ന തലക്കനവുമായി നടക്കുന്നവർക്ക് സുല്ലമിയുടെ ലളിതവും വിനയാന്വിതവുമവയ ജീവിതത്തിൽനിന്നും ധാരാളം പഠിക്കാനുണ്ട്.

ഒന്നിനും സമയം തികയുന്നില്ല എന്ന് പറയുന്നവർക്ക് സുല്ലമിയുടെ ഈ ജീവിതം എന്നും പാഠമാണ്. ഇതൊക്കെയാണ് മരണശേഷം ഉപകാരപ്പെടുക എന്ന സത്യം നാം വിസ്മരിക്കരുത്.

ദീർഘകാലം കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്‌വത്തുൽ മുജാഹിദീൻ എന്നിവയുടെ നിർവാഹക സമിതി അംഗമായിരുന്നു. കേരള ജംഇയ്യത്തുൽ ഉലമ ഫത്‌വ ബോർഡ് അംഗമായും വളരെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പട്ടാമ്പി കരിങ്ങനാട് ജംഇയ്യതുസ്സലഫിയ്യ ചാരിറ്റബ്ൾ സൊസൈറ്റി ജനറൽ സെക്രട്ടറി, ആമയൂർ കിഴക്കെക്കര മഹല്ല് പ്രസിഡണ്ട്, ലജ്‌നത്തുൽ ബുഹൂഥുൽ ഇസ്‌ലാമിയ്യ ഉപദേശക സമിതി അംഗം, ജാമിഅ: അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ അഡ്വൈസറി ബോർഡ് അംഗം, വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ഉപദേശക സമതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു.

സർവശക്തൻ ആ മഹാപണ്ഡിതന്റെ ക്വബ്‌റിനെ പ്രകാശപൂരിതമാക്കി കൊടുക്കുമാറാകട്ടെ.

### അബ്ദുൽ ഹഖ് സുല്ലമിയുടെ കൃതികൾ

1. വിടർന്ന പൂക്കൾ
2. സംശയനിവാരണം
3. ഇസ്‌ലാമിന്റെ സവിശേഷതകളിൽ നിന്ന്
4. വിശുദ്ധ ഖുർആൻ ദുർവ്യാഖ്യാന പ്രവണതകൾ
5. സീനാ താഴ്‌വരയിൽ
6. അന്ത്യപ്രവാചകത്വം പൂർവ്വ വേദങ്ങളിൽ
7. ദിനചര്യ: പ്രവാചകമാതൃക
8. മാർഗദീപങ്ങൾ
9. വിശ്വാസദർശനം
10. കർമ്മശാസ്ത്രം
11. ധർമ്മവും സംസ്‌കാരവും
12. പുണ്യ ഹജ്ജ്: ചിത്രസഹിത വിശദീകരണം
13. നമസ്‌കാരം: ശ്രേഷ്ഠമായ ആരാധന
14. മദീനയും മസ്ജിദുന്നബവിയും
15. ഹദീഥ് ക്രോഡീകരണത്തിൽ സ്ത്രീകളുടെ പങ്ക്
16. കാരുണ്യത്തിന്റെ തിരുദൂതൻ
17. അബൂസുഫ്‌യാൻﷺ
18. അംറുബ്‌നുൽ ആസ്ﷺ
19. വിശ്വാസകാര്യങ്ങൾ അല്ലാഹു
20. ഇസ്‌ലാമിക കർമ്മശാസ്ത്ര ചരിത്രം
21. നമസ്‌കാരം ലഘുപരിചയം
22. മയ്യിത്ത് സംസ്‌കരണം
23. സ്വഹീഹ് മുസ്‌ലിം പരിഭാഷ (പങ്കാളിത്തം)
24. മുഖ്തസറുൽ ബുഖാരി പരിഭാഷ (2 വാള്യങ്ങൾ)
25. എന്തുകൊണ്ട് സലഫി മൻഹജ്?

കരുവള്ളി മുഹമ്മദ് മൗലവി
mail@nerpatham.com

# ഓർമയിലെ പെരുന്നാൾ

ഇത്രയൊന്നും പരിഷ്‌കാരവും സൗകര്യങ്ങളും ഇല്ലാത്ത ഇന്നലെകളെപ്പറ്റി ഓർക്കുമ്പോൾ ഇന്ന് സമൂഹത്തിനുണ്ടായ സൗകര്യങ്ങളും അറിവും വികാസവുമെല്ലാം കൊണ്ട് മനുഷ്യന്റെ പെരുമാറ്റ-സ്വഭാവ രീതികളിൽ എന്ത് മാറ്റമുണ്ടായി എന്ന് ആലോചിച്ചു പോകുകയാണ്. ഇന്നത്തേതിന്റെ പത്തിലൊന്നു പോലും പുരോഗമനാവസ്ഥയില്ലാത്ത അക്കാലത്ത് മനുഷ്യന്റെ മനസ്സ് ഇന്നത്തേതിനെക്കാൾ എത്രയോ ശുദ്ധമായിരുന്നു. ഒരുമയും സ്‌നേഹവും ദയയും ജാതി മത വ്യത്യാസമില്ലാതെ എല്ലാവർക്കുമുണ്ടായിരുന്നു.

പിന്നീട് പല മാറ്റവും ഇവിടെ വന്നു. പഴയ നോമ്പ് കാലത്തെപ്പറ്റി ഓർമവരുന്നു. ശഅ്ബാൻ ഇരുപത്തൊമ്പതായാൽ വൈകുന്നേരം ജനങ്ങൾ കുന്നിൻപുറത്തും കടൽ തീരത്തും മാസം കാണാൻ നിൽക്കും. ആരെങ്കിലുമൊക്കെ മാസപ്പിറവി കാണും. പിന്നെ ഖാദിമാർ അത് സ്വീകരിക്കണം. തോട്ടിന്റെക്കര നോമ്പ്. ഇക്കരെ നോമ്പില്ല. ഇങ്ങനെ വിവിധ മഹല്ലുകളുടെ തീരുമാനമനുസരിച്ച് വ്യത്യാസങ്ങൾ. ചിലപ്പോൾ രാവിലെ ഏഴ് മണിക്കൊക്കെ മാസമുറപ്പിക്കുന്ന അവസ്ഥയുണ്ടാകും! പെരുന്നാളിന്റെയും സ്ഥിതി ഇതുതന്നെ. കൂവൽ കേട്ടാൽ ജനങ്ങൾ ഫിത്വ്ർ സതാത്തിനുവേണ്ടി ചൂട്ടുംകത്തിച്ച് പാതിരവരെ സമ്പന്ന വീടുകളിൽ ഓടി നടക്കും. എല്ലാവർക്കും പെരുന്നാൾ വസ്ത്രം കാണും. മറ്റുകാലങ്ങളിൽ കീറിപ്പറിഞ്ഞ ഉടുപ്പുകളാണെങ്കിലും പെരുന്നാളിന് അധിക പേർക്കും പുത്തനുണ്ടാവും. പരുഷന്മാർക്ക് വെള്ളത്തുണിയും മേൽമുണ്ടുമാണധികം. കുപ്പായം ധരിക്കുന്നവർ ചുരുക്കം. കരവെച്ച തുണി ധരിക്കുന്നത് പോലും മതവിരുദ്ധം എന്നായിരുന്നു പൊതുധാരണ.

ആണുങ്ങളെല്ലാം മൊട്ടയടിക്കും. സമ്പന്നരുടെ വീട്ടിലേക്ക് ബാർബർമാർ ചെല്ലണം. എന്നാൽ സാധാരണക്കാർ ബാർബറുടെ വീട്ടിലേക്ക് ചെല്ലണം. പുരുഷന്മാർ മുടിവളർത്തുന്നത് 'കുറ്റം'കിട്ടുന്ന കാര്യമായിരുന്നു. എന്നാൽ, മമ്പുറത്തേക്കും മറ്റും മുടിവളർത്താൻ നേർച്ചയാക്കുന്ന പതിവുണ്ടായിരുന്നു! വിവാഹ ദിവസം പുതിയാപ്പിള മുടിവളർത്തുന്ന ആളായതിനാൽ നിക്കാഹ് മുടങ്ങിയ സംഭവങ്ങളുണ്ടായതായി കേട്ടിട്ടുണ്ട്. പീടികത്തിണ്ണയിലിരുന്നു മുടിയും താടിയും കക്ഷവും വടിച്ചു കൊടുക്കുന്നത് കാണാമായിരുന്നു. മുതിർന്ന സ്ത്രീകളുടെ സമ്പന്ന വേഷം കറുത്ത പല്ലുള്ള സൂപ്പ് തുണിയും കൈകൊണ്ട് തുന്നിയ കുപ്പായവും. ചെറുപ്പക്കാരായ സ്ത്രീകൾ വെള്ളക്കാച്ചിയും കളർ കുപ്പായവും. കസവുതട്ടമാണ് തലമറക്കാൻ. മുതിർന്ന പുരുഷന്മാർ മാത്രം പെരുന്നാൾ നമസ്‌കാരത്തിനു പള്ളിയിൽ പോകും. ജനങ്ങൾ പൊതുവെ പട്ടിണി തീർന്ന് ആഹാരം കഴിക്കുന്ന ദിവസം പെരുന്നാളാണ്. തേങ്ങാചോറ്, കറി എന്ന് വിളിച്ചിരുന്ന ഒരു ഇനം പായസം, മാട്ടിറച്ചി എന്നിവയാണ് പെരുന്നാൾ വിഭവം. അപൂർവം ചില വീടുകളിൽ മാത്രം കോഴിയെ അറുത്ത് കറിയുണ്ടാക്കും. മാംസക്കറികളുണ്ടാക്കിയാൽ അയൽപക്കത്തെ വീടുകളിലേക്കും കൊടുത്തയക്കും.

പുല്ലുമേഞ്ഞ മേൽക്കുരയുള്ള മൺവീടുകൾ, കരിതേച്ച നിലം, വിസർജനം പറമ്പുകളിൽ... ഇങ്ങനെയൊക്കെയുള്ള ഒരു ദരിദ്രകാലം നമുക്ക് കഴിഞ്ഞുപോയി. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണെങ്കിൽ ഇതിലേറെ പരിതാപകരമായിരുന്നു അവസ്ഥ! ഒരു കത്തെഴുതാൻ ഗ്രാമത്തിലെ മാഷന്മാരെ തേടിപ്പോകും. കത്തുവന്നാൽ വായിക്കാനും അവർ വേണം.

ഇങ്ങനെയൊക്കെയുള്ള കാലം എത്രപെട്ടന്നാണ് മാറിയത്! വിദേശത്തുള്ളവരെ നേരിൽ കണ്ട് സംസാരിക്കാൻ പറ്റുന്ന മൊബൈൽ ഫോൺ ഇന്ന് എല്ലാ വീടുകളിലുമുണ്ട് എന്ന് പറയാം. അറിവും പരിഷ്‌കാരവും സമ്പന്നതയും ഒക്കെ അല്ലാഹു നമുക്ക് തന്നിട്ടുണ്ട്. പക്ഷേ, അതിനനുസരിച്ചുള്ള നന്ദിയും സൂക്ഷ്മതയും അല്ലാഹുവിനോട് നാം കാണിക്കുന്നുണ്ടോ? എവിടെയും ഒരു മാതൃകാ പുരുഷനില്ലാത്ത ഒരു പതിത സമൂഹമായി നാം മാറിയിരിക്കുന്നു. അതിന്റെ ഫലമായി പലവിധത്തിലുള്ള നാശങ്ങളും നാട്ടിൽ വർധിച്ചു വരികയാണ്. പരസ്പര വിദ്വേഷവും പകയും ചേരിതിരിവുകളും മദ്യവും ലൈംഗിക അരാചകത്വവും സാമ്പത്തിക ക്രമക്കേടുകളുമെല്ലാം ദിനം പ്രതി വർധിച്ചു വരുന്നു. ഉപദേശിക്കേണ്ടവർക്കു പോലും അതിന്നർഹതയും വിശ്വാസവും നഷ്ടപ്പെട്ടിരിക്കുന്നു.

പഴയകാലത്തെ സമ്പ്രദായങ്ങളിലും സാമൂഹ്യക്രമങ്ങളിലും തിരുത്തേണ്ട പലതും ഉണ്ടായിരുന്നു. അറിവില്ലായ്മ മൂലം പല അനാചാരങ്ങളും അന്ന് നിലവിലുണ്ടായിരുന്നു. സാമൂഹ്യക്രമങ്ങളിലും തിരുത്തേണ്ട പലതും ഉണ്ടായിരുന്നു. അവയൊക്കെ ഒഴിവാക്കിക്കൊണ്ട്, അക്കാലത്തെ ലാളിത്യവും സാമൂഹ്യസ്‌നേഹവും അധ്വാനശീലവും നാം സ്വീകരിക്കണം. ഇക്കാലത്ത് നാം നേടിയ അറിവിന്റെ മേന്മകളും സൗകര്യങ്ങളും നാം ഉപയോഗപ്പെടുത്തുകയും വേണം. പ്രകാരത്തിലുള്ള ഒരു വീണ്ടുവിചാരത്തിന് നാം തയ്യാറാവുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

എ.വി. ഫിർദൗസ്
mail@nerpatham.com



# സംഘ്പരിവാറിന്റെ പണിപ്പുരയിൽ ഒരുങ്ങുന്നത്

ഗുജറാത്ത് വംശഹത്യക്കാലത്ത് സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോഡി കിരാതമായ ആ സംഭവ പരമ്പരകളോടു പുലർത്തിയ നിസ്സംഗതയും ഒരു പ്രത്യേക മതവിഭാഗത്തെ ഉൽമൂലനം ചെയ്യാനുള്ള സംഘപരിവാറിന്റെ ആസൂത്രിത ശ്രമങ്ങൾക്ക് നൽകിയ പിന്തുണയുമാണ് ഇന്ത്യയിലെ മതേതര ബോധമുള്ളവർക്കും ബഹുസ്വരതയെ മാനിക്കുന്നവർക്കുമിടയിൽ അദ്ദേഹം അനഭിമതനാക്കിയത്. ഒരു ആർ. എസ്. എസ്സുകാരൻ മന്ത്രിയായാൽ എന്തൊക്കെ സംഭവിക്കാനിടയുണ്ടോ അതെല്ലാമാണ് മോഡിയുടെ ഗുജറാത്ത് ഭരണകാലത്ത് അവിടെ സംഭവിച്ചത്. ഇത്തരത്തിൽ ഒരു വ്യക്തി ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിലേക്ക് കാലെടുത്തുവെക്കുമ്പോൾ സ്വാഭാവികമായി ഉയർന്നുവരുന്ന എതിർപ്പുകളാണ് മോഡിയുടെ പ്രധാനമന്ത്രി സ്ഥാനാർഥിത്വത്തിനെതിരെ ഉയർന്നത്.

മതനിരപേക്ഷ ഇന്ത്യൻ സമൂഹത്തിലുള്ള അമിതമായ വിശ്വാസം കാരണം പലരും അന്ന് വിചാരിച്ചിരുന്നത് മോഡി ഇന്ത്യയുടെ പ്രധാനമന്ത്രിയായി വരില്ല എന്നുതന്നെയാണ്. എന്നാൽ ആ വിചാരഗതിയെ തകർത്തുകൊണ്ട് ഇന്ത്യൻ ജനാധിപത്യത്തിൽ മോദിക്കനുകൂലമായ വലിയ അട്ടിമറികൾ നടന്നു. തീർച്ചയായും 2014ൽ നരേന്ദ്ര മോഡിയെ പ്രധാനമന്ത്രി പദവിയിലെത്തിച്ച ബി.ജെ.പിയുടെ തിരഞ്ഞെടുപ്പു വിജയക്കുതിപ്പിൽ ഇന്ത്യയിലെ പാരമ്പര്യ മതേതര പാർട്ടികളിൽ നി

ന്നുണ്ടായ വോട്ടുചോർച്ചക്ക് വലിയ പങ്കുണ്ട്. പതുക്കെ പ്പതുക്കെ വളർന്നുവരികയായിരുന്ന സംഘ്പരിവാർ ഫാസിസ്റ്റ് രാഷ്ട്രീയത്തിന് പെട്ടെന്നുള്ള ഒരു കുതിപ്പ് സാധ്യമാക്കുന്നതിൽ ഇന്ത്യയിലെ ജീർണ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വലിയ പങ്കുവഹിക്കുകയുണ്ടായി എന്ന സത്യത്തിന് ഇന്ന് ഇന്ത്യയിലാരെയും ഞെട്ടിക്കാനുള്ള ശേഷിയില്ല.

വർഗീയ രാഷ്ട്രീയത്തിന്റെ ഒന്നാന്തരം പ്രതിനിധിതന്നെയായ നരേന്ദ്ര മോഡി വികസന രാഷ്ട്രീയത്തിന്റെ സൂര്യഗായത്രി ജപിച്ചുകൊണ്ടാണ് പിന്നീട് പ്രത്യക്ഷപ്പെട്ടത്. കൃത്യമായ വംശീയ അജൻഡകളുള്ള സംഘ്പരിവാറിന്റെ ആദർശ നയങ്ങളിൽ നിന്ന് ഈ പ്രധാനമന്ത്രി മാറി സഞ്ചരിക്കുന്നു എന്ന തോന്നലുണ്ടാക്കാൻ മോഡിക്കു കഴിഞ്ഞു. ഭരണം കിട്ടിയാൽ ബി.ജെ.പി അതിന്റെ വർഗീയ സ്വഭാവത്തിൽ നിന്നു മാറുമെന്ന ഒരു മുൻവിധി പുലർത്തുന്ന ചിലരും ഇന്ത്യയിലുണ്ടായിരുന്നു. വർഗീയതയുടെ പേരിൽ മോഡിയെ ക്രൂശിക്കാനാവില്ല എന്ന വാദക്കാരായ അവർ ഇന്ന് നിശ്ശബ്ദരാണ്. ലോക രാജ്യങ്ങൾ ഓരോന്നായി സന്ദർശിക്കുന്ന മോഡിയെ വിദേശങ്ങളിൽ ഇന്ത്യയുടെ യശസ്സുയർത്തിയ പ്രധാനമന്ത്രിയെന്നു സ്തുതിക്കുവാൻ നിഷ്പക്ഷമതികളെന്ന് സ്വയം കരുതിവന്ന പലരും രംഗത്തുവന്നു. സംഘ്പരിവാർ രാഷ്ട്രീയ ശക്തിക്ക് ഇന്ത്യൻ മാധ്യമങ്ങളിൽ ചെലുത്തുവാൻ കഴിഞ്ഞ സ്വാധീനം ഇത്തരം സ്തുതി വായ്ത്താരികളെ ദേശമെങ്ങും വ്യാപിപ്പിക്കുകയും ചെയ്തു.

മോഡി സർക്കാർ അതിന്റെ മൂന്നുവർഷം പൂർത്തിയാക്കുമ്പോൾ ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നത് മോഡിക്ക് അനുകൂലമായി ചിന്തിക്കുന്നവർക്ക് മുൻതൂക്കമുള്ള അവസ്ഥയാണ്. ഫാസിസ്റ്റ് രാഷ്ട്രീയത്തിനെതിരായ പ്രതിശബ്ദങ്ങൾ ദുർബലമാക്കപ്പെടുകയും രാഷ്ട്രീയ പാർട്ടികൾ മോഡിപ്രഭാവത്തിന്റെ വ്യാജ വെൺമകൾക്കു മുന്നിൽ അമ്പരന്നു നിൽക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ കാഴ്ച. മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി വ്യാജ പ്രതീതികൾ സൃഷ്ടിക്കുന്നതിൽ മോഡി സംഘത്തിനുള്ള മിടുക്ക് വിജയം കാണുകയും ജനതയിൽ സ്വാധീനം ചെലുത്തുകയും ചെയ്തിരിക്കുന്നു. മതേതര പ്രതിരോധത്തിന്റെ രാഷ്ട്രീയ വക്താക്കളെന്നു കരുതപ്പെട്ടുവന്ന പ്രസ്ഥാനങ്ങളും അവരുടെ നേതാക്കളും ഇന്ന് നിശ്ചേഷ്ടരായിക്കഴിഞ്ഞിരിക്കുകയാണ്.

രാജ്യമെങ്ങും ഒരു മൂടൽ മഞ്ഞ് പരന്നതുപോലെയാണ്. ഈ മൂടൽ മഞ്ഞിനിടയിൽ മോഡിയും സംഘവും ഇന്ത്യൻ സംസ്ഥാനങ്ങൾ ഓരോന്നായി പിടിച്ചടക്കിക്കൊണ്ടിരിക്കുന്നു. ജനതയെ ഒന്നായിക്കാണുന്ന ഒരാളാണ് താൻ എന്നു വരുത്തിത്തീർക്കുവാനുള്ള മോഡിയുടെ വർണവെടിക്കെട്ടുകളും ഈ മൂടൽ മഞ്ഞിനിടയിലൂടെ മിന്നിത്തിളങ്ങുന്നുണ്ട്. എന്നാൽ ഇന്ത്യയെ കാത്തിരിക്കുന്ന ദുരന്തങ്ങളും മാനഹാനികളുമെല്ലാം പ്രവചനാതീതങ്ങളെങ്കിലും അവ തീർച്ചയായും വിപൽക്കരങ്ങൾ തന്നെയായിരിക്കും എന്നതിന്റെ സൂചനകൾ വേണ്ടത്ര ലഭ്യവുമാണ്. ഗോൾവാൾക്കർ വിഭാവന ചെയ്ത വംശീയസ്വത്വമുള്ള രാഷ്ട്രം എന്ന തലത്തിലേക്ക് ഇന്ത്യയെ എത്തിക്കുവാനുള്ള സംഘ്പരിവാരിന്റെ ശ്രമങ്ങൾ അവരുടെ പണിപ്പുരയിൽ രൂപപ്പെട്ടു വരുന്നുണ്ട്. രാജ്യത്തിന്റെ ബഹുസ്വര ചരിത്രത്തെയും സമന്വയ ഭൂതകാലങ്ങളെയും മായ്ച്ചുകളഞ്ഞ് പരിപൂർണമായി ഫാസിസ്റ്റ് മുഖഛായകളുള്ള ചരിത്രവും ഭൂതകാലവും അടിച്ചേൽപിക്കുക എന്നത് ഗോൾവാൾക്ക റിസ്റ്റുകൾ വിഭാവനം ചെയ്യുന്ന ഹിന്ദുരാഷ്ട്ര നിർമിതിയുടെ ഒരു ഭാഗം മാത്രമാണ്.

ചരിത്രത്തിലെ സമന്വയബിന്ദുക്കളെയും ബഹുസ്വര സ്വത്വസാന്നിധ്യങ്ങളെയും നിലനിർത്തിക്കൊണ്ട് രാഷ്ട്രത്തിന്റെ പൂർണമായ ഹിന്ദുത്വവൽക്കരണം അസാധ്യമാണ് എന്നവർക്കറിയാം. ചെറിയ ചെറിയ വ്യാഖ്യാനങ്ങളിലും വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിലെ അട്ടിമറികളും ഭരണനിർവഹണവുമായി ബന്ധപ്പെട്ട സംവിധാനങ്ങളിലെ സംഘാനുകൂലമായ പുനഃക്രമീകരണങ്ങളും വഴിയായി മോഡിയുടെ സർക്കാറും രാഷ്ട്രീയ സംഘവും നീങ്ങുന്നത് മതരാഷ്ട്രത്തിന്റെ യാഥാർഥീകരണത്തിലേക്കു തന്നെയാണ്. വളരെ നിശ്ശബ്ദമായ വിധത്തിൽ ഇന്ത്യയുടെ പൂർവവ്യവസ്ഥിതിയെയും സാമൂഹിക അവസ്ഥകളെയും ഹിന്ദുത്വ ഫാസിസത്തിന്റെ ദിശയിലേക്ക് കൊണ്ടുവരാനുള്ള യത്നങ്ങൾ സജീവമാണ്. സ്വാഭാവികമായും ചില ജനവിഭാഗങ്ങളും സവിശേഷ മത-സാമുദായിക സ്വത്വ വ്യതിരിക്തത പുലർത്തുന്നവരുമൊക്കെ സംഘ്പരിവാർ ലക്ഷ്യമാക്കുന്ന ഭാവിഹിന്ദുത്വ രാഷ്ട്രത്തിലെ അധികപ്പറ്റുകളായിരിക്കും.

ഏതെല്ലാം ജനവിഭാഗങ്ങളായിരിക്കും അത്തരം അധികപ്പറ്റുകൾ എന്ന് ഇതിനകം വളരെ കൃത്യമായിത്തന്നെ സംഘ്പരിവാർ അടയാളമിട്ടു വേർതിരിച്ചു നിർ



**ഫാസിസ്റ്റ് രാഷ്ട്രീയത്തിനെതിരായ പ്രതിശബ്ദങ്ങൾ ദുർബലമാക്കപ്പെടുകയും രാഷ്ട്രീയ പാർട്ടികൾ മോഡിപ്രഭാവത്തിന്റെ വ്യാജ വെൺമകൾക്കു മുന്നിൽ അമ്പരന്നു നിൽക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ കാഴ്ച. മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി വ്യാജ പ്രതീതികൾ സൃഷ്ടിക്കുന്നതിൽ മോഡി സംഘത്തിനുള്ള മിടുക്ക് വിജയം കാണുകയും ജനതയിൽ സ്വാധീനം ചെലുത്തുകയും ചെയ്തിരിക്കുന്നു. മതേതര പ്രതിരോധത്തിന്റെ രാഷ്ട്രീയ വക്താക്കളെന്നു കരുതപ്പെട്ടുവന്ന പ്രസ്ഥാനങ്ങളും അവരുടെ നേതാക്കളും ഇന്ന് നിശ്ശേഷരായിക്കഴിഞ്ഞിരിക്കുകയാണ്.**



ത്തിക്കഴിഞ്ഞിട്ടുണ്ട്. ഒന്നുകിൽ അവരെ രാജ്യത്തു നിന്ന് ആട്ടിയകറ്റുക, അതല്ലെങ്കിൽ അവരെ സംഘപരിവാര ഹിന്ദുത്വത്തിലേക്ക് ഘർവാപസി നടത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളും ആവിഷ്കരിക്കപ്പെട്ടുകഴിഞ്ഞു. ദളിതുകളും മതന്യൂനപക്ഷങ്ങളുമാണ് ഇങ്ങനെ അടയാള്ളമിട്ട് വെച്ചിരിക്കുന്ന ജനവിഭാഗങ്ങൾ. മതന്യൂനപക്ഷങ്ങളിൽ തന്നെ മുസ്‌ലിംകളെ പ്രത്യേകമായി ശ്രദ്ധിക്കുവാൻ സംഘ്പരിവാർ മിഷണറി ജാഗ്രത പുലർത്തിവരുന്നുണ്ട്. മോഡി അധികാരത്തിലിരുന്ന ഈ മൂന്ന് വർഷക്കാലമത്രയും ഇന്ത്യയിൽ അരങ്ങേറിയത് കഴിഞ്ഞ ആറുപതിറ്റാണ്ടുകളിൽ അരങ്ങേറിയിട്ടില്ലാത്തത്രയും ദളിത് പീഡനങ്ങളും മുസ്‌ലിംകൾക്കെതിരായ അതിക്രമങ്ങളുമാണ്. ഈ രണ്ട് ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ടതെന്തിനെയും പ്രശ്നവൽക്കരിക്കുക എന്നതാണ് സംഘ്പരിവാറിന്റെ തന്ത്രം. ദളിതുകൾ പശുവിന്റെ തോലുരിച്ചാൽ അത് ഗോനിന്ദയാണ് എന്നു പറയുവാൻ മുൻപതിറ്റാണ്ടുകളിലെ സംഘ് നേതാക്കൾ തയ്യാറായിരുന്നില്ല. എന്നാൽ ഇന്ന് അത്തരത്തിൽ വ്യാഖ്യാനിക്കേണ്ടത് സംഘ്പരിവാറിന്റെ ആവശ്യമാണ്. ഇന്ത്യയിലെ സവർണ ജനവിഭാഗങ്ങളിൽ ഗണ്യമായ പങ്ക് പശുക്കൾ ഉൾപ്പെടെയുള്ള വളർത്തു മൃഗങ്ങളുടെ മാംസം ഭക്ഷിച്ചു ശീലിച്ചവരാണ് എന്നത് ഇന്ത്യയിലെ ജാതി-സമുദായ ഘടനകളെക്കുറിച്ച് പ്രാഥമിക ബോധമുള്ള ഏതൊരു ഇന്ത്യക്കാരനും അറിയാവുന്ന കാര്യമാണ്. എന്നാൽ മോഡിക്കാലത്ത് ഗോമാംസ ഭക്ഷണ ശീലക്കാരെ ദേശദ്രോഹികളായി ചിത്രീകരിക്കുന്ന തന്ത്രം പ്രയോഗിക്കപ്പെടുന്നു. ദളിതുകളെ ഗോമാതാവിന്റെ പേരിൽ ഭീതിയിലും ദയാശങ്കകളിലും അകപ്പെടുത്തി സംഘ്പരിവാര രാഷ്ട്രീയത്തിലേക്ക് ആട്ടിത്തെളിക്കുക എന്ന ഒരു സമ്മർദ തന്ത്രമുണ്ട് ഇതിന്റെയൊക്കെ പിന്നിൽ. ആ സമ്മർദ തന്ത്രം തിരിച്ചറിയുന്നതു കൊണ്ടാണ് ഉത്തർ പ്രദേശിലും മറ്റും ദളിതുകൾ സംഘടിച്ചു പ്രതിഷേധിക്കാൻ രംഗത്തിറങ്ങിയിരിക്കുന്നതും.

മുസ്‌ലിംകളുടെ കാര്യത്തിലും അവസ്ഥ മേൽപറഞ്ഞതു തന്നെയാണ് ഒറ്റനോട്ടത്തിലെങ്കിലും കുറച്ചുകൂടി സങ്കീർണമായ ആന്തരിക യാഥാർഥ്യങ്ങൾ മുസ്‌ലിംകളുടെ കാര്യത്തിലുണ്ട്. ദളിതുകൾ സംഘ്പരിവാര രാഷ്ട്രീയത്തിലേക്ക് ഘർവാപസി നടത്തിയാൽ അവരെ വിട്ടയക്കാനും വെറുതെ വിടാനും ഒരുക്കമുള്ള സംഘ്പരിവാർ പക്ഷേ, മുസ്‌ലിംകളോട് പറയുന്നത് ഹിന്ദുത്വ താൽപര്യങ്ങൾ അറിഞ്ഞ് അംഗീകരിച്ച് ജീവിക്കാൻ തയ്യാറല്ലെങ്കിൽ പാക്കിസ്ഥാനിലേക്കോ ഖബറിസ്ഥാനിലേക്കോ പോകാനൊരുങ്ങിക്കൊള്ളുക എന്നാണ്. മുസ്‌ലിംകളെ ആട്ടിപ്പായിക്കുവാനുള്ള സ്ഥലം സംഘ്പരിവാർ നേരത്തെ തന്നെ കണ്ടുവെച്ചിട്ടുണ്ട്. എന്നാൽ ബംഗ്ലാദേശിലേക്കോ, അഫ്ഘാനിസ്ഥാനിലേക്കോ, ഇന്തോനേഷ്യയിലേക്കോ പോയ്ക്കോളൂ എന്നവർക്ക് പറയാൻ നാവുപൊന്തുന്നുമില്ല. ഒരു പാക്കിസ്ഥാൻ ഇന്ത്യയുടെ എക്കാലത്തെയും ശത്രുരാജ്യമായി അവിടെ ഇല്ലായിരുന്നുവെങ്കിൽ മറ്റൊരു രാജ്യം കണ്ടുപിടിക്കാൻ ഇവർ നിർബന്ധിതരാകുമായിരുന്നു. എന്നാൽ ഈ പ്രശ്നങ്ങൾക്കെല്ലാം എളുപ്പവഴിയിലുള്ള പരിഹാരങ്ങളും സംഘ്പരിവാർ നിർദേശിക്കുന്നുണ്ട്. മോഡി-അമിത് ഷാ കൂട്ടുകെട്ടിന്റെ രാഷ്ട്രീയ ചേരിയിൽ അണിനിരക്കാനും ബാബരി മസ്ജിദ് നിന്നിരുന്നേടത്ത് തന്നെ രാമക്ഷേത്രം നിർമിക്കണമെന്ന വാശിക്ക് കീഴ്പ്പെടാനും മസ്ജിദുകളെ ജിംനേഷ്യകളോ, ഗോഡൗണുകളോ ഒക്കെയാക്കി മാറ്റി ക്ഷേത്രങ്ങളിലേക്ക് ഭക്തിപാരവശ്യങ്ങളോടെ നീങ്ങാനുമൊക്കെ ഇന്ത്യൻ മുസ്‌ലിംകൾ എല്ലാവരും ഒന്നിച്ചൊരു തീരുമാനമെടുത്തു കഴിഞ്ഞാൽ എല്ലാ പ്രശ്നങ്ങളും അവസാനിക്കും! മുസ്‌ലിംകൾക്കായി മാത്രം ക്ഷേത്രങ്ങൾ പണിതു നൽകാനും സംഘ്പരിവാർ തയ്യാറാണ്. പശുവിറച്ചി തിന്നേ തീരൂ എന്നുള്ളവർക്ക് വേണമെങ്കിൽ അരിമാവു കൊണ്ടു പശുവിനെ ഉണ്ടാക്കി നൽകാനും അവർ തയ്യാറായേക്കും. അരിമാവ് പശുവിനെ കഷ്ണിച്ചെടുത്ത് മാംസം എന്ന വിചാരത്തോടെ തിന്നാൽ മതിയല്ലോ! പണ്ട് ആര്യന്മാർ യാഗങ്ങളിൽ ജീവനുള്ള പശുവിനെ ഉപയോഗിച്ചിരുന്നതിനു പകരം പിൽക്കാലത്ത് അരിമാവ് പശു (പിഷ്ടപശു) വന്നതുപോലെ ഒരു മാറ്റം!

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

**നല്ല മനസ്സും നല്ല മനുഷ്യനും: 5**




# പെരുമ നടിക്കൽ

**അ**ല്ലാഹു ഒരിക്കലും ഇഷ്ടപ്പെടാത്ത കാര്യമാണ് ഒരാൾ തന്നെത്തന്നെ എല്ലാം തികഞ്ഞവനായി കാണുക എന്നത്. എത്ര ഉയർന്നവനാണെങ്കിലും ഈ സ്വഭാവവുണ്ടെങ്കിൽ അല്ലാഹു അവനെ താഴ്ത്തും. അറബി ഭാഷയിൽ 'ഉജ്ബ്' എന്നാണിതിന് പറയുക. ഞാൻ എല്ലാം നല്ലവനാണ്. ഞാൻ എല്ലാറ്റിനും പോന്നവനാണ്. ഞാൻ... ഞാൻ... ഇത് മനസ്സിനെ ബാധിക്കുന്ന വലിയ ഒരു രോഗമാണ്. ഹുനൈൻ യുദ്ധ വേളയിൽ ഞങ്ങൾ കുറെ ആളുകളുണ്ടല്ലോ, ഞങ്ങളെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല എന്ന് സ്വഹാബികൾക്ക് തോന്നിയപ്പോൾ അല്ലാഹുവിന്റെ നടപടി എന്തായിരുന്നു?

"തീർച്ചയായും ധാരാളം (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനൈൻ (യുദ്ധ) ദിവസത്തിലും (സഹായിച്ചു.) അതായത് നിങ്ങളുടെ എണ്ണപ്പെരുപ്പം നിങ്ങളെ ആഹ്ലാദം കൊള്ളിക്കുകയും എന്നാൽ അത് നിങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാക്കാതിരിക്കുകയും ഭൂമി വിശാലമായിട്ടും നിങ്ങൾക്ക് ഇടുങ്ങിയതാവുകയും അനന്തരം നിങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്ത സന്ദർഭം" (അത്തൗബ: 25).

നമ്മൾ നന്നായി ജീവിക്കുന്നവരായേക്കാം. എന്നാൽ ഞാൻ ആരൊക്കെയോ ആണ്, ഞാൻ ഒരു സംഭവമാണ് എന്ന തോന്നലുണ്ടാവരുത്.

"...അതിനാൽ നിങ്ങൾ ആത്മ പ്രശംസ നടത്താതിരിക്കുക. അവനാകുന്നു സൂക്ഷ്മത പാലിച്ചവരെപ്പറ്റി നന്നായി അറിയുന്നവൻ" (അന്നജ്മ്: 32).

നബിﷺ പറയുന്നു: "ഒരു വ്യക്തി നല്ലവസ്ത്രം ധരിച്ച് അഹങ്കരിച്ച് നടന്നപ്പോൾ അല്ലാഹു അവനെ ആഴ്ത്തിക്കളഞ്ഞു. അന്ത്യനാൾ വരെ ആ വ്യക്തി (ഭൂമിക്കടിയിൽ) പിടച്ചുകൊണ്ടിരിക്കും" (ബുഖാരി: 5452 മുസ്‌ലിം: 2088).

മൂന്ന്കാര്യങ്ങൾ മനുഷ്യനെ നശിപ്പിക്കുന്നവയാണ് എന്ന് പറഞ്ഞു കൊണ്ട് നബി(സ) പഠിപ്പിച്ചു: 'വിധേയപ്പെട്ടുപോയ പിശുക്ക്, പിൻപറ്റപ്പെടുന്ന ഇഛ, സ്വന്തത്തെക്കുറിച്ച് തികഞ്ഞവനാണെന്ന തോന്നൽ" ."(അത്തർഗീബുവത്തർഹീബ്: 1/174).

മസ്‌റൂഖ്‌ؓ പറയുന്നു: "അല്ലാഹുവിനെ ഭയപ്പെടുത്തുന്നവൻ അറിവുള്ളവനാണ്. സ്വന്തം കർമത്തിൽ പെരുമ നടിക്കുന്നവൻ ജാഹിൽ (അറിവില്ലാത്തവൻ ആണ്" (ഇമാം ബാജി). ഇബ്നു മസ്ഊദ്ؓ പറയുന്നു: "നാശം രണ്ടു കാര്യങ്ങളിലാണ്. നിരാശയും സ്വയം പെരുമനടിക്കലും (ആണ് അവ)" (കിതാബുൽ അർബഊൻ. പേജ് 116-117). കാരണം, നിരാശപ്പെട്ടവൻ നിരാശ കാരണത്താൽ പിന്നെ റബ്ബിനോട് ചോദിക്കുകയില്ല. പെരുമനടിക്കുന്നവൻ ഞാൻ വിജയിച്ചു കഴിഞ്ഞു എന്ന ചിന്ത ഉള്ളതുകൊണ്ട് റബ്ബിനോട് ചോദിക്കുകയില്ല . അബൂ ഉബൈദതുബ്നുൽ ജർറാഹ്ؓ ഒരിക്കൽ തന്റെ ആളുകൾക്ക് ഇമാമായി നമസ്കരിച്ചു. നമസ്കാര ശേഷം അദ്ദേഹം പറഞ്ഞു: 'പിശാച് എന്റെ കൂടെയുണ്ട്. എന്റെ പിന്നിൽ നിൽക്കുന്നവരെക്കാൾ ശ്രേഷ്ഠനാണ് ഞാൻ എന്ന തോന്നൽ വരികയാണ്. അതുകൊണ്ട് ഞാൻ ആർക്കും ഇമാം നിൽക്കുകയില്ല' (സുനനുസ്സ്വാലിഹീൻ വസനനുൽ ആബിദീൻ: 2/704).

സ്വന്തം തിന്മകളെത്തൊട്ട് നമ്മെ അന്ധരാക്കിക്കളയുന്ന പാപമാണ് 'ഉജ്ബ്' എന്നത്. അത് അവനവനിലുള്ള എല്ലാ നന്മയെയും വലിയതാക്കി കാണിക്കുന്നു . മറ്റുള്ളവരിൽ നിന്നുള്ള പുകഴ്ത്തലിൽ ആസ്വാദനം കണ്ടെത്തുന്നു. അതോടൊപ്പം സ്വന്തം തിന്മകളെ തിന്മകളായി കാണുന്നുമില്ല. അഹങ്കാരത്തിന്റെ അടിസ്ഥാന പരമായ കാരണവും 'ഉജ്ബ്' തന്നെയാണ്.

'ഉജ്ബ്' വ്യക്തിയുടെയും സമൂഹത്തിന്റെയും നാശഹേതുവാണ്. സ്വന്തം തിന്മകളെ കാണാതിരിക്കലും അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടാതിരിക്കലും ഉജ്ബിന്റെ അനന്തരഫലങ്ങളാണ്. സ്വന്തം അറിവിലോ അഭിപ്രായത്തിന്റെ കാര്യത്തിലോ 'ഉജ്ബ്' തോന്നിക്കഴിഞ്ഞാൽ പിന്നെ അവൻ പഠിക്കുകയില്ല.നല്ല അഭിപ്രായങ്ങൾ അവനിൽനിന്നുണ്ടാവുകയില്ല. ഇഹത്തിലും പരത്തിലും അവനു നാശമായിരിക്കും.

ലോകത്ത് ആരെല്ലാം 'ഉജ്ബ്' കാണിച്ചിട്ടുണ്ടോ അവരെയൊക്കെ അല്ലാഹു നശിപ്പിച്ചിട്ടേയുള്ളൂ. അറിവുള്ളവൻ അറിവ്കൊണ്ടും സമ്പന്നൻ സമ്പത്ത്കൊണ്ടും വ്യാപാരി തന്റെ കച്ചവടം കൊണ്ടും സൗന്ദര്യവാൻ സൗന്ദര്യം കൊണ്ടും പലപ്പോഴും 'ഉജ്ബ്' കാണിക്കാറുണ്ട്. സ്റ്റേജിലും പേജിലും സദസ്സിലും ആളുകൾ ഇത് പലപ്പോഴും പ്രകടിപ്പിക്കാറുണ്ട്. അല്ലാഹു ആരെന്നും താൻ ആരെന്നും മനസ്സിലാക്കാത്തതുകൊണ്ടാണ് 'ഉജ്ബ്' പലപ്പോഴും കടന്നുവരുന്നത്. സദാസമയവും ഞാൻ അവനെക്കാൾ നല്ലവനാണ്, സമ്പന്നനാണ്, ശക്തനാണ്, എല്ലാറ്റിനും പോന്നവനാണ്... എന്നൊക്കെയുള്ള ചിന്ത നാശത്തിലേക്കേ നയിക്കുകയുള്ളൂ. ആദം നബി(അ)യുടെ മുമ്പിൽ സുജൂദ് ചെയ്യാൻ കൽപിച്ചപ്പോൾ ഇബ്ലീസ് അനുസരിച്ചില്ല. അവൻ അതിനുള്ള കാരണം പറഞ്ഞത് കാണുക:

"...ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും" (അൽഅഅ്റാഫ്:12). ഇതിന്റെ അന്തരഫലം ഇതായിരുന്നു:

"അവൻ (അല്ലാഹു) പറഞ്ഞു: നീ ഇവിടെനിന്ന് ഇറങ്ങിപ്പോകുക. ഇവിടെ നിനക്ക് അഹങ്കാരം കാണിക്കാൻ പറ്റുകയില്ല. തീർച്ചയായും നീ നിന്ദ്യരുടെ കൂട്ടത്തിലാകുന്നു" (അൽഅഅ്റാഫ്:13).

"അവൻ (അല്ലാഹു) പറഞ്ഞു: എന്നാൽ നീ ഇവിടെനിന്ന് പുറത്ത് പോകണം. തീർച്ചയായും നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു. തീർച്ചയായും ന്യായവിധിയുടെ നാൾവരെയും നിന്റെമേൽ എന്റെ ശാപം ഉണ്ടായിരിക്കുന്നതാണ്" (അസ്സ്വാദ്: 77,78).

രണ്ടു സുഹൃത്തുകൾ. ഒരാൾക്ക് ഫലവർഗങ്ങൾ നിറഞ്ഞുനിൽക്കുന്ന നല്ല ഒരു തോട്ടമുണ്ട്. പക്ഷേ, അവൻ പെരുമനടിച്ചു. തന്റെ സുഹൃത്തിനോടവൻ പറഞ്ഞു:

"...ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ച് കൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽ വരും എന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനെക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും." (അൽകഹ്ഫ്: 34-36).

ഇതിന്റെ ഫലമായി ആ വ്യക്തിക്ക് അല്ലാഹു നൽകിയ ശിക്ഷ വലുതായിരുന്നു: "അവന്റെ ഫലസമൃദ്ധി (നാശത്താൽ) വലയം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണടിഞ്ഞ് കിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈ മലർത്തുന്നവനായിത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ പറയുകയും ചെയ്ത്കൊണ്ടിരുന്നു. അല്ലാഹുവിന് പുറമെ യാതൊരു കക്ഷിയും അവന്ന് സഹായം നൽകുവാനുണ്ടായില്ല. അവന്ന് (സ്വയം) അതിജയിക്കുവാൻ കഴിഞ്ഞതുമില്ല" (അൽകഹ്ഫ്: 42-43).

ക്വാറൂൻ അല്ലാഹു നമുക്ക് പരിചയപ്പെടുത്തിത്തന്ന ഒരു അഹങ്കാരിയാണ്. അവൻ വലിയ സമ്പന്നനായിരുന്നു:

"തീർച്ചയായും ക്വാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനുപോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു" (അൽഖസ്വസ്: 76).

എന്നാൽ 'ഉജ്ബ്' ആ മനുഷ്യനെ നശിപ്പിച്ചു. ആളുകൾ അയാളെ ഉപദേശിച്ചു:

"...അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ: നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല. അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയാ

യും ഇഷ്ടപ്പെടുന്നതല്ല"(അൽഖസ്വസ്: 76,77).

ഉപദേശം ഫലംചെയ്തില്ല. പക്ഷേ, ക്വാറൂനിന്റെ മറുപടി ഇങ്ങനെയായിരുന്നു: "...എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്..."(അൽഖസ്വസ്: 78).

ഒരു ദിവസം ക്വാറൂൻ ജനമധ്യത്തിലേക്ക് ആർഭാടത്തോടെ ഇറങ്ങി പുറപ്പെട്ടു; അങ്ങേയറ്റത്തെ പൊങ്ങച്ചവുമായി. അത് അവന്റെ അവസാനമായിരുന്നു:

"അങ്ങനെ അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തികളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറമെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല. അവൻ സ്വയം രക്ഷിക്കുന്നവരുടെ കൂട്ടത്തിലുമായില്ല" (അൽഖസ്വസ്: 81).

പരലോകം വിജയപ്രദമാകുക വിനയാന്വിതർക്കു മാത്രമാണ്: "ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും. ആർ നന്മയും കൊണ്ട് വന്നുവോ അവന്ന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും. വല്ലവനും തിൻമയും കൊണ്ടാണ് വരുന്നതെങ്കിൽ തിന്മ പ്രവർത്തിച്ചവർക്ക് തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമല്ലാതെ നൽകപ്പെടുകയില്ല" (അൽഖസ്വസ്:83,84).

ലോകം കണ്ട വലിയ ധിക്കാരിയായിരുന്നു ഫിർഔൻ. അവൻ പറഞ്ഞ ഒരു വാക്കുണ്ടായിരുന്നു: " ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു എന്ന് അവൻ പറഞ്ഞു" (അന്നാനാസിആത്: 24). അതിന്റെ അനന്തരഫലം ഇതായിരുന്നു:

"അപ്പോൾ നാം അവരുടെ കാര്യത്തിൽ ശിക്ഷാനടപടി എടുത്തു. അങ്ങനെ അവരെ നാം കടലിൽ മുക്കിക്കളഞ്ഞു. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുകളയുകയും അവയെപ്പറ്റി അശ്രദ്ധരായിരിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്" (അൽഅഅ്റാഫ്: 136).

'ഉജ്ബ്' ഒരു വ്യക്തിയിൽ കാണപ്പെട്ടാൽ അല്ലാഹു അവനെ ഇഷ്ടപ്പെടുകയില്ല: "...പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല" (അന്നിസാഅ്:36).

പരസ്പര വിദ്വേഷത്തിനും വെറുപ്പിനും 'ഉജ്ബ്' കാരണമാകും; വിനയവും കാരുണ്യവും നഷ്ടപ്പെടും.

അനുഗ്രഹം അല്ലാഹു നൽകുന്നതാണ്. അതിൽ സന്തോഷിക്കാം. ആ സന്തോഷപ്രകടനത്തിലൂടെ പോലും അല്ലാഹുവിന്റെ പ്രതിഫലം നമുക്ക് പ്തീക്ഷിക്കാം. പക്ഷേ, അനുഗ്രഹങ്ങളെ തന്റെ യുക്തിയിലേക്കും അറിവിലേക്കും വ്യക്തിത്വത്തിലേക്കുമല്ല ചേർത്തിപ്പറയേണ്ടത്. മറിച്ച് അല്ലാഹുവിലേക്കാണ്. ഉജ്ബിൽ നിന്നും രക്ഷപ്പെടാനുള്ള ഏറ്റവും വലിയ മാർഗമാണത്. കാരണം, നമുക്ക് ലഭിച്ച ഹിദായത്തിന്റെ മാർഗം പോലും അല്ലാഹുവിൽ നിന്നുള്ള കാരുണ്യത്തിന്റെ ഭാഗമാണ്:

"സത്യവിശ്വാസികളേ, പിശാചിന്റെ കാൽപാടുകൾ പിൻപറ്ററുത്. വല്ലവനും പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്ന പക്ഷം തീർച്ചയായും അവൻ (പിശാച്) കൽപിക്കുന്നത് നീചവൃത്തിയും ദുരാചാരവും ചെയ്യാനായിരിക്കും. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലാതിരുന്നെങ്കിൽ നിങ്ങളിൽ ഒരാളും ഒരിക്കലും പരിശുദ്ധി പ്രാപിക്കുകയില്ലായിരുന്നു. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് പരിശുദ്ധി നൽകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ" (അന്നൂർ: 21).

**സ്വന്തം തിന്മകളെത്തൊട്ട് നമ്മെ അന്ധരാക്കിക്കളയുന്ന പാപമാണ് 'ഉജ്ബ്' എന്നത്. അത് അവനവനിലുള്ള എല്ലാ നന്മയെയും വലിയതാക്കി കാണിക്കുന്നു. മറ്റുള്ളവരിൽ നിന്നുള്ള പുകഴ്ത്തലിൽ ആസ്വാദനം കണ്ടെത്തുന്നു. അതോടൊപ്പം സ്വന്തം തിന്മകളെ തിന്മകളായി കാണുന്നുമില്ല. അഹങ്കാരത്തിന്റെ അടിസ്ഥാന പരമായ കാരണവും 'ഉജ്ബ്' തന്നെയാണ്. 'ഉജ്ബ്' വ്യക്തിയുടെയും സമൂഹത്തിന്റെയും നാശഹേതുവാണ്. സ്വന്തം തിന്മകളെ കാണാതിരിക്കലും അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടാതിരിക്കലും ഉജ്ബിന്റെ അനന്തരഫലങ്ങളാണ്. സ്വന്തം അറിവിലോ അഭിപ്രായത്തിന്റെ കാര്യത്തിലോ 'ഉജ്ബ്' തോന്നിക്കഴിഞ്ഞാൽ പിന്നെ അവൻ പഠിക്കുകയില്ല. നല്ല അഭിപ്രായങ്ങൾ അവനിൽനിന്നുണ്ടാവുകയില്ല. ഇഹത്തിലും പരത്തിലും അവനു നാശമായിരിക്കും.**

താൻ ആരാണ്, എന്തിനാണ് താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, എങ്ങോട്ടാണ് തന്റെ യാത്ര എന്നീ ചോദ്യങ്ങൾക്ക് ഒരു വ്യക്തി ഉത്തരം കണ്ടെത്തേണ്ടതുണ്ട്. ആ ഉത്തരമാണ് അവനെ ലാളിത്യത്തിന്റെയും സൗമത്യയുടെയും ഉയരങ്ങളിലേക്ക് കൈപിടിച്ചുയർത്തുക. ഉജ്ബ്ന് കാരണമായ എന്തെല്ലാം കാര്യങ്ങളുണ്ടോ അതെല്ലാം നശിക്കാനുള്ളതാണെന്നും തക്വയും അല്ലാഹുവിന്റെ തൃപ്തിയുമാണ് ശാശ്വതമായി വിജയം നൽകുന്ന കാര്യങ്ങളെന്നും ഒരു വിശ്വാസി തിരിച്ചറിയണം.

"...തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു"(അൽഹുജുറാത്:13).

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com

ലേഖനം




# ക്ഷമാലുക്കൾക്കാണ് സ്വർഗം

ഒരു റമദാൻ കൂടി യാത്രയായി. വിശ്വാസികൾക്ക് ഈ മാസം സഹനത്തിന്റെ മാസമായിരുന്നു. നാവിനെയും വിചാര-വികാരങ്ങളെയും നിയന്ത്രിച്ചു. ദാനധർമങ്ങൾ നൽകി. രാത്രി ദീർഘമായി നമസ്കരിച്ചു. ഇതെല്ലാം റമദാൻ മാസത്തിൽ മാത്രമുണ്ടാകേണ്ട ഗുണങ്ങളാണോ? ഒരിക്കലുമല്ല.

വ്രത നാളുകളിൽ കാണിച്ച ക്ഷമാശീലം ശവ്വാൽ പിറവിയോടെ പലരും കയ്യൊഴിക്കുന്നതായാണ് കാണാറുള്ളത്. അത് ഒരിക്കലും ശരിയല്ല. കാരുണ്യവാനായ അല്ലാഹു അങ്ങേയറ്റം ക്ഷമിക്കുന്നവനാണ്. നമ്മളും ക്ഷമിക്കുന്നവരാകണമെന്ന് അവൻ ആവശ്യപ്പെടുന്നു. സഹനശീലരായ സത്യവിശ്വാസികൾക്ക് സ്വർഗത്തിൽ സമാനതകളില്ലാത്ത സമ്മാനങ്ങളാണ സ്നേഹനിധിയായ അല്ലാഹു വാഗ്ദാനം ചെയ്യുന്നത്. പരസ്പരം കണ്ടാൽ കടിച്ചുകീറാൻ മാത്രം ഈർഷ്യതയുള്ളവരെപ്പോലും സഹനത്തിന്റെ സാന്ത്വന സ്പർശത്തിലൂടെ സ്നേഹിതരാക്കാമെന്ന് അറിയിച്ചത് അല്ലാഹുവാണല്ലോ:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത്കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (41:34,35).

ജീവിതത്തിന്റെ നിഖില മേഖലകളിലും ഈ സദ്ഗുണത്തെ പ്രസരിപ്പിക്കാൻ സുദൃഢമായ തീരുമാനം വിശ്വാസികളിൽ ഉണ്ടാകണമെന്നും അല്ലാഹു ഓർമപ്പെടുത്തുന്നുണ്ട്:

"തീർച്ചയായും നിങ്ങളുടെ സ്വത്തുകളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവാരാധകരിൽ നിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടി വരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു"(3:186).

സഹനം ഏതെല്ലാം രംഗങ്ങളിലാണ് കൂടുതൽ ആവശ്യമായി വരിക എന്നും അപ്പോൾ റബ്ബിനെക്കുറിച്ചോർത്ത് വിശ്വാസികൾ പറയേണ്ടതെന്താണെന്നും വരെ കാരുണ്യവാനായ റബ്ബ് പറഞ്ഞുതന്നിട്ടുണ്ട്:

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ" (2:155-157).

ഇമാം ഇബ്നുൽ ക്വയ്യിമ ജൗസി(റഹി) തന്റെ 'ഉദ്ദതുസ്സ്വാബിരീൻ വ ദഖീറതുശ്ശാകിരീൻ' എന്ന ഗ്രന്ഥത്തിൽ സഹനത്തിന്റെ വ്യത്യസ്ത ഇനങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ക്ഷമയെ പ്രവർത്തനങ്ങൾക്കനുസരിച്ച് അഞ്ചായാണ് അദ്ദേഹം തരംതിരിച്ചിട്ടുള്ളത്: 1. വാജിബ്. 2. മൻദൂബ്. 3. മഹ്ളൂർ. 4. മക്റൂഹ്. 5. മു

ബാഹ്.

**1). വാജിബ് (നിർബന്ധമായും ഉണ്ടാകേണ്ട ക്ഷമ)**

അല്ലാഹു നമുക്ക് ഹറാമാക്കിയ കാര്യങ്ങൾ ഒഴിവാക്കുവാനും അവൻ നമ്മോട് കൽപിച്ച കർമങ്ങൾ നിർവഹിക്കുവാനും രോഗം, ദാരിദ്ര്യം തുടങ്ങിയ, നമ്മുടെ നിയന്ത്രണങ്ങൾക്കതീതമായ പരീക്ഷണങ്ങൾ അഭിമുഖീകരിക്കുമ്പോഴെല്ലാം നമ്മിലുണ്ടാകേണ്ടതാണിത്. ഇത് നിർബന്ധമായും ഒരു വിശ്വാസിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

**2). മൻദൂബ് (പ്രോത്സാഹിപ്പിക്കപ്പെടേണ്ട ക്ഷമ)**

വെറുക്കപ്പെട്ട കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുവാനും അഭിലഷണീയമായ കാര്യങ്ങൾ ചെയ്യുവാനും നമ്മിലുണ്ടാകേണ്ട ക്ഷമയാണിത്.

**3). മഹ്ളൂർ (വിലക്കപ്പെട്ട ക്ഷമ)**

സത്യവിശ്വാസിയിൽ ഉണ്ടാവാൻ പാടില്ലാത്ത അഞ്ച് കാര്യങ്ങളാണ് ഇതിനുകീഴിൽ ഇബ്നുൽ ക്വയ്യിം എണ്ണിയിട്ടുള്ളത്. 1. മരണംവരെ അന്നപാനീയങ്ങൾ വർജിക്കുവാൻ കാണിക്കുന്ന ക്ഷമ. 2. മരണമോ പട്ടിണിയോ നേരിടുന്ന അവസ്ഥയിൽ നിഷിദ്ധമായ മാംസം, ശവം, രക്തം തുടങ്ങിയവ ഉപയോഗിക്കാതെ മരണത്തെ സ്വീകരിക്കുവാൻ കാണിക്കുന്ന ക്ഷമ. 3. അനിവാര്യ ഘട്ടത്തിൽ യാചനയിൽനിന്നും മാറി നിൽക്കുവാൻ കാണിക്കുന്ന ക്ഷമ. 4. തന്നെ കൊല്ലുമെന്ന് ഉറപ്പുള്ള ഹിംസ്ര ജന്തുക്കൾ, തീ, വെള്ളം, സർപ്പം തുടങ്ങിയവയുടെ മുമ്പിൽ (രക്ഷപ്പെടാൻ ശ്രമിക്കാതെ) ഉറച്ചുനിൽക്കാൻ കാണിക്കുന്ന ക്ഷമ. 5. മുസ്‌ലിംകൾ തമ്മിൽ ഏറ്റുമുട്ടുന്ന 'ഫിത്ന'കളുടെ അവസരത്തിൽ കാണിക്കുന്ന ക്ഷമ.

**4). മക്റൂഹ്(വെറുക്കപ്പെട്ടത്)**

ഭക്ഷണം, പാനീയം, അനുവദനീയമായ ലൈംഗികത തുടങ്ങിയവ വർജിക്കുവാൻ കാണിക്കുന്ന ക്ഷമ ഇതിന്റെ പരിധിയിലാണ് വരുന്നത്. കാരണം ഇവയുടെ വർജനം മനുഷ്യന് ദോഷകരമാണ്. വെറുക്കപ്പെട്ട കാര്യങ്ങൾ ചെയ്യുവാനുള്ള ക്ഷമയും മക്റൂഹിൽ പെടുന്നു.

**5). മുബാഹ് (അനുവദനീയമായ ക്ഷമ)**

അനുവദനീയമായ കാര്യങ്ങൾ ഉപേക്ഷിക്കുവാൻ കാണിക്കുന്ന ക്ഷമയാണ് ഇബ്നുൽ ക്വയ്യിം ഇതിൽ എണ്ണിയിട്ടുള്ളത്.

വിട്ടുവീഴ്ചയും സഹനവുമെല്ലാം പ്രവാചകജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. എന്റെ നബിയുടെ കാലിലൊരു മുള്ളുതറക്കുന്നതുപോലും എനിക്കെന്റെ ജീവൻ പോകുന്നതിനെക്കാൾ വലുതാണെന്ന് പ്രഖ്യാപിക്കാൻ മാത്രം പോന്ന രൂപത്തിൽ സ്വഹാബത്ത് നബിﷺയെ ഇഷ്ടപ്പെടാനുള്ള ഒരു പ്രധാനകാരണം ഈ സ്വഭാവ ഗുണമായിരുന്നു. അല്ലാഹു പറയുന്നു:

"(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്"(3:159).

സഹനത്തിന്റെ അവസരത്തിൽ അതിനെ അവലംബിക്കുകയും റബ്ബിന്റെ തൃപ്തിയനുസരിച്ച് മാത്രം പ്രവർത്തിക്കുകയും ചെയ്തവർക്ക് ഇഹലോകത്തും അതിന്റെ സദ്ഗുണങ്ങൾ അനുഭവിക്കാൻ കഴിഞ്ഞ സംഭവങ്ങൾക്ക് ചരിത്രം സാക്ഷിയാണ്. ഉമ്മുസലമ ﵂ നിവേദനം. പ്രവാചകൻﷺ പറയുന്നത് ഞാൻ കേട്ടു: "പ്രയാസങ്ങൾ ബാധിക്കുമ്പോൾ 'തീർച്ചയായും ഞങ്ങൾ അല്ലാഹുവിനുള്ളവരാണെന്നും അവനിലേക്കുതന്നെ ഞങ്ങൾ മടക്കപ്പെടുമെന്നും, അല്ലാഹുവേ ! എന്റെ പ്രയാസങ്ങൾക്ക് നീ പ്രതിഫലം നൽകുകയും ഇതിനെക്കാൾ ഉത്തമമായത് എനിക്ക് നൽകുകയും ചെയ്യേണമേ എന്ന് പ്രാർഥിക്കുകയും ചെയ്താൽ അതിനെക്കാൾ ഉത്തമമായത് അല്ലാഹു നൽകാതിരിക്കില്ല."

ഉമ്മുസലമ﵂ പറയുന്നു: "അബൂസലമ (ഉമ്മുസലമയുടെ ഭർത്താവ്) മരണപ്പെട്ടപ്പോൾ ഞാൻ ചോദിച്ചു: 'മുസ്‌ലിംകളിൽ അബൂസലമയെക്കാൾ ഉത്തമനായി ആരുണ്ട്? അല്ലാഹുവിന്റെ ദൂതരിലേക്ക് ആദ്യമായി പലായനം ചെയ്ത വീട്ടുകാരനായിരുന്നു അദ്ദേഹം. എന്നിരുന്നാലും അല്ലാഹുവിന്റെ ദൂതൻ ഇത്തരം സാഹചര്യത്തിൽ പറയാൻ പഠിപ്പിച്ച വചനം ഞാൻ പറഞ്ഞു. അതുകൊണ്ടുതന്നെ അല്ലാഹു നബിﷺയെ എനിക്ക് ഭർത്താവായി പകരം തന്നു. ഹാതിബ്ബ്നു അബീബുൻതഹയെ വിവാഹാലോചനയുമായി പ്രവാചകൻﷺ എന്റെ അടുത്തേക്ക് വിട്ടു. ഞാൻ പറഞ്ഞു: എനിക്കൊരു മകളുണ്ട്; ഞാനൊരു ദേഷ്യക്കാരിയുമാണ്. പ്രവാചകൻﷺ ഇപ്രകാരം പ്രതികരിച്ചു: 'മകളുടെ സ്വാതന്ത്ര്യത്തിനും നിന്റെ ദേഷ്യം മാറുവാനും ഞാൻ അല്ലാഹുവോട് പ്രാർഥിക്കുന്നതാണ്.' അങ്ങനെ ഞങ്ങൾ തമ്മിലുള്ള വിവാഹം നടന്നു" (മുസ്‌ലിം).

സഹനത്തെ ശീലമാക്കുന്നവരുടെ പാപങ്ങളെ അല്ലാഹു മായ്ച്ചുകൊടുക്കുമെന്നും നബിﷺ അറിയിച്ചിട്ടുണ്ട്. സഅദുബ്നു അബീവക്വാസ്﵁ നിവേദനം: "ഞാൻ നബിﷺയോട് ചോദിച്ചു: ജനങ്ങളിൽ കൂടുതൽ പരീക്ഷിക്കപ്പെടുന്നത് ആരാണ്?" അവിടുന്ന് പറഞ്ഞു: "പ്രവാചകന്മാർ. പിന്നെ സൽകർമികൾ. അപ്രകാരം വ്യത്യസ്ത തലത്തിൽപെട്ട ആളുകൾ താഴേക്ക് വിശ്വാസത്തിന്റെ തോതനുസരിച്ച് ആളുകൾ പരീക്ഷിക്കപ്പെടും. കൂടുതൽ ശക്തമായ വിശ്വാസമുള്ളവർ കൂടുതൽ ശക്തമായി പരീക്ഷിക്കപ്പെടുകയും ദുർബലവിശ്വാസികൾ ലഘുവായ പരീക്ഷണത്തിന് വിധേയമാക്കപ്പെടുകയും ചെയ്യും. വിശ്വാസി പരീക്ഷണത്തിന് വിധേയനാകുകയും അവസാനം തന്റെ തെറ്റുകൾ പൊറുക്കപ്പെട്ടവനായി അവൻ ഭൂമുഖത്ത് നടക്കുകയും ചെയ്യും" (ബുഖാരി).

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# വീഴ്ചകൾ നൽകുന്ന തിരിച്ചറിവുകൾ

അമിത വേഗതയിലോടിക്കൊണ്ടിരിക്കുന്ന ഒരു വാഹനം മിനിമം സ്പീഡിൽ ചലിക്കാൻ നിർബന്ധിതമാകുന്ന ഒരവസ്ഥ! അപകടം പറ്റി രോഗക്കിടക്കയിൽ കുറെയേറെക്കാലം കിടക്കേണ്ടിവരുന്ന അവസ്ഥ ഏതാണ്ട് ഇതുപോലെയാണ്.

ജോലിയും സാമൂഹ്യ പ്രവർത്തനവും സംഘടനാ കാര്യങ്ങളും കഴിഞ്ഞ് വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കാൻ പോലും നേരമില്ലാത്ത അവസ്ഥ എത്ര പെട്ടെന്നാണ് മാറുന്നത്! ഒരു വീഴ്ചയോടെ, അപകടത്തോടെ എല്ലാം കീഴ്മേൽ മറിയുന്നു.

ഉത്തരവാദിത്തം ഏറെയുള്ള ജോലിയാണ്. എങ്ങാനും വിട്ടുനിൽക്കേണ്ടി വന്നാൽ ആകെ വെപ്രാളമാണ്, ഫോണിലും നെറ്റിലും മെസ്സേജിലൂമായി സദാ അകലെനിന്ന് അടുത്തെത്താൻ ശ്രമിച്ചുകൊണ്ടേയിരിക്കും. എല്ലാറ്റിനും നമ്മുടെ മേൽനോട്ടം വേണമെന്ന അവസ്ഥ.

സംഘടനാ കാര്യവും സാമൂഹ്യ പ്രവർഥനവും വ്യത്യസ്തമല്ല. കൂട്ടുകാരുമായി ഒന്ന് കൂടിയിരുന്ന് രണ്ടു കൊച്ചു വർത്തമാനം പറഞ്ഞില്ലെങ്കിൽ ദിവസം അപൂർണമാണെന്നായിരുന്നു ചിന്ത.

ഒറ്റ വീഴ്ച. ശേഷം കിടക്കയിൽ ദിവസങ്ങൾ, ആഴ്ചകൾ, അല്ലെങ്കിൽ മാസങ്ങൾ... രോഗശയ്യയിൽ. ജോലിത്തിരക്കില്ല. ഔദ്യോഗിക ഫോൺ വിളികളില്ല. മീറ്റിംഗുകൾ ഇല്ല. സന്ദർശക ബാഹുല്യമില്ല. ശാന്തം, നിശ്ചലം! നാമില്ലെങ്കിൽ നടക്കില്ലെന്ന് വീമ്പ് പറഞ്ഞ ഓഫീസ് ഭംഗിയായി പ്രവർത്തിക്കുന്നു. ഇടക്ക് നിർദേശത്തിന് ഫോൺ വിളികൾ വന്നിരുന്നുവെങ്കിലും തീരെ കുറഞ്ഞിരിക്കുന്നു. സംഘടനാ കാര്യങ്ങളും മുറപോലെ നടക്കുന്നു. ഇടക്കിടെ വരികയും വിളിക്കുകയും മെസ്സേജ് അയക്കുകയും ചെയ്തിരുന്ന 'ചങ്ക് ബ്രോ'കൾ വേണ്ടത്ര ഗൗനിക്കുന്നില്ല എന്ന തോന്നൽ... നാമില്ലെങ്കിലും സൂര്യൻ കിഴക്കുദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു, ഉണ്ടായിരുന്ന തെല്ല് ഞാനെന്ന ഭാവം നിരാശയിൽ അലിഞ്ഞ് ലയിച്ച് ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

ഇരുചക്ര വാഹനാപകടത്തിൽ പരിക്കേറ്റ് മാസങ്ങൾ കിടക്കേണ്ടി വന്ന, തീരാ തിരക്കുണ്ടായിരുന്ന സുഹൃത്തിന്റെ വാക്കുകൾ...! കണ്ണുനീരിന്റെ അകമ്പടിയോടെയുള്ള തുറന്നു പറച്ചിൽ.

ഒരു വീഴ്ചയിൽ ആഴ്ചകൾ കിടക്കേണ്ടി വന്ന എന്റെ അനുഭവവും മറിച്ചായിരുന്നില്ല. അപകടവും അനന്തര ഫലങ്ങളും മനസ്സിനെ ബോധ്യപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ കാര്യങ്ങൾ രസകരവുമാണ്!

അടിക്കടി നമ്മെ വിളിച്ച് ഔദ്യോഗിക ഉപദേശവും മറ്റും തേടിയിരുന്ന ആളുകളുടെ ഫോൺ വിളികൾ നിന്നുപോകുന്നു. ചില സുഹൃത്തുക്കളെ തീരെ കാണാതാവുന്നു. തീരെ പ്രതീക്ഷിക്കാത്ത ബന്ധുക്കൾ കാണാനെത്തുന്നു. ചിലരുടെ ഫോൺ വിളികൾ മുറിയുന്നു. മറ്റു ചിലർ അടിക്കടി ബന്ധപ്പെടുന്നു.

അപ്രതീക്ഷിത സന്ദർശകർ നമ്മെ ചിലപ്പോൾ ആശ്ചര്യപ്പെടുത്തും. പെൻഷൻ പറ്റി പതിറ്റാണ്ട് പിന്നിട്ട എന്റെ ഗുരുനാഥൻ വന്നപ്പോൾ എന്റെ കണ്ണ് അറിയാതെ നിറഞ്ഞുപോയത് ഓർത്തുപോകുന്നു.

നാം വളരെ നിസ്സാരൻ. ഉത്തരം താങ്ങുന്ന മട്ടിലിരിക്കുന്ന പല്ലിയെപ്പോലുള്ള നമ്മുടെ ഞാനെന്ന ഭാ[illegible]ത്തിന് പുല്ലു വില പോലുമില്ലെന്ന് തിരിച്ചറിയാൻ ഒരു ചെറിയ ബെഡ് റസ്റ്റ് ധാരാളം മതിയാവും.

ഇബ്നു അബ്ദില്ല ചുഴലി
mail@nerpatham.com





# ഒരു കുരുന്നുമനസ്സിന്റെ ആധികൾ

ഒരു ഞായറാഴ്ച ദിവസം. സൂര്യൻ അതിന്റെ ചൂടേറിയ രശ്മികളെ ഭൂമിയിലേക്ക് പൂർവാധികം ശക്തിയോടുകൂടി പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്നു. പുൽചെടികളും മരങ്ങളും പുൽമേടുകളും സൂര്യതാപത്തിൽ വാടിനിൽക്കുന്നു. ദാറുൽ ക്വുർആനിന്റെ മൈതാനത്തിൽ നിന്നും ചുവന്ന പൊടിപടലങ്ങൾ ഉഷ്ണക്കാറ്റിൽ ഉയർന്നു പറക്കുന്നു.

അവൻ മെല്ലെ എഴുന്നേറ്റു. മേശയിൽ നിന്നും വാച്ചെടുത്തു. ഹാങ്കറിൽ നിന്നും ഷർട്ട് എടുത്ത് ധരിച്ചു. കീശയിലുണ്ടായിരുന്ന പേനയും പോക്കറ്റ് ഡയറിയും ഉണ്ടെന്ന് ഉറപ്പ് വരുത്തി. മെല്ലെ പുറത്തിറങ്ങി. പക്ഷേ, ചൂട് അവനെ നിരുത്സാഹപ്പെടുത്തി. അവൻ വീണ്ടും റൂമിലേക്ക് തിരിച്ച് കയറി. ഇന്നലെ മുസ്തഫ പറഞ്ഞ കാര്യങ്ങളാണ് അവന്റെ ചിന്തയെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്. അവൻ അസ്വസ്ഥനായി കസേരയിൽ ചാരിയിരുന്നു. മുസ്തഫയുടെ വാക്കുകൾ കാതുകളിൽ പ്രതിദ്ധ്വനിക്കുകയാണ്:

"അല്ലാഹു അല്ലാത്ത, അവന്റെ സൃഷ്ടികളായ നല്ല ആളുകളോടും ആവലാതിയും പ്രയാസവും പറഞ്ഞ് സഹായം തേടുന്നതിന് കുഴപ്പമില്ല."

കുഞ്ഞുനാൾ മുതൽ തന്നെ പഠിച്ചതും ഉമ്മയിൽ നിന്ന് കേട്ട താരാട്ട് പാട്ടും സ്നേഹത്തോടെ അരികെ വിളിച്ച് ഉപ്പ അവന് പരിചയപ്പെടുത്തി കൊടുത്തതും സർവശക്തനായ അല്ലാഹുവിനെക്കുറിച്ചാണ്. എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ 'അല്ലാഹുവിനോട് പറ മോനേ' എന്ന ഉമ്മയുടെ ഉപദേശം മനസ്സിൽ മായാതെ കിടക്കുന്നു.

കയറ്റിവെച്ച ഷർട്ടിന്റെ കൈ താഴ്ത്തിക്കൊണ്ട് അവൻ മെല്ലെ പുറത്തിറങ്ങി. അവൻ പള്ളിയിലേക്ക് നടന്നു. ബാങ്ക് വിളിക്കാൻ ഇനി കുറച്ച് സമയമേ ബാക്കിയുള്ളൂ. വുദൂഅ് ചെയ്ത് പള്ളിയിൽ കയറി. അപ്പോഴേക്കും ബെൽ മുഴങ്ങി. കുട്ടികൾ പള്ളിയിലേക്ക് ഒഴുകി.

സുന്നത്ത് നമസ്കാരം കഴിഞ്ഞ് ക്വുർആൻ എടുത്ത് പഠിച്ച പാഠഭാഗങ്ങൾ അവൻ ആവർത്തിച്ചു. അവന്റെ മനസ്സ് നിറയെ മുസ്തഫയുടെ വാക്കു



കളാണ്.

'അല്ലാഹുവേ നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. നീ ഞങ്ങളെ സൻമാർഗ്ഗത്തിലാക്കേണമേ.' ഈ വചനങ്ങൾ മുസ്തഫയുടെ വാദത്തെ ഖണ്ഡിക്കുന്നതാണ് തീർച്ച!

ഷർട്ടിൽ നിന്നും അടർന്ന് വീണ നൂൽ കഷ്ണം കയ്യിൽ ചുരുട്ടി അവൻ പള്ളിയുടെ ഇടത് ഭാഗത്തെ ചുമരിൽ ചാരിയിരുന്നു. കൊത്തുപണികളാൽ മനോഹരമായി നിർമിച്ച മിമ്പർ. അതിനരികിൽ വിരിച്ച് വെച്ച മുസല്ല. ഇടതുഭാഗത്തായി അടുക്കിവെച്ച പരിശുദ്ധ ക്വുർആൻ. അവൻ കൗതുകത്തോടെ നോക്കിനിന്നു. അവൻ ചിന്തിച്ചു! സർവ്വശക്തനായ അല്ലാഹുവിന്റെ ഗ്രന്ഥം. അവനെ മാത്രം ആരാധിക്കണമെന്ന് ലോകത്തെ പഠിപ്പിക്കാൻ അല്ലാഹു മുഹമ്മദ് നബിﷺയിലൂടെ അവതരിപ്പിച്ച അത്ഭുത ഗ്രന്ഥം.

ഏഴാകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ. അതിലുള്ള എല്ലാറ്റിനെയും മനോഹരമായി സൃഷ്ടിച്ച് സംവിധാനിച്ചവൻ. മാമലകളും താഴ്‌വരകളും മരങ്ങളും പുൽമേടുകളും പുഴകളും നദികളും തടാകങ്ങളും സുന്ദരമായി ആവിഷ്‌കരിച്ചവൻ. മനുഷ്യശരീരത്തെ അത്യത്ഭുതകരമായി സംവിധാനിച്ചവൻ. അവൻ മാത്രമല്ലേ ആരാധിക്കപ്പെടേണ്ടവൻ? അവനോടല്ലയോ പ്രയാസങ്ങൾ പറയേണ്ടത്? അവനോടല്ലയോ സഹായം തേടേണ്ടത്?

സായാഹ്നം കടന്നുവന്നു. വെയിലിന്റെ ശക്തിയും ചൂടും കുറഞ്ഞിട്ടുണ്ട്. അന്തരീക്ഷം ശാന്തമാണ്. കുട്ടികളെല്ലാം മൈതാനത്ത് കളികളിലാണ്. അവൻ മൈതാനത്തിനരികിലെ ചെറിയ പാറക്കുമുകളിൽ ഇരുന്നു. പല പല ചിന്തകളിലായി സമയം ഇഴഞ്ഞു നീങ്ങി.

അങ്ങ് പടിഞ്ഞാറ് സൂര്യൻ വിടപറയാനുള്ള ഒരുക്കത്തിലാണ്. കുട്ടികൾ കളി മതിയാക്കി. മഗ്‌രിബ് നമസ്‌കാരത്തിനായി എല്ലാവരും പള്ളിയിൽ കയറിത്തുടങ്ങി. ബാങ്കുവിളിക്കാൻ ഏതാനും മിനുട്ടുകൾ കൂടിയുണ്ട്. വലതുവശത്തുള്ള തൂണിൽ ചാരിയിരുന്ന് ക്വുർആൻ പരിഭാഷയെടുത്ത് അവൻ വായിക്കാൻ തുടങ്ങി.

ഓ, മനുഷ്യാ! നിന്നെയും നിനക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിന്റെ റബ്ബിനെ നീ ആരാധിക്കുക. അവൻ നിനക്ക് ആകാശത്തെ മേൽക്കൂരയാക്കിത്തന്നു. ഭൂമിയെ വിരിപ്പാക്കിത്തന്നു. ആകാശത്ത് നിന്ന് മഴവർഷിപ്പിച്ച് അതുമുഖേന ഫലങ്ങളെ മുളപ്പിച്ചു തന്നു. എന്നിരിക്കെ നീ അവന് ഒരു പങ്കുകാരനെ ഉണ്ടാക്കരുത്...

ഒരു നിമിഷം അവൻ ചിന്തിച്ചുപോയി. എത്ര മനുഷ്യരാണ് അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നത്! സൃഷ്ടികളോട് പ്രാർഥിക്കുന്നത്! മുസ്തഫയടക്കമുള്ളവർ അതിനെ ന്യായീകരിക്കുകയല്ലേ? അല്ലാഹുവിൽ പങ്ക് ചേർക്കൽ മഹാപാപമാണെന്നറിഞ്ഞിട്ടും അതിൽ ജീവിതം കഴിച്ചുകൂട്ടുന്നവർ. എന്റെ അടിമകൾ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാൻ അവരുടെ സമീപസ്ഥനാണ് എന്നും എന്നോട് പ്രാർഥിച്ചവന് ഞാൻ ഉത്തരം നൽകുമെന്നും കാരുണ്യക്കടലായ അല്ലാഹു പറഞ്ഞിട്ടും ഇവരെന്താണ് അത് പരിഗണിക്കാത്തത്?

പ്രിയപ്പെട്ട പ്രവാചകൻ ജീവിതത്തിൽ സഹിച്ച ത്യാഗങ്ങളും പീഡനങ്ങളും അവന്റെ മനസ്സിൽ ഓരോന്നായി കടന്നുവന്നു. ത്വാഇഫിന്റെ വഴിയോരത്ത് തെരുവുകുട്ടികളുടെ കല്ലേറ് കൊണ്ട് രക്തമൊഴുകി... ഉഹ്ദിന്റെ പോർക്കളത്തിൽ മുൻപല്ല് പൊട്ടി... പ്രയാസങ്ങളും ദുരിതങ്ങളും സഹിച്ച് ജീവിതം അല്ലാഹുവിന് സമർപ്പിച്ച സ്വഹാബിമാർ... ശാശ്വതമായ പരലോക ജീവിതത്തിലെ വിജയമായിരുന്നു അവരുടെ ലക്ഷ്യം.

അല്ലാഹുവിനെ വിട്ട് അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർഥിക്കുന്നവർ എത്ര വലിയ അക്രമികളാണ്. എന്തുമാത്രം ധിക്കാരമാണ് അവർ ചെയ്യുന്നത്! അല്ലാഹുതന്നെ പറഞ്ഞതല്ലേ, ഒരിക്കലും മാപ്പ് കൊടുക്കാത്ത മഹാപാപമാണ് ശിർക്ക് എന്നത്.

അവൻ ക്വുർആൻ അടച്ചുവെച്ചു. അറിയാതെ അവന്റെ ചുണ്ടുകൾ മന്ത്രിച്ചു... അല്ലാഹുവേ...നിന്നെ മാത്രം ആരാധിക്കുവാനും നിനക്ക് തൃപ്തികരമായ ജീവിതം നയിക്കാനും എനിക്കും എല്ലാ ജനങ്ങൾക്കും നീ തൗഫീഖ് നൽകണേ. കത്തിയാളുന്ന നരകത്തിൽ നിന്നും ഞങ്ങളെ എല്ലാവരെയും നീ അകറ്റേണമേ .. മുസ്തഫ പുതുതായി ചേർന്ന കുട്ടിയാണ്. അവൻ പഠിച്ചുവെച്ചതിനെ തിരുത്തേണ്ടതുണ്ട്. അല്ലാഹുവേ, അവന്റെ പിഴച്ച ചിന്തയെ നീ മാറ്റേണമേ...!

മഗ്‌രിബ് ബാങ്ക് വിളിച്ചു. കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീര് തുടച്ചുകൊണ്ട് അവൻ എഴുന്നേറ്റു.

നേർപഥത്തിലേക്കുള്ള വാർത്തകൾ mail@nerpatham.com എന്ന ഇ മെയിലിലോ 9207525244 എന്ന വാട്സ്ആപ്പ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

Nerpatham Weekly, EKP Building, Kallai Road Kozhikode
PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ആദം നബി عليه السلام

ആദം(عليه السلام)നെ സൃഷ്ടിച്ചതിന് ശേഷം മലക്കുകളോട് അല്ലാഹു ആദമിന് സുജൂദ് ചെയ്യാൻ കൽപിച്ചു. മനുഷ്യർക്ക് മുമ്പ് അല്ലാഹു സൃഷ്ടിച്ചവരാണല്ലോ മലക്കുകളും ജിന്നുകളും. ജിന്നുകളിൽ പെട്ട ഇബ്‌ലീസ് ഏറെ ഇബാദത്ത് ചെയ്തിരുന്നതിനാൽ അല്ലാഹു മലക്കുകളോട് സുജൂദ് ചെയ്യാൻ കൽപിച്ചപ്പോൾ അവനോടും ആ കൽപന ഉണ്ടായിരുന്നു. എന്നാൽ അവൻ അതിന് തയ്യാറായില്ല. അവൻ അഹങ്കരിച്ച് പിൻമാറി.

“ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽ പെട്ടവനായിരുന്നു”(2:34).

ഇബാദത്ത് അല്ലാഹുവന് മാത്രമെ പാടുള്ളൂ. അല്ലാഹു അല്ലാത്ത, ഒരു സൃഷ്ടിക്കും ആരാധനയുടെ യാതൊന്നും അർപ്പിക്കാവതല്ല. എന്നാൽ മലക്കുകൾ ആദമിന് സുജൂദ് ചെയ്തതും ശിർക്കാവില്ലേ എന്നൊരു സംശയം ഉണ്ടാകാം.

സുജൂദ് രണ്ട് രൂപത്തിലുണ്ട്. ഒന്ന് ഇബാദത്തിന്റെ സുജൂദാണ്. മറ്റൊന്ന് മുൻകാല സമൂഹത്തിൽ നിലവിലുണ്ടായിരുന്ന ആദരവിന്റെയും ഉപചാരത്തിന്റെയും സുജൂദാണ്. ഏതാണെങ്കിലും ഈ സമുദായത്തിന് അല്ലാഹുവോ റ

സൂലോ അനുവദനീയമാക്കിയിട്ടില്ല. മുൻകാല സമൂഹത്തിലുണ്ടായിരുന്ന ഈ സമ്പ്രദായമോ അതല്ലാത്തതോ ആയ ഏത് സുജൂദും നമുക്ക് അനുവദനീയമല്ല.

മലക്കുകളോട് ആദം ﷺന് സുജൂദ് ചെയ്യാൻ അല്ലാഹു കൽപിച്ചത് ആദമിനെ ആരാധിക്കുന്നതിന്റെ ഭാഗമായല്ല. മറിച്ച് അത് ഉപചാരത്തിന്റെ ഭാഗമാണ്. മാത്രവുമല്ല, അല്ലാഹുവിന്റെ കൽപനപ്രകാരം ചെയ്യുന്നതിനാൽ അത് അല്ലാഹുവിനുള്ള ഇബാദത്താണ്.

മുൻകാല സമുദായത്തിൽ ആദരവിന്റെയും ഉപചാരത്തിന്റെയും സുജൂദ് ഉണ്ടായിരുന്നുവെന്ന് പറഞ്ഞുവല്ലോ. അതിന് ഉദാഹരണമാണ് യൂസുഫ് നബി(അ)ന്റെ പതിനൊന്ന് സഹോദരങ്ങൾ പിതാവ് യഅ്ക്വൂബ്(അ)നും മാതാവിനും ചെയ്ത സുജൂദ്.

മുആദ് ﷺ ശാമിൽ നിന്ന് വന്നപ്പോൾ നബി ﷺയുടെ മുമ്പിൽ സുജൂദ് ചെയ്തു. ഈ സംഭവം ഹദീസ് ഗ്രന്ഥങ്ങളിൽ ഇപ്രകാരം കാണാം.

അബ്ദുല്ലാഹിബ്നു അബൂ ഔഫഃ ﷺവിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "മുആദ് ശാമിൽ നിന്ന് വന്നപ്പോൾ നബി ﷺക്ക് സുജൂദ് ചെയ്തു. നബി ﷺ ചോദിച്ചു: 'മുആദേ എന്താണ് ഇത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ ശാമിൽ ചെന്നു. അവിടെയുള്ളവർ അവരുടെ ബിഷപ്പുമാർക്കും പോപ്പുമാർക്കും സുജൂദ് ചെയ്യുന്നു. അപ്പോൾ ഞങ്ങൾ അങ്ങേക്ക് അത് ചെയ്യാൻ മനസ്സിൽ കൊതിച്ചു.' അപ്പോൾ റസൂൽ ﷺ പറഞ്ഞു: 'അങ്ങനെ ചെയ്യരുത്. അല്ലാഹുവല്ലാത്തവർക്ക് സുജൂദ് ചെയ്യുവാൻ ഞാൻ കൽപിക്കുമായിരുന്നുവെങ്കിൽ ഒരു പെണ്ണ് അവളുടെ ഭർത്താവിന്റെ മുമ്പിൽ സുജൂദ് ചെയ്യുവാൻ കൽപിക്കുമായിരുന്നു"(ഇബ്നുമാജഃ). ഇതിൽനിന്ന് അല്ലാഹു അല്ലാത്തവരുടെ മുന്നിൽ എല്ലാ രൂപത്തിലുള്ള സുജൂദും വിരോധിക്കപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കാം. അത് ഒരു വലിയ്യിന്റെ മുമ്പിലായാലും ക്വബ്റിനു മുകളിലായാലും അനുവദനീയമല്ല. അത് ശിർക്കിന്റെ സുജൂദാണ്.

അല്ലാഹുവിന്റെ യാതൊരു കൽപനക്കും അനുസരണക്കേട് കാണിക്കാത്തവരാണല്ലോ മലക്കുകൾ. അല്ലാഹു അവരോട് ആദമിന് സുജൂദ് ചെയ്യാൻ കൽപിച്ച ഉടനെ അവർ അത് നിർവഹിച്ചു. എന്നാൽ ഇബ്ലീസ് ആ കൽപനയെ നിരസിക്കുകയായിരുന്നു. അവൻ ജിന്നുവർഗത്തിൽ പെട്ടതാണല്ലോ. "നാം മല കളോട് നിങ്ങൾ ആദമിന് പ്രണാമം ചെയ്യുക എന്ന് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ.) അവർ പ്രണാമം ചെയ്തു. ഇബ്ലീസ് ഒഴികെ. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അങ്ങനെ തന്റെ രക്ഷിതാവിന്റെ കൽപന അവൻ ധിക്കരിച്ചു..." (18:50).

അവനോടും ആദമിനു സുജൂദ് ചെയ്യാൻ അല്ലാഹു കൽപിച്ചിരുന്നുവെന്നാണ് ഈ വചനവും നമ്മെ പഠിപ്പിക്കുന്നത്. പക്ഷേ, അവൻ അതിന് തയ്യാറായില്ല.

"അല്ലാഹു പറഞ്ഞു: ഞാൻ നിന്നോട് കൽപിച്ചപ്പോൾ സുജൂദ് ചെയ്യാതിരിക്കാൻ നിനക്കെന്ത് തടസ്സമായിരുന്നു? അവൻ പറഞ്ഞു: ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും"(7:12).

"അവൻ പറഞ്ഞു: നീ കളിമണ്ണിനാൽ സൃഷ്ടിച്ചവന്ന് ഞാൻ സുജൂദ് ചെയ്യുകയോ?' (17:61).

സൃഷ്ടിപ്പിന്റെ ഭൗതിക സത്തയെ മുൻനിർത്തി അവൻ അഹങ്കരിച്ചു. എന്നാൽ അഹങ്കരിക്കുവാൻ അവനെക്കാൾ അവകാശപ്പെട്ട മലക്കുകളോ? അവർ അല്ലാഹുവിന്റെ കൽപനക്ക് മുൻഗണന നൽകി. ഇബ്ലീസിനെ പോലെ യുക്തിവാദം പറഞ്ഞില്ല. അല്ലാഹുവിന്റെ കൽപനയെ യുക്തിവാദം കൊണ്ട് തള്ളിക്കളഞ്ഞതിന്റെ ഫലമായി ഇഹപരത്തിൽ അവൻ അല്ലാഹുവിന്റെ ശാപത്തിന് വിധേയനായി. ഈ യുക്തിവാദത്തിന് അവനെ പ്രേരിപ്പിച്ച രണ്ട് ദുർഗുണങ്ങളുണ്ടായിരുന്നു അസൂയയും അഹങ്കാരവും.

"അവൻ (അല്ലാഹു) പറഞ്ഞു: നീ ഇവിടെ നിന്ന് ഇറങ്ങിപ്പോവുക. ഇവിടെ നിനക്ക് അഹങ്കാരം കാണിക്കാൻ പറ്റുകയില്ല. പുറത്ത് കടക്കൂ. തീർച്ചയായും നീ നിന്ദ്യരുടെ കൂട്ടത്തിലാകുന്നു. അവൻ പറഞ്ഞു: മനുഷ്യർ ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ എനിക്ക് നീ അവധി നൽകേണമേ. അവൻ (അല്ലാഹു) പറഞ്ഞു: തീർച്ചയായും നീ അവധി നൽകപ്പെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു" (7:13-15).

അന്ത്യനാൾ വരെയുള്ള ആയുസ്സിനാണ് അവൻ അല്ലാഹുവിനോട് ആവശ്യപ്പെട്ടതെങ്കിലും അല്ലാഹു ഒരു നിശ്ചിത അവധിവരെ അവന് ആയുസ്സ് നീട്ടിക്കൊടുത്തു.

"അല്ലാഹു പറഞ്ഞു: എന്നാൽ ആ നിശ്ചിത സന്ദർഭം വന്നെത്തുന്ന ദിവസം വരെ അവധി നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ തന്നെയാകും നീ'(15:37,38). ഒന്നാമത്തെ കാഹളമൂത്തിനെ തുടർന്ന് സൃഷ്ടികളെല്ലാം നാശമടയുന്ന ദിവസം വരെ എന്നുദ്ദേശ്യം. അവൻ ചോദിച്ചതാകട്ടെ, രണ്ടാമത്തെ കാഹളമൂത്തിനെ തുടർന്നുണ്ടാകുന്ന പുനരുത്ഥാരണ ദിവസം വരെയും. ഇബ്ലീസിന്റെ മുഴുവൻ അപേക്ഷയും സ്വീകരിക്കപ്പെട്ടില്ലെങ്കിലും മനുഷ്യനുള്ള കാലം വരെ വഞ്ചിക്കുവാനുള്ള അവസരം അവന് സാധിച്ചുകിട്ടി. അല്ലാഹു കണ്ടുവെച്ച അതിമഹത്തായ ഒരു രഹസ്യമത്രെ അത്. മനുഷ്യനെ സംബന്ധിച്ചെടത്തോളം അവന്റെ വിജയത്തിനും പുരോഗതിക്കും അനുകൂലമായ സാഹചര്യങ്ങൾ മാത്രമാണ് നിലവുള്ളതെങ്കിൽ, മനുഷ്യജീവിതം കേവലം യാന്ത്രികമായിരിക്കും. നേരെ മറിച്ച്, കനത്ത പ്രതികൂല ഘടകം ഉണ്ടായിരിക്കുകയും അതിനോട് മല്ലിട്ടുകൊണ്ട് മുന്നേറുകയും ചെയ്യുമ്പോഴായിരിക്കും മനുഷ്യന് യഥാർഥ പുരോഗതിയും സാക്ഷാൽ വിജയവും കൈവരിക്കാൻ സാധിക്കുക.

അല്ലാഹു ഇബ്ലീസിന് ആയുഷ്കാലം നീട്ടിക്കൊടുത്തപ്പോൾ അവൻ പറഞ്ഞത് കാണുക:

"അവൻ (ഇബ്ലീസ്) പറഞ്ഞു: നീ എന്നെ വഴി

പിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ(മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുമ്പിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതു ഭാഗങ്ങളിലൂടെയും ഇടതു ഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധിക പേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല. അവൻ(അല്ലാഹു) പറഞ്ഞു: നിന്ദ്യനും തള്ളപ്പെട്ടവനുമായിക്കൊണ്ട് നീ ഇവിടെ നിന്ന് പുറത്ത് കടക്കൂ. അവരിൽ നിന്ന് വല്ലവരും നിന്നെ പിൻപറ്റുന്ന പക്ഷം നിങ്ങളെല്ലാവരെയും കൊണ്ട് നരകം ഞാൻ നിറക്കുക തന്നെ ചെയ്യും'(7:16-18).

പിശാച് പല രൂപത്തിലും മനുഷ്യരെ നരകത്തിലേക്ക് നയിക്കും. കുഫ്‌റും ശിർക്കും ചെയ്യിപ്പിച്ചും അതിന് വശംവദരാകാത്തവരെ മറ്റു വൻപാപാങ്ങളിലൂടെയും ഹറാമായ കാര്യങ്ങളിലൂടെയും അവൻ നരകത്തിലേക്കെത്തിക്കാനായി പല തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തും. മറ്റൊരു സ്ഥലത്ത് ക്വുർആൻ ഇപ്രകാരം പറഞ്ഞു:

"അവൻ (അല്ലാഹു) പറഞ്ഞു: നീ പോയിക്കൊള്ളൂ. അവരിൽ നിന്ന് വല്ലവരും നിന്നെ പിന്തുടരുന്ന പക്ഷം നിങ്ങൾക്കെല്ലാമുള്ള പ്രതിഫലം നരകം തന്നെയായിരിക്കും. അതെ, തികഞ്ഞ പ്രതിഫലം തന്നെ. അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കിവിട്ടുകൊള്ളുക. അവർക്കെതിരിൽ നിന്റെ കുതിരപ്പടയെയും കാലാൾപ്പടയെയും നീ വിളിച്ചു കൂട്ടുകയും ചെയ്തു കൊള്ളുക. സ്വത്തുകളിലും സന്താനങ്ങളിലും നീ അവരോടൊപ്പം പങ്ക് ചേരുകയും അവർക്കു നീ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തു കൊള്ളുക. പിശാച് അവരോട് ചെയ്യുന്ന വാഗ്ദാനം വഞ്ചന മാത്രമാകുന്നു" (17:62,63).

ഇബ്‌ലീസും അവന്റെ കൂട്ടാളികളും എത്ര ശ്രമിച്ചാലും നല്ലവരായ ആളുകളെ വഴിപിഴപ്പിക്കാൻ അവർക്ക് സാധിക്കില്ല. അല്ലാഹു അവനോട് പറയുന്നത് കാണുക:

"തീർച്ചയായും എന്റെ ദാസന്മാരാരോ അവരുടെ മേൽ നിനക്ക് യാതൊരധികാരവുമില്ല. കൈകാര്യ കർത്താവായി നിന്റെ രക്ഷിതാവ് തന്നെ മതി"(17:65).

അല്ലാഹു ആദം(ﷺ)നെ സൃഷ്ടിക്കുന്നതിന് മുമ്പ് മലക്കുകളോട് ആ കാര്യം അറിയിച്ചിരുന്നു. അത് ക്വുർആൻ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു:

"ഞാനിതാ ഭൂമിയിൽ ഒരു 'ഖലീഫ'യെ നിയോഗിക്കാൻ പോകുകയാണെന്ന് നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക). അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരേയാണോ നീ നിയോഗിക്കുന്നത്! ഞങ്ങളാകട്ടെ നിന്റെ മഹത്ത്വത്തെ പ്രകീർത്തിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നവരാണല്ലോ. അവൻ(അല്ലാഹു) പറഞ്ഞു: നിങ്ങൾക്കറിഞ്ഞു കൂടാത്തത് എനിക്കറായാം"(2:30).

ഇവിടെ 'ഖലീഫ' എന്ന പദമാണ് അല്ലാഹു ഉപയോഗിച്ചത്. സാധാരണ മലയാളത്തിൽ 'ഖലീഫ' എന്ന വാക്കിന് പിൻഗാമി, അനന്തരഗാമി, പ്രതിനിധി എന്നൊക്കെയാണ് അർഥം നൽകാറ്.

പിൻഗാമി എന്ന് നാം ഉപയോഗിക്കാറുള്ളത് മുന്നിൽ ഗമിക്കുന്നവന്റെ കാലശേഷം അവന്റെ മാതൃകയിൽ പിന്നിൽ ഗമിക്കുന്നവനെന്ന ഉദ്ദേശത്തിലാണല്ലോ. ഒരു പിതാവ് മരണപ്പെടാൻ സമയത്ത് ഇനി എന്റെ കച്ചവടവും മറ്റു കാര്യങ്ങളുമെല്ലാം എന്റെ പിൻഗാമിയായ ഇന്ന മകൻ ചെയ്യും എന്ന് പറയുമ്പോൾ 'എന്റെ കഴിവും ആയുസ്സും അവസാനിച്ചു, ഇനി മകൻ (അല്ലെങ്കിൽ അയാൾ നിശ്ചയിക്കുന്നയാൾ) ചെയ്യണം' എന്നാണല്ലോ ഉദ്ദേശിക്കുന്നത്. അവൻ അതിന് പ്രാപ്തനാണ് എന്ന ബോധ്യവും അയാൾക്കുണ്ടായിരിക്കും. ഈ അർഥത്തിൽ മനുഷ്യനെ അല്ലാഹുവിന്റെ 'പിൻഗാമി' എന്ന് പറയാനോ വിശ്വസിക്കുവാനോ ഒരിക്കലും പാടില്ല. കാരണം എന്നെന്നും ജീവിക്കുന്ന, ഒരിക്കലും മരിക്കാത്ത, എന്നും എപ്പോഴും എല്ലാത്തിനും കഴിയുന്ന അല്ലാഹുവിന് ഇത്തരം ഒരു പിൻഗാമി ഉണ്ടാവതല്ല. അപ്പോൾ ഖലീഫ എന്ന പദം ഇവിടെ ഉപയോഗിച്ചത് പിൻഗാമി, അനന്തരഗാമി തുടങ്ങിയ അർഥങ്ങളിലല്ല.

'പ്രതിനിധി' എന്നതും മലയാളത്തിൽ നാം പലപ്പോഴും കേൾക്കാറുള്ളതാണ്. 'കേരളത്തെ പ്രതിനിധീകരിച്ച് ഇന്നയാൾ സംസാരിക്കും' എന്ന് കേൾക്കുമ്പോൾ കേരളീയർക്കെല്ലാം തൽസ്ഥാനത്ത് എത്തിച്ചേരാൻ കഴിയില്ല; അവരുടെ ഒരു പ്രതിനിധിയാണ് ഇന്നയാൾ എന്ന് നാം ഗ്രഹിച്ചെടുക്കും. അപ്പോൾ സാധാരണ പ്രതിനിധി എന്നത് മറ്റുള്ളവരുടെ ബലഹീനതയാണ് തെളിയുന്നത്. പ്രതിനിധിക്ക് കഴിവ് കൂടുതലും ആരുടെ പ്രതിനിധിയാണോ, അവർ അതിന് അശക്തരുമാണെന്ന് പ്രകടമാകുന്നു. മനുഷ്യനെ ഖലീഫ എന്ന് പറഞ്ഞത് ഒരിക്കലും അല്ലാഹുവിന്റെ ഏതെങ്കിലും പ്രവർത്തനങ്ങൾ ചെയ്യുന്നവൻ എന്നും പ്രതിനിധി എന്ന പദത്തിൽ നിന്ന് മനസ്സിലാക്കിക്കൂടാ. ഇതെല്ലാം കുഫ്‌റായത്തീരുന്നതാണ്. കാരണം അല്ലാഹുവിന് ബലഹീനതയോ കഴിവു കേടോ ബാധിക്കില്ലല്ലോ. അവന്റെ അധികാരം അവൻ മറ്റാർക്കും നൽകുകയുമില്ല.

"ഞാനിതാ ഭൂമിയിൽ ഒരു 'ഖലീഫ'യെ നിയോഗിക്കാൻ പോകുന്നു" എന്ന് പറഞ്ഞത് അല്ലാഹു ഖിലാഫത്ത് സ്ഥാനം നൽകി ബഹുമാനിച്ച ആൾ എന്ന അർഥത്തിലാണെന്ന് മനസ്സിലാക്കണം. ഈ ഭാഗം വിശദീകരിക്കവെ ഇമാം ഇബ്നു കഥീർ(റ) ഇപ്രകാരം പറയുന്നു:

"അതായത് ഒരു തലമുറക്കു ശേഷം മറ്റൊരു തലമുറയും ഒരു കാലക്കാർക്ക് ശേഷം മറ്റൊരു കാലക്കാരുമായിക്കൊണ്ട് ചിലർക്ക് പിന്നിൽ ചിലർ വന്നുകൊണ്ടിരിക്കുന്ന ജനങ്ങൾ" (ഇബ്നു കഥീർ).

ഈ അർഥത്തിൽ ക്വുർആനിൽ പ്രയോഗിക്കപ്പെട്ടത് നമുക്ക് കാണാം: "അവനത്രെ നിങ്ങളെ ഭൂമിയിൽ പിൻഗാമികളായിവരുന്നവർ ആക്കിയവൻ" (35:39). "അവൻ നിങ്ങളെ ഭൂമിയിലെ മാറി മാറി വരുന്ന പിൻഗാമികൾ ആക്കുന്നു" (27:62). ഈ സൂക്തങ്ങളിൽ നിന്ന് മലക്കുകളോട് ഖലീഫയെന്ന് പറഞ്ഞതിൽ നിന്ന് ആദം മാത്രമല്ല മനുഷ്യർ മൊത്തത്തിൽ ഉൾപ്പെടുമെന്ന് മനസ്സിലാക്കാം. **(തുടരും)**

**അശ്‌റഫ് എകരൂൽ**
ashrafekarul@gmail.com



# സാമൂഹ്യ വളർച്ച കുട്ടികളിൽ

മനുഷ്യന്റെ പ്രത്യേകതകളിൽ ഒന്നാണ് അവൻ ഒരു സാമൂഹ്യജീവിയാണെന്നത്. അതിനാൽ തന്നെ അനിവാര്യമായും കുട്ടികളിൽ ഉണ്ടാകേണ്ട ഒന്നാണ് അവരുടെ സാമൂഹ്യവളർച്ച എന്നത്. ജീവിക്കുന്ന സമൂഹത്തിന്റെ നടുവിൽ സന്തുലിതമായും ക്രിയാത്മകമായും നിലനിൽക്കാനുള്ള പക്വതയും പാകതയും നേടുകയെന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. തന്റെ ചുറ്റുപാടിനോട് പ്രതികരിക്കാൻ കഴിയുന്ന മാനസികാവസ്ഥ കുട്ടികളുടെ വളർച്ചയോടൊപ്പം ലഭ്യമാകേണ്ടതാണ്. മറ്റുള്ളവരിൽ നിന്ന് മുഖം തിരിക്കാതെയും ഉൾവലിയാതെയും ഭയപ്പെടാതെയും മാന്യതയോടും ആദരവോടും കൂടി ഇടപഴകുവാൻ കഴിയേണ്ടതുണ്ട്. ഇസ്‌ലാമിക വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും അടിത്തറകളിൽ നിന്ന് ഇവ മക്കൾക്ക് പകർന്നു നൽകേണ്ടതുണ്ട്. ഇന്നത്തെ അണുകുടുംബ പശ്ചാത്തലത്തിൽ ധാരാളം കുടുംബങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ് ചുറ്റുപാടുകളോട് പ്രതികരിക്കാൻ ശേഷിയോ അതല്ലെങ്കിൽ താൽപര്യമോ ഇല്ലാത്ത മക്കൾ. തങ്ങളുടെ പഠന മുറികളിൽ പാഠപുസ്തകങ്ങളോട് മാത്രം ഇണങ്ങി നിന്നോ, ഇലക്ട്രോണിക് മാധ്യമങ്ങളിൽ തലപൂഴ്ത്തിക്കിടന്നോ തങ്ങളുടേത് മാത്രമായ നിശ്ശബ്ദ ഏകാന്തതകളിലേക്ക് ഒതുങ്ങിക്കൂടുന്ന കൗമാരക്കാർ. കൗമാരം വിട്ടുകടന്നാൽ പോലും ഈ ഏകാന്ത പരിസരത്തിൽ നിന്ന് പുറത്തു കടക്കാൻ മടി കാണിക്കുന്ന 'പുര നിറഞ്ഞു നിൽക്കുന്ന' നവയൗവനത്തെ ഇന്ന് ഒരു വിധം വീടുകളിലെല്ലാം കാണാൻ സാധിക്കും! സ്വന്തം വീട്ടിൽ കുടുംബത്തിൽ പെട്ട ഒരു അതിഥി വന്നാൽ പോലും മുറിക്കുള്ളിൽ നിന്നും പുറത്തിറങ്ങി വരാത്ത കുട്ടികൾ ഇന്ന് ഒരു സാധാരണ കാഴ്ചയാണ്. അവരെപ്പറ്റി ചോദിച്ചാൽ, ആളുകളെ അഭിമുഖീകരിക്കാൻ മടിയാണെന്നും ലജ്ജയാണെന്നും ഒക്കെ മറുപടി കിട്ടും.

ഇസ്‌ലാമിന്റെ പ്രഥമ തലമുറ എങ്ങനെയാണ് സാമൂഹ്യ വളർച്ച സാധ്യമാക്കിയതന്ന് അറിയുമ്പോഴാണ് മാതൃകാ വ്യക്തിത്വങ്ങളും നേതാക്കളുമായി അവർ വളർന്നു വന്നതിൽ ഒരു യാദൃച്ഛികതയും നമുക്ക് തോന്നാതിരിക്കുക. ചില ഉദാഹരണങ്ങൾ കാണുക:

**1. മുതിർന്നവരുടെ സദസ്സുകളിൽ കൂടെ കൂട്ടുക**

സ്വഹാബികളുടെ കാലത്ത് കുട്ടികൾ നബിﷺയുടെ സദസ്സുകളിൽ വന്നിരിക്കുകയും അവരുടെ പിതാക്കന്മാർ അവരെ അതിനായി കൊണ്ട് വരികയും ചെയ്തിരുന്നു.

അബ്ദുല്ലാഹ് ഇബ്നു ഉമർ ﷺ തന്റെ കുട്ടിക്കാലത്തെ ഒരു നബിസദസ്സിന്റെ അനുഭവം വിവരിച്ചുകൊണ്ട് പറയുന്നു: നബി ﷺ ചോദിച്ചു: "ഒരു മുസ്‌ലിമിന്റെ ഉപമ പറയാൻ പറ്റുന്ന ഒരു മരം ഉണ്ട്. അല്ലാഹുവിന്റെ അനുമതി പ്രകാരം അത് സദാ ഫലം നൽകിക്കൊണ്ടിരിക്കും. ഇലകൾ പൊഴിഞ്ഞു പോകില്ല. ഏതാണത്?" അപ്പോൾ എന്റെ മനസ്സിൽ അത് കാരക്ക മരമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, അബൂബക്കർ ﷺ, ഉമർ ﷺ എന്നിവരൊക്കെയുള്ള സദസ്സിൽ അവർ മിണ്ടാതിരിക്കുമ്പോൾ ഞാൻ സംസാരിക്കുന്നത് അനൗചിത്യമാകുമെന്നു കരുതി ഞാൻ (ഉത്തരം പറയുന്നത്) വെറുത്തു. (ആരും ഉത്തരം പറയാതിരുന്നപ്പോൾ) നബി ﷺ പറഞ്ഞു: "അത് കാരക്ക മരമാണ്." അങ്ങനെ ഞാൻ പിതാവിന്റെ കൂടെ പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: "പിതാവേ, അത് കാരക്ക മരമാണെന്ന് എന്റെ മനസ്സിലുണ്ടായിരുന്നു." അപ്പോൾ പിതാവ് ഉമർ ﷺ ചോദിച്ചു: "എന്ത് കൊണ്ട് നീ അത് പറഞ്ഞില്ല? നീ പറഞ്ഞിരുന്നുവെങ്കിൽ എനിക്ക് അത് ഇന്നയിന്നതിനെക്കാളും ഇഷ്ടമാകുമായിരുന്നു." അപ്പോൾ അബ്ദുല്ല ﷺ പറഞ്ഞു: "ഉപ്പാ, താങ്കളും അബൂബക്കറും ﷺ ഒന്നും സംസാരിക്കാത്തതിനാൽ എനിക്ക് മടിയായി." (ബുഖാരി, മുസ്‌ലിം). മറ്റൊരു റിപ്പോർട്ടിൽ 'ഞാൻ അവരുടെ കൂട്ടത്തിലെ ഏറ്റവും ചെറിയവൻ ആണല്ലോ, അതിനാൽ ഞാൻ മൗനം പാലിച്ചു' എന്നാണുള്ളത്.

നബി ﷺ ഉപദേശങ്ങൾ നടത്തുന്ന സദസ്സിൽ കുട്ടിയായ അബ്ദുല്ല പിതാവിനോടപ്പം പങ്കടുത്തിരുന്നു എന്നതാണ് ഇതിൽ നിന്ന് നമുക്കുള്ള പാഠം. നമ്മൾ അധികവും കുട്ടികളെ വീട്ടിൽ ഇരുത്തിയാണ് ക്ലാസ്സുകളിലും സദസ്സുകളിലും പങ്കടുക്കുന്നത്. അതിനാൽ തന്നെ സാമൂഹ്യ ഇടങ്ങൾ അവർക്ക് കണ്ടറിയാനും കൊണ്ടറിയാനും ഉള്ള അവസരങ്ങൾ ലഭിക്കുന്നില്ല.

ഇത്തരം സദസ്സുകളിൽ സാധ്യമാകുന്ന സന്ദർഭങ്ങളിൽ അവരെ കൂടി പങ്കാളികളാക്കുമ്പോൾ ധാരാളം കാര്യങ്ങൾ അവർ കണ്ടും അനുഭവിച്ചും മനസ്സിലാക്കും. അവർ മറ്റുള്ളവരുമായി ഇടപഴകുമ്പോൾ അവരുടെ പോരായ്മകൾ രക്ഷിതാക്കൾക്ക് തിരിച്ചറിയാനും അനുയോജ്യമായ രീതിയിൽ തിരുത്താനും അവസരം ലഭിക്കും. അത് അവരെ അതിനെക്കാൾ ഉയർന്ന സദസ്സുകളിൽ പക്വമായ സ്വഭാവം പ്രകടിപ്പിക്കാൻ സഹായിക്കും. ചോദ്യങ്ങൾ സ്വീകരിക്കാനും മറുപടികൾ തിരിച്ചു കൊടുക്കാനും ധൈര്യവും പരിശീലനവും കിട്ടും. സംസാര വൈഭവത്തിന്നും മനസ്സിനെ ശുദ്ധീകരിക്കാനും മുതിർന്നവരുടെ സംസാരങ്ങൾ പതിയെ മനസ്സിലാക്കി എടുക്കാനുമൊക്കെ ഇത്തരം പങ്കാളിത്തം കൊണ്ട് സാധിക്കും. കൂടുതൽ ബുദ്ധിയും ഗ്രാഹ്യശക്തിയും ഉള്ള കുട്ടികൾ സമൂഹത്തിൽ കൂടുതൽ വെളിപ്പെട്ടു വരികയും ശ്രദ്ധിക്കപ്പെടുകയും ചെയ്യാനും ഇത്തരം പങ്കാളിത്തം വഴിവെക്കും. വളരെ ചെറു പ്രായക്കാരനായ അബ്ദുല്ലാഹ് ഇബ്നു അബ്ബാസി ﷺ ന്റെ അവസ്ഥ ഇതിനു ഉദാഹരണമാണ്. അദ്ദേഹം പറയുകയാണ്: 'ഉമർ ﷺ ബദ്റിൽ പങ്കടുത്ത മുതിർന്നവരുടെ സദസ്സിൽ എന്നെ പ്രവേശിപ്പിക്കുമായിരുന്നു. ഒരിക്കൽ അബ്ദുർറഹ്മാൻ ഇബ്നു ഔഫ് ﷺ അദ്ദേഹത്തോട് ചോദിച്ചു: 'ഉമർ, താങ്കൾ എന്തിനാണ് ഈ യുവാവിനെ നമ്മുടെ കൂടെ പ്രവേശനാനുമതി നൽകുന്നത്. ഞങ്ങൾക്കും അവനെ പോലുള്ള മക്കളുണ്ടല്ലോ?" ഇബ്നു അബ്ബാസ് തുടർന്നു: 'ഉമറ) അവർക്കത് ബോധ്യപ്പെടുത്തിക്കൊടുത്തു. ഒരു ദിവസം അവരെ ഉമർ ﷺ വിളിച്ചു വരുത്തി, എന്നെയും വിളിച്ചു. എന്നെ അവർക്ക് മുമ്പിൽ കാണിച്ചു കൊടുക്കാൻ തന്നെയാണ് വിളിച്ചു വരുത്തിയത് എന്നെനിക്ക് തോന്നിയിരുന്നു. സൂറതുൽ ഫത്ഹ് പാരായണം ചെയ്തിട്ട് ഉമർ ﷺ (സദസ്സിനോടായി) ചോദിച്ചു: 'ഈ അധ്യായത്തിൽ നിന്ന് എന്താണ് (എന്ത് പാഠമാണ്) നിങ്ങൾക്ക് തോന്നുന്നത്?' അവരിൽ ചിലർ പറഞ്ഞു: 'അല്ലാഹു നമ്മോട് അവനെ സ്തുതിക്കാനും വിജയവും സഹായവും ഉണ്ടായാൽ അവനോടു പാപമോചനം തേടാനുമൊക്കെയാണ് ഈ അധ്യായത്തിലൂടെ ആവശ്യപ്പെടുന്നത്.' ചിലർ ഒന്നും അറിയില്ലെന്ന് പറഞ്ഞപ്പോൾ മറ്റു ചിലർ മൗനം പാലിച്ചിരുന്നു. ശേഷം ഉമർ ﷺ എന്നോട് ചോദിച്ചു: 'ഇബ്നു അബ്ബാസ്, നീയും ഇപ്രകാരമാണോ മനസ്സിലാക്കുന്നത്?' ഞാൻ പറഞ്ഞു: 'അല്ല.' 'അപ്പോൾ നീ എന്താണ് പറയുന്നത്?' ഞാൻ പറഞ്ഞു: 'അത് പ്രവാചകന്റെ അന്ത്യസമയത്തെ കുറിച്ചുള്ള അല്ലാഹുവിന്റെ മുന്നറിപ്പാണ്. വിജയം എന്നത് മക്കാവിജയമാണ്. സ്തുതി അർപ്പിക്കാനും പാപമോചനം തേടാനുമുള്ള നിർദേശം മരണത്തിലേക്കുള്ള സൂചനയുമാണ്.' ഉമർ ﷺ പറഞ്ഞു: 'നിനക്ക് തോന്നിയത് തന്നെയാണ് എനിക്കും മനസ്സിലായത്' (ബുഖാരി).

മുഹമ്മദ് നബി ﷺ കുട്ടികളുമായി ഇടപഴകിയിരുന്നു. കുട്ടികൾക്ക് നബിയോട് ഇടപഴകാനുമുള്ള സൗകര്യവും സന്ദർഭങ്ങളും ഉണ്ടായിരുന്നു. സമൂഹത്തിലെ ഏറ്റവും മുതിർന്ന നേതാവിന്റെയും കുട്ടികളുടെയും ഇടയിൽ തുറന്നിട്ട ഒരു വാതിൽ എന്നും ഉണ്ടായിരുന്നതിനാൽ സാമൂഹ്യത്തിന്റെ മുഖ്യധാരയിൽ ഇടകലർന്നു ജീവിക്കാൻ കുട്ടികൾക്ക് കഴിഞ്ഞു. അതിനാൽ അവരുടെ സാമൂഹ്യ വളർച്ചയുടെ നിരക്ക് ഉയർന്നതായിരുന്നു. നബി ﷺ യുടെ സദസ്സിൽ കുട്ടികൾ കേവലം മൂലയിൽ വെച്ച കളിക്കോപ്പ് സമാനം ഇരിക്കുകയോ ഇരുത്തപ്പെടുകയോ ആയിരുന്നില്ല. കൃത്യമായ നബിസംസാരങ്ങളെ ഓർമയിൽ വെക്കാനും പിന്നീട് ഹദീഥ് നിവേദനം ചെയ്യാനും മാത്രം ശേഷി ഉണ്ടാകും വിധം മുതിർന്നവരുടെ കൂടെ കുട്ടികൾക്ക് കൂടി അവിടെ സ്ഥാനം ലഭിച്ചിരുന്നു. ചെറു പ്രായക്കാരനായ സ്വഹാബി അബൂജുഹൈഫ ﷺ പറയുകയാണ്: 'ഞാൻ നബി ﷺ യുടെ അടുത്തായിരിക്കുമ്പോൾ നബി ﷺ തന്റെ അടുത്തുള്ള ഒരാളോട് പറഞ്ഞു: ഞാൻ ചാരി ഇരുന്നു കൊണ്ട് ഭക്ഷണം കഴിക്കില്ല' (ബുഖാരി, അഹ്മദ്).

നബി ﷺ തന്റെ കുട്ടിക്കാലത്ത് പിതൃവ്യന്മാരോടൊപ്പം മക്കയിൽ നടന്ന പ്രസിദ്ധമായ 'ഹിൽഫുൽ ഫുളൂൽ' എന്ന അനീതിക്കെതിരെ ഇരകൾക്കൊപ്പം നിൽക്കാനുള്ള തീരുമാന സദസ്സിൽ പങ്കടുത്ത വിവരം ● ഭിമാനപൂർവം സ്മരിക്കുന്ന കാര്യം ഹദീഥുകളിൽ വന്നിട്ടുണ്ട്.

ശൈഖ് ഡോ. സ്വാലിഹ്ബിനു ആലുത്വാലിബ്
വിവ: സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

വിവർത്തനം



# റമദാനിന് ശേഷം?

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു' (അൽഹശ്ർ/18).

മുസ്‌ലിം സഹോദരങ്ങളെ, റമദാനിന്റെ സുഗന്ധം നമ്മുടെ വസ്ത്രങ്ങളിൽ നിന്നും അപ്രത്യക്ഷമായിട്ടില്ല, വിശുദ്ധ ക്വുർആൻ പാരായണത്തിന്റെ മാധുര്യം നമ്മുടെ മനസ്സുകളിൽ നിന്നും ഉണങ്ങിപ്പോയിട്ടില്ല. വിശുദ്ധ റമദാനിന്റെ വിടവാങ്ങലിന്റെ ദുഃഖം നമ്മുടെ കണ്ണുകളിൽ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നു. അത് ഉണങ്ങിപ്പോയിയെന്ന് വിലപിക്കുന്നവർ ആരാധനയുടെ ചൈതന്യവും ആസ്വാദ്യതയും മാധുര്യവും നഷ്ടപ്പെടുത്തിയവരാകുന്നു.

മനുഷ്യൻ ക്ഷമയവലംബിക്കുകയും ദേഹേഛകളെ അതിജയിക്കുകയും ചെയ്താൽ റമദാനിൽ ചെയ്തിരുന്ന വ്രതം, ക്വിയാമുല്ലൈൽ, ക്വുർആൻ പാരായണം, ദാനധർമങ്ങൾ തുടങ്ങിയ ഐഛികമായ ആരാധനകൾ തുടർത്തി കൊണ്ടുപോകാൻ സാധിക്കുന്നതാണ്. അതിലൂടെ റമദാനിൽ ജീവിതം നന്മയിലായതുപോലെ നിത്യമായി തന്റെ ജീവിതം നന്മയിലൂടെ മുന്നോട്ടു കൊണ്ടുപോകുവാനും, പതിവായുള്ള ആരാധനകൾ ചെയ്യുകയെന്ന പൂന്തോപ്പിലൂടെ തന്റെ ആത്മാവിനെ നയിക്കുവാനും സാധിക്കുന്നതാണ്. അല്ലാഹുവിന്റെ വചനം കാണുക:

"പറയുക; തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (അൽഅൻആം/162).

സഹോദരങ്ങളേ, ഭൂമി അടിമകൾക്കായി അല്ലാഹു നൽകിയ അനന്തരമാണ്, അതിലൂടെ പരലോകത്തേക്കായി സമ്പാദിച്ച കൃഷിയുൽപന്നങ്ങൾക്കനുസരിച്ചു പരലോകത്ത് സ്വർഗത്തിലവരുടെ സ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നു.

"അവർ പറയും: നമ്മളോടുള്ള തന്റെ വാഗ്ദാനം സത്യമായി പാലിക്കുകയും സ്വർഗത്തിൽ നിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം ഈ (സ്വർഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത അല്ലാഹുവിന് സ്തുതി" (അസ്സുമർ/74).

യഥാർഥ വിശ്വാസി അല്ലാഹുവിലേക്ക് സഞ്ചരിക്കുകയും അവനെ കണ്ടുമുട്ടുവാൻ പരിശ്രമിക്കുകയും ചെയ്യുകയാണ്. ആ യാത്ര സ്വർഗത്തിൽ എത്തുന്നതുവരെ തുടന്നുകൊണ്ടിരിക്കും. അത് അവനെ മരണം പിടികൂടുന്നതുവരെ അവസാനിക്കുകയില്ല.

"ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത്‌വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (ഹിജ്ർ/99).

ആരാധനകൾക്ക് വർധിച്ച പ്രതിഫലം ലഭിക്കുന്ന റമദാൻ നമ്മളിൽ നിന്ന് വിടപറഞ്ഞെങ്കിലും ഉന്നതനായ അല്ലാഹു എല്ലാ മാസങ്ങളുടെയും രക്ഷിതാവാകുന്നു. സൽകർമങ്ങൾ ചെയ്യുവാനുള്ള വിശാലമായ ചക്രവാളം തന്നെ നമ്മുടെ ജീവിതത്തിലുണ്ട്. വർധിച്ച പ്രതിഫലം ലഭിക്കപ്പെടും. അത് ലാഭകരമായ കച്ചവടമാണ്. അല്ലാഹുവിന്റെ ശരീഅത്തിലും റസൂൽﷺയുടെ ചര്യയിലും അല്ലാഹുവിലേക്കെത്തിക്കുന്ന നിരവധി അവസരങ്ങ(സൽകർമങ്ങ)ളും അവന്റെ തൃപ്തി കരസ്ഥമാക്കുവാനുള്ള മാർഗങ്ങളും ഉണ്ട്. അതുപോലെ തന്നെ അല്ലാഹുവിന്റെ തൃപ്തിയും അവന്റെ കാരുണ്യവും നമ്മിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങളുമുണ്ട്. അതിനെല്ലാം പ്രതിഫലമായി സ്വർഗം ലഭിക്കും. എന്നാൽ, പ്രവർത്തിക്കാൻ സന്നദ്ധരായവർ എവിടെ?

അബ്ദുല്ലാഹ് ഇബ്നു ഉമർ(റ) പറഞ്ഞു: "നബിﷺ എന്റെ ചുമലിൽ പിടിച്ചുകൊണ്ടു പറയുകയുണ്ടായി: ഈ ദുൻയാവിൽ നീ ഒരു അപരിചിതനെ പോലെ അല്ലെങ്കിൽ ഒരു വഴി യാത്രക്കാരനെ പോലെ യാവു(ജീവിക്കു)ക." ഇബ്നു ഉമർ(റ) പറയാറുണ്ടായിരുന്നു: "നിനക്ക് വൈകുന്നേരമായാൽ നീ പ്രഭാതം പ്രതീക്ഷിക്കരുത്. നിനക്ക് പ്രഭാതമായാൽ വൈകുന്നേരവും പ്രതീക്ഷിക്കരുത്. നിന്റെ ആരോഗ്യത്തെ രോഗം വരുന്നതിനു മുമ്പും നിന്റെ ജീവിതത്തെ മരണം വന്നെത്തുന്നതിനു മുമ്പും പ്രയോജനപ്പെടുത്തുകയും ചെയ്യുക" (ബുഖാരി).

ചെറിയ ചെറിയ കർമങ്ങൾക്ക് വർധിച്ച പ്രതിഫലമുണ്ടെന്ന കാര്യം പ്രവാചകൻﷺ നമുക്ക് അറിയിച്ചു തന്നിരിക്കുന്നു. വിചാരണ ദിവസത്തേക്ക് വിഭവങ്ങൾ സമാഹരിക്കാനായി, അല്ലാഹുവിനെ കണ്ടു മുട്ടുന്നത് വരെ സൂക്ഷിച്ച് ജീവിക്കാനായി സൽകർമങ്ങളുടെ വിശാലമായ കവാടമാണ് നമുക്ക് തുറന്ന് തന്നിരിക്കുന്നത്.

"ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിന്നു വേണ്ടി അതിന്റെതായ പരിശ്രമം നടത്തുകയും ചെയ്യുന്ന പക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും" (അൽഇസ്റാഅ്/19).

ഒരു ഹദീഥ് കാണുക: "അബൂദർറ്(റ) നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "നിങ്ങളിലൊരാളുടെ മുഴുവൻ സന്ധികൾക്കും ധർമ(സ്വദഖ)മുണ്ട്. എല്ലാ തസ്ബീഹുകളും ധർമമാണ്. എല്ലാ തഹ്മീദുകളും ധർമമാണ്. എല്ലാ തഹ്‌ലീലുകളും ധർമമാണ്. എല്ലാ തക്ബിറുകളും ധർമമാണ്. നന്മ കൽപിക്കുന്നതും തിന്മ വിരോധിക്കുന്നതും ധർമമാണ്. ദുഹാ സമയത്തുള്ള രണ്ടു റകഅത്ത് നമസ്കാരം ഇതിനെല്ലാം പകരമാവുന്നതാണ്" (മുസ്‌ലിം).

അബൂദർറ്(റ) നിവേദനം: ചിലർ പറയുകയുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരേ, പ്രതിഫലങ്ങളെല്ലാം പണക്കാർ കൊണ്ടുപോയിരിക്കുന്നു. ഞങ്ങൾ നമസ്കരിക്കുന്നതു പോലെ അവരും നമസ്കരിക്കുന്നു. ഞങ്ങൾ നോമ്പനുഷ്ഠിക്കുന്നതുപോലെ അവരും നോമ്പനുഷ്ഠിക്കുന്നു. കൂടാതെ അവർ അവരുടെ സമ്പത്തിൽ നിന്ന് ദാനധർമങ്ങൾ ചെയ്യുകയും ചെയ്യുന്നു.' നബിﷺ പറഞ്ഞു: 'നിങ്ങൾക്ക് സ്വദഖ ചെയ്യുവാൻ അല്ലാഹു ഒന്നും നൽകിയിട്ടില്ലേ? എല്ലാ തസ്ബീഹുകളും സ്വദഖയാണ്. എല്ലാ തഹ്മീദുകളും സ്വദഖയാണ്. എല്ലാ തഹ്‌ലീലുകളും സ്വദഖയാണ്. എല്ലാ തക്ബിറുകളും സ്വദഖയാണ്. നന്മ കൽപിക്കുന്നതും സ്വദഖയാണ്. തിന്മ കൽപിക്കുന്നതും സ്വദഖയാണ്. നിങ്ങളുടെ ലൈംഗിക വേഴ്ചയും സ്വദഖയാണ്.' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞങ്ങളിൽ ഒരാൾ അയാളുടെ ആഗ്രഹം പൂർത്തീകരിക്കുന്നതിനും പ്രതിഫലമുണ്ടോ?' നബിﷺ പറഞ്ഞു: 'ഒരാൾ നിഷിദ്ധമായ മാർഗത്തിലാണത് ചെയ്യുന്നതെങ്കിൽ അവനതിന് ശിക്ഷയുണ്ടാകുമോ, എന്താണ് നിങ്ങളുടെ അഭിപ്രായം? അതുപോലെ അനുവദനീയമായ മാർഗത്തിലൂടെയാണത് ചെയ്യുന്നതെങ്കിൽ അതിന് പ്രതിഫലവും ഉണ്ടായിരിക്കും' (മുസ്‌ലിം).

ഒരു വിശ്വാസി ചെറിയ പ്രവർത്തനം മുഖേന ഒരിക്കലും വിചാരിക്കാത്ത ഉന്നതമായ സ്ഥാനത്തെത്തിയേക്കാം.

അബൂഹുറയ്റ(റ) നിവേദനം: നബിﷺ പറഞ്ഞു: "മുസ്‌ലിംകൾക്ക് വഴിയിൽ ഉപദ്രവമുണ്ടാക്കിയിരുന്ന ഒരു മരം മുറിച്ച് കളഞ്ഞതിന്റെ പേരിൽ സ്വർഗത്തിൽ പ്രവേശിച്ച ഒരാളെ ഞാൻ കാണുകയുണ്ടായി" (മുസ്‌ലിം).

മറ്റൊരു റിപ്പോർട്ടിൽ ഉള്ളത്; "വഴി മധ്യത്തിലേക്ക് നിണ്ടുകിടക്കുന്ന മരത്തിന്റെ കൊമ്പിനരികിലൂടെ ഒരാൾ നടന്ന് പോവുകയുണ്ടായി. അത് കണ്ടപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹു തന്നെ സത്യം! മുസ്‌ലിംകളെ ഉപദ്രവിക്കാതിരിക്കാനായി ഞാനിത് നീക്കം ചെയ്യുക തന്നെ ചെയ്യുന്നതാണ്.' അത് അദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിച്ചു" എന്നാണു

ള്ളത്. മറ്റൊരു റിപ്പോർട്ട് ഇങ്ങനെയാണ്: "ഒരാൾ ഒരു വഴിയിലൂടെ നടക്കുകയായിരുന്നു. അപ്പോൾ മുള്ളുകളുള്ള ഒരു മരക്കൊമ്പ് കാണാനിടയായി. അത് അദ്ദേഹം അവിടെനിന്ന് നീക്കം ചെയ്തു. അല്ലാഹു അതിന് നന്ദിയെന്ന രൂപത്തിൽ അദ്ദേഹത്തിനു പൊറുത്തുകൊടുക്കുകയുണ്ടായി."

മുസ്‌ലിം സഹോദരങ്ങളേ, ഒരു ചെറിയ വാക്കു മുഖേന അടിമകൾക്ക് ഔദാര്യവാനായ രക്ഷിതാവിന്റെ തൃപ്തി നേടിയെടുക്കുവാൻ സാധിക്കുന്നതാണ്,

അനസ്ﷺ നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "ഭക്ഷണം കഴിച്ച് അതിന് അല്ലാഹുവിനെ സ്തുതിക്കുന്ന, അല്ലെങ്കിൽ ഒരു പാനീയം കുടിച്ചിട്ട് അതിന് അല്ലാഹുവിനെ സ്തുതിക്കുന്ന ഒരു അടിമയെ നിശ്ചയമായും അല്ലാഹു ഇഷ്ടപ്പെടുന്നു" (മുസ്‌ലിം).

നമസ്കാരവും വുദൂഉം ഒരു ദിവസം തന്നെ അനേകം തവണ ആവർത്തിച്ചു വരുന്നു. അബൂഹുറയ്റﷺ റിപ്പോർട്ട് ചെയ്യുന്നു: റസൂലുല്ലാഹ്ﷺ പറഞ്ഞു: മുസ്‌ലിമായ ഒരു അടിമ അല്ലെങ്കിൽ ഒരു വിശ്വാസി വുദൂഅ് ചെയ്താൽ അവൻ തന്റെ മുഖം കഴുകുമ്പോൾ മുഖത്ത് നിന്ന് വീഴുന്ന വെള്ളത്തോ(അവസാനമായി വീഴുന്ന വെള്ള തുള്ളിയോ)ടൊപ്പം അവന്റെ കണ്ണ് കൊണ്ട് ചെയ്ത പാപങ്ങൾ ഇറങ്ങിപ്പോവുന്നു. അവൻ തന്റെ കൈകൾ കഴുകുമ്പോൾ കൈകളിൽ നിന്ന് വീഴുന്ന വെള്ളത്തോ (അവസാനമായി വീഴുന്ന വെള്ളത്തുള്ളിയോ)ടൊപ്പം അവന്റെ കൈകൊണ്ടു ചെയ്ത മുഴുവൻ പാപങ്ങളും പുറത്തുപോകുന്നു. അവൻ തന്റെ കാലുകൾ കഴുകുമ്പോൾ കാലുകളിൽ നിന്ന് വീഴുന്ന വെള്ളത്തോ (അവസാനമായി വീഴുന്ന വെള്ളത്തുള്ളിയോ)ടൊപ്പം പാപം ചെയ്യുവാനായി നടന്നുപോയ മുഴുവൻ പാപങ്ങളും പുറത്തുപോകുന്നു. അങ്ങിനെ പാപങ്ങളിൽ നിന്നെല്ലാം ശുദ്ധിയായി പുറത്തു വരുന്നു" (മുസ്‌ലിം).

അബൂഹുറയ്റﷺ നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "അല്ലാഹു പാപങ്ങൾ മായ്ച്ചുകളയുകയും പദവികൾ ഉയർത്തിത്തരികയും ചെയ്യുന്ന കാര്യം ഞാൻ നിങ്ങൾക്കു അറിയിച്ചു തരട്ടെയോ?" അവർ (സ്വഹാബികൾ) പറഞ്ഞു: "അതെ, പ്രവാചകരേ." നബിﷺ പറഞ്ഞു: "വെറുപ്പുള്ള സമയത്തും കൃത്യമായി വുദൂഅ് പരിപൂർണമായി ചെയ്യുക, പള്ളികളിലേക്കുള്ള അധികരിച്ച കാൽപാടുകൾ, ഒരു നമസ്കാരം കഴിഞ്ഞ് അടുത്ത നമസ്കാരം പ്രതീക്ഷിച്ചിരിക്കൽ, അതാണ് ഉത്തമമായ സമ്പാദ്യം" (മുസ്‌ലിം).

അബൂഹുറയ്റﷺ നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "അഞ്ചു നേരത്തെ നമസ്കാരവും ഒരു ജുമുഅ അടുത്ത ജുമുഅ വരെയും, ഒരു റമദാൻ അടുത്ത റമദാൻ വരെയുമുള്ള പാപങ്ങൾ മായ്ച്ച് കളയുന്നു; വൻ പാപങ്ങൾ വെടിയുകയാണെങ്കിൽ" (മുസ്‌ലിം).

അബൂഹുറയ്റﷺ നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "ബാങ്കിനും ഒന്നാമത്തെ സ്വഫ്ഫിനുമുള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അത് കരസ്ഥമാക്കുവാനായി നറുക്കിടേണ്ടി വന്നാൽ അതിനായി അവർ നറുക്കിടുമായിരുന്നു. (നമസ്കാരത്തിനായി) വളരെ നേരത്തെ പോകുന്നതിന്റെ പ്രതിഫലം അറിഞ്ഞിരു ന്നുവെങ്കിൽ അവരതിന് മത്സരിക്കുമായിരുന്നു. ഇശാഇന്റെയും സ്വുബ്ഹിയുടെയും പ്രതിഫലം അറിഞ്ഞിരുന്നുവെങ്കിൽ അവരതിന് (നടക്കാൻ കഴിയാത്തവർ പോലും) മുട്ടിലിഴഞ്ഞു കൊണ്ടെങ്കിലും സന്നിഹിതരാകുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

ഥൗബാൻﷺ നിവേദനം: റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാൻ കേട്ടു: "താങ്കൾ അധികമായി സുജൂദ് (നമസ്കാരം) അധികരിപ്പിക്കുക. താങ്കൾ അല്ലാഹുവിനായി ഓരോ സുജൂദ് ചെയ്യുമ്പോഴും അല്ലാഹു താങ്കളുടെ പദവി ഉയർത്താതിരിക്കുകയില്ല, അതുമുഖേന പാപങ്ങൾ മായ്ച്ചുകളയാതിരിക്കുകയുമില്ല" (മുസ്‌ലിം).

ഉന്നതനായ അല്ലാഹുവിനെ സ്മരിക്കുകയെന്നത് വിജയത്തിന്റെ മേൽവിലാസവും നന്മയുടെയും തൗഫീകിന്റെയും അടയാളവുമാകുന്നു.

അബ്ദുല്ലാഹ് ഇബ്നു ബുസ്റ്ﷺ നിവേദനം: ഒരാൾ പറയുകയുണ്ടായി: "അല്ലാഹുവിന്റെ തിരുദൂതരേ, ഇസ്‌ലാമിക ശരീഅത്ത് എനിക്ക് അധികമായി തോന്നുന്നു. ഞാൻ പതിവായി ചെയ്യേണ്ട കാര്യങ്ങൾ എനിക്ക് അറിയിച്ചു തന്നാലും." നബിﷺ പറഞ്ഞു: "നിന്റെ നാവിനെ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ എപ്പോഴും നനവുള്ളതാക്കുക" (തിർമിദി).

അബൂദർറ്ﷺ നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "നിങ്ങളുടെ പ്രവർത്തനങ്ങളിൽ ഉത്തമമായതും നിങ്ങളുടെ ഉടമസ്ഥന് ഏറ്റവും ഇഷ്ടമുള്ളതും നിങ്ങളുടെ പദവികളിൽ ഏറ്റവും ഉന്നതമായതും സ്വർണവും വെള്ളിയും ചെലവഴിക്കുന്നതിനെക്കാളും ഉത്തമമായതും നിങ്ങൾ നിങ്ങളുടെ ശത്രുക്കളെ കണ്ടുമുട്ടി അവർ നിങ്ങളുടെ പിരടികളും നിങ്ങൾ അവരുടെ പിരടികളും വെട്ടുന്നതിനെക്കാളും നല്ലതായ കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ?" അവർ (സ്വഹാബാക്കൾ) പറഞ്ഞു: "അതെ." നബിﷺ പറഞ്ഞു "ഉന്നതനായ അല്ലാഹുവിനെ സ്മരിക്കലാണത്" (തിർമിദി, ഇതിന്റെ സനദ് സ്വഹീഹാണെന്ന് ഹാകിം പ്രസ്താവിച്ചിരിക്കുന്നു).

ഇബ്നു അബ്ബാസ്ﷺ നിവേദനം; റസൂലുല്ലാഹ്ﷺ പറഞ്ഞു:"ആരെങ്കിലും പാപമോചനം പതിവാക്കുകയാണെങ്കിൽ അല്ലാഹു അവന് എല്ലാ കുടുസ്സതയിൽ നിന്നും മോചനം നൽകുകയും എല്ലാ പ്രയാസങ്ങളിൽ നിന്നും വിടുതൽ നൽകുകയും അവൻ ഉദ്ദേശിക്കാത്ത മാർഗത്തിലൂടെ ഉപജീവനം നൽകപ്പെടുകയും ചെയ്യുന്നതാണ്" (അബൂദാവൂദ്).

ശദ്ദാദുബ്നു ഔസ്ﷺ നിവേദനം. നബിﷺ പറഞ്ഞു: "പാപമോചനത്തിന്റെ നേതാവ്- അത് ഇങ്ങനെ പറയലാണ്: "അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പടിയും പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തു തന്ന അനുഗ്ര

ഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല.' ആരെങ്കിലും ഇത് കൃത്യമായി വിശ്വസിച്ചുകൊണ്ട് പ്രഭാതത്തിൽ പറഞ്ഞ് വൈകുന്നേരമാകുന്നതിനു മുമ്പ് മരണപ്പെടുകയാണെങ്കിൽ അവൻ സ്വർഗാവകാശിയാണ്. ആരെങ്കിലും ഇത് കൃത്യമായി വിശ്വസിച്ചുകൊണ്ട് വൈകുന്നേരം പറഞ്ഞ് പ്രഭാതമാകുന്നതിനു മുമ്പ് മരണപ്പെടുകയാണെങ്കിൽ അവൻ സ്വർഗാവകാശിയാണ്" (ബുഖാരി).

സഹജീവികളോട് നന്മ കാണിക്കുന്നതിൽ യാതൊരുവിധ വിമുഖതയും കാണിക്കാവതല്ല. എത്ര ചെറിയ നന്മയാണെങ്കിലും അതിനെ കുറച്ച് കാണിക്കരുത്. അദിയ്യുബ്നു ഹാതിം ﷺ പറയുന്നു:

നബി ﷺ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: "ഒരു കാരക്കാചീളു കൊണ്ടെങ്കിലും നീ നരകത്തെ സൂക്ഷിക്കുക" (ബുഖാരി, മുസ്‌ലിം).

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമാണ്: റസൂലുല്ലാഹ് ﷺ പറഞ്ഞു: "നിങ്ങളിൽ ഒരാളോടും തന്നെ ദ്വിഭാഷാ സഹായിയില്ലാതെ തന്നെ അല്ലാഹു സംസാരിക്കാതിരിക്കുകയില്ല. അങ്ങനെ വലത് ഭാഗത്തേക്ക് നോക്കുമ്പോൾ അവൻ ചെയ്ത പ്രവർത്തനമല്ലാതെ കാണുകയില്ല, ഇടതുഭാഗത്തേക്ക് നോക്കുമ്പോഴും അവൻ ചെയ്ത പ്രവർത്തനമല്ലാതെ കാണുകയില്ല. മുന്നിലേക്ക് നോക്കുമ്പോൾ മുഖത്തിന് അഭിമുഖമായി നരകമല്ലാതെ കാണുകയില്ല. ഒരു കാരക്ക ചീളു കൊണ്ടെങ്കിലും നിങ്ങൾ നരകത്തെ സൂക്ഷിക്കുക. അത് ലഭിച്ചില്ലെങ്കിൽ നല്ല ഒരു വാക്ക് കൊണ്ടെങ്കിലും."

അബൂമൂസാ ﷺ നിവേദനം: നബി ﷺ പറഞ്ഞു: "ഓരോ മുസ്‌ലിമിനും സ്വദഖ നിർബന്ധമാണ്. ചോദിക്കപ്പെട്ടു: "(സ്വദഖ) ചെയ്യാൻ സാധിച്ചില്ലെങ്കിലോ?" നബി ﷺ പറഞ്ഞു: "ജോലി ചെയ്ത് സ്വന്തത്തിന് ചെലവഴിച്ച് സ്വദഖ ചെയ്യുക." "അതിനു സാധിച്ചില്ലെങ്കിലോ?" "ആവശ്യക്കാരെ സഹായിക്കുക." "അതിനു സാധിച്ചില്ലെങ്കിലോ?" "പുണ്യമോ നന്മയോ കൽപിക്കുക." "അങ്ങനെ ചെയ്യാൻ സാധിച്ചില്ലെങ്കിലോ?" "ഉപദ്രവിക്കാതിരിക്കുക. കാരണം അത് സ്വദഖയാണ്"(ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ അടിമകളേ! സമൂഹത്തിന്റെ പരസ്പരമുള്ള ബന്ധത്തിന്റെ അനിവാര്യ ഘടകങ്ങളായ മാതാപിതാക്കൾ, ഇണകൾ, കുടുംബക്കാർ, അയൽവാസികൾ തുടങ്ങിയവരുമായി ബന്ധപ്പെട്ട സൽകർമങ്ങൾക്ക് വർധിച്ച പ്രതിഫലമാണ് ലഭിക്കുക.

അബ്ദുല്ലാഹ്ബ്നു മസ്ഊദ് ﷺ നിവേദനം: "റസൂലുല്ലാഹ് ﷺയുടെ അരികിലേക്ക് ഒരാൾ കടന്നുവന്ന് ചോദിക്കുകയുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരേ, എന്റെ നല്ല സഹവാസത്തിന് ജനങ്ങളിൽ ഏറ്റവും അർഹൻ ആരാണ്?' നബി ﷺ പറഞ്ഞു: 'നിന്റെ മാതാവ്.' 'പിന്നെ ആരാണ്?' 'നിന്റെ മാതാവ്.' 'പിന്നെ ആരാണ്?' 'നിന്റെ മാതാവ്.' 'പിന്നെ ആരാണ്?' 'നിന്റെ പിതാവ്' (ബുഖാരി, മുസ്‌ലിം).

അനസ് ﷺ നിവേദനം: റസൂലുല്ലാഹ് ﷺ പറഞ്ഞു: "ആരെങ്കിലും ഉപജീവന വിശാലതയും ദീർഘായുസ്സും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കട്ടെ" (ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ ﷺ നിവേദനം: റസൂലുല്ലാഹ് ﷺ പറഞ്ഞു: "സൽസ്വഭാവികളാണ് വിശ്വാസികളിൽ ഈമാൻ പൂർത്തിയായവർ. നിങ്ങളിൽ ഏറ്റവും ഉത്തമർ തന്റെ കുടുംബത്തോട് നല്ല നിലയിൽ പെരുമാറുന്നവരാകുന്നു" (തിർമിദി).

ഇബ്നു ഉമർ ﷺ, ആഇശ ﷺ എന്നിവർ നിവേദനം: റസൂലുല്ലാഹ് ﷺ പറഞ്ഞു: "അയൽവാസിയുടെ വിഷയത്തിൽ ജിബ്‌രീൽ എന്നോട് വസ്വിയ്യത്ത് ചെയ്യുകയുണ്ടായി; അനന്ത സ്വത്തിൽ പോലും അയൽവാസിക്ക് പങ്കുണ്ടാവുമോ എന്ന് എനിക്ക് തോന്നിപ്പോകുന്നതുവരെ അത് തുടർന്ന് കൊണ്ടിരുന്നു" (ബുഖാരി, മുസ്‌ലിം).

അബ്ദുല്ലാഹ്ബ്നു മസ്ഊദ് ﷺ നിവേദനം: റസൂലുല്ലാഹ് ﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ വിരുന്നുകാരനെ ആദരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലതു പറയട്ടെ, അല്ലെങ്കിൽ മൗനമായിരിക്കട്ടെ" (ബുഖാരി, മുസ്‌ലിം).

ജനങ്ങളുടെ ന്യൂനത മറച്ചുവെക്കുന്നതിനെക്കുറിച്ചു നബി ﷺ പറഞ്ഞു: "ഒരു അടിമ മറ്റൊരു അടിമയുടെ ദുൻയാവിലെ ന്യൂനത മറച്ചുവെക്കുന്നില്ല, അല്ലാഹു അവന്റെ പരലോകത്തെ ന്യൂനത മറച്ച് വെക്കാതെ (മുസ്‌ലിം).

അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ അധിക ജനങ്ങളെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന കാര്യത്തെ കുറിച്ച് ചോദിക്കപ്പെടുകയുണ്ടായി. അവിടുന്ന് പറഞ്ഞു: "അല്ലാഹുവിനെ സൂക്ഷിക്ക(തക്വ)ലും സൽസ്വഭാവവുമാകുന്നു അത്." അധിക ജനങ്ങളെയും നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും ചോദിക്കപ്പെട്ടു. നബി ﷺ പറഞ്ഞു: "വായയും ഗുഹ്യാവയവും" (തിർമിദി).

മുസ്‌ലിം സഹോദരങ്ങളേ, റമദാൻ മാസം നോമ്പനുഷ്ഠിക്കാൻ അല്ലാഹു അനുഗ്രഹിച്ചവരേ, ശവ്വാലിൽ ആറു നോമ്പുകൂടി അനുഷ്ഠിക്കൽ പ്രവാചകചര്യയിൽ സ്ഥിരപ്പെട്ടതാണ്,

നബി ﷺ പറഞ്ഞു: "ആരെങ്കിലും റമദാൻ നോമ്പനുഷ്ഠിച്ച് അതിനോടൊപ്പം ശവ്വാലിൽ ആറ് നോമ്പുകൂടി തുടർത്തുകയാണെങ്കിൽ വർഷം മുഴുവൻ നോമ്പനുഷ്ഠിച്ചത് പോലെയാണ്" (മുസ്‌ലിം). അത് ഒന്നിച്ചും, ഇടവിട്ടും അനുഷ്ഠിക്കാവുന്നതാണ്.

സൽകർമങ്ങൾ അധികരിപ്പിക്കുകയും പതിവാക്കുകയും തിന്മകളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുക.

"ഉറപ്പോടെ നൂൽനൂറ്റ ശേഷം തന്റെ നൂൽ പല ഇഴകളാക്കി പിരിയുടച്ച് കളഞ്ഞ ഒരു സ്ത്രീയെ പോലെ നിങ്ങൾ ആകരുത്" (അന്നഹ്ൽ/92).

**(1433 ശവ്വാൽ 6ന് നടത്തിയ ജുമുഅ ഖുത്വുബയുടെ പരിഭാഷ)**

അബൂഇഹ്സാൻ
mail@nerpatham.com

ലേഖനം



# ദുഷിച്ച കൂട്ടുകെട്ടിലെ അപകടം

അല്ലാഹുവിനെ ഭയപ്പെട്ടും അവന്റെ നിയമങ്ങൾ പാലിച്ചും തക്വയോടെ ജീവിക്കുന്നവരും ഇസ്‌ലാമിക നിയമങ്ങൾ ലംഘിച്ചുകൊണ്ട് ആരാധനകൾ പോലും കൃത്യമായി നിർവഹിക്കാതെ താന്തോന്നികളായി ജീവിക്കുന്നവരും നമ്മുടെ ചുറ്റുപാടുകളിലുണ്ട്. ഈ രണ്ട് വിഭാഗവും ഇന്ന് നമ്മെ ക്ഷണിച്ചുകൊണ്ടിരിക്കുന്നുണ്ട്. നാം ആരുടെ വിളി കേൾക്കണം? ആരെ സ്വീകരിക്കണം? നമുക്കു വേണ്ടത് സ്വർഗമാണ് എങ്കിൽ ദുഷിച്ചവരെ നാം കരുതിയിരിക്കുക. കുഫ്‌റിലേക്കും അധർമത്തിലേക്കുമാണവർ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും എതിർക്കാനാണ് അവർ ആവശ്യപ്പെടുന്നത്. സ്വർഗത്തിൽ നടക്കുന്ന ചില സംസാരങ്ങൾ കാണുക:

“ആ സ്വർഗവാസികളിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞുകൊണ്ട് പരസ്പരം (പല ചോദ്യങ്ങളും) ചോദിക്കും. അവരിൽ നിന്ന് ഒരു വക്താവ് പറയും: തീർച്ചയായും എനിക്ക് ഒരു കൂട്ടുകാരനുണ്ടായിരുന്നു. അവൻ പറയുമായിരുന്നു: തീർച്ചയായും നീ (പരലോകത്തിൽ) വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ തന്നെയാണോ? നാം മരിച്ചിട്ട് മണ്ണും അസ്ഥിശകലങ്ങളുമായി കഴിഞ്ഞാലും നമുക്ക് നമ്മുടെ കർമഫലങ്ങൾ നൽകപ്പെടുന്നതാണോ? തുടർന്ന് ആ വക്താവ് (കൂടെയുള്ളവരോട്) പറയും: നിങ്ങൾ (ആ കൂട്ടുകാരനെ) എത്തിനോക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? എന്നിട്ട് അദ്ദേഹം എത്തിനോക്കും. അപ്പോൾ അദ്ദേഹം അവനെ നരകത്തിന്റെ മധ്യത്തിൽ കാണും. അദ്ദേഹം (അവനോട്) പറയും: അല്ലാഹുവെ തന്നെയാണ! നീ എന്നെ നാശത്തിൽ അകപ്പെടുത്തുക തന്നെ ചെയ്തേക്കുമായിരുന്നു. എന്റെ രക്ഷിതാവിന്റെ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ (ആ നരകത്തിൽ) ഹാജരാക്കപ്പെടുന്നവരിൽ ഞാനും ഉൾപെടുമായിരുന്നു. (സ്വർഗവാസികൾ പറയും:) ഇനി നാം മരണപ്പെടുന്നവരല്ലല്ലോ നമ്മുടെ ആദ്യത്തെ മരണമല്ലാതെ. നാം ശിക്ഷിക്കപ്പെടുന്നവരുമല്ല. തീർച്ചയായും ഇതു തന്നെയാണ് മഹത്തായ ഭാഗ്യം. ഇതുപോലെയുള്ളതിന് വേണ്ടിയാകട്ടെ പ്രവർത്തകൻമാർ പ്രവർത്തിക്കുന്നത്” (37:50-61).

തൊട്ടുമുമ്പുള്ള ഏതാനും വചനങ്ങളിൽ വേറെ ചില ആളുകളെപ്പറ്റി അല്ലാഹു പരിചയപ്പെടുത്തുന്നുണ്ട്. അതുകൂടി മനസ്സിലാക്കിയാലേ വിഷയത്തിന്റെ ഗൗരവം നമുക്ക് മനസ്സിലാകൂ:

“(അപ്പോൾ അല്ലാഹുവിന്റെ കൽപനയുണ്ടാകും;) അക്രമം ചെയ്തവരെയും അവരുടെ ഇണകളെയും അവർ ആരാധിച്ചിരുന്നവയെയും നിങ്ങൾ ഒരുമിച്ചു കൂട്ടുക. അല്ലാഹുവിനു പുറമെ. എന്നിട്ട് അവരെ നിങ്ങൾ നരകത്തിന്റെ വഴിയിലേക്ക് നയിക്കുക. അവരെ നിങ്ങളൊന്നു നിർത്തുക. അവരോട് ചോദ്യം ചെ

യ്യേണ്ടതാകുന്നു. നിങ്ങൾക്ക് എന്തുപറ്റി? നിങ്ങൾ പരസ്പരം സഹായിക്കുന്നില്ലല്ലോ എന്ന് അല്ല, അവർ ആ ദിവസത്തിൽ കീഴടങ്ങിയവരായിരിക്കും. അവരിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞ് പരസ്പരം ചോദ്യം ചെയ്യും. അവർ പറയും: തീർച്ചയായും നിങ്ങൾ ഞങ്ങളുടെ അടുത്ത് കൈയ്യൂക്കുമായി വന്ന് (ഞങ്ങളെ സത്യത്തിൽ നിന്ന് പിന്തിരിപ്പിക്കുകയായിരുന്നു.) അവർ മറുപടി പറയും: അല്ല, നിങ്ങൾ തന്നെ വിശ്വാസികളാവാതിരിക്കുകയാണുണ്ടായത്. ഞങ്ങൾക്കാകട്ടെ നിങ്ങളുടെമേൽ ഒരധികാരവും ഉണ്ടായിരുന്നതുമില്ല. പ്രത്യുത, നിങ്ങൾ അതിക്രമകാരികളായ ഒരു ജനവിഭാഗമായിരുന്നു. അങ്ങനെ നമ്മുടെ മേൽ നമ്മുടെ രക്ഷിതാവിന്റെ വചനം യാഥാർഥ്യമായിതീർന്നു. തീർച്ചയായും നാം (ശിക്ഷ) അനുഭവിക്കാൻ പോകുകയാണ്. അപ്പോൾ ഞങ്ങൾ നിങ്ങളെ വഴികേടിലെത്തിച്ചിരിക്കുന്നു. (കാരണം) തീർച്ചയായും ഞങ്ങൾ വഴിതെറ്റിയവരായിരുന്നു. അപ്പോൾ അന്നേ ദിവസം തീർച്ചയായും അവർ (ഇരുവിഭാഗവും) ശിക്ഷയിൽ പങ്കാളികളായിരിക്കും. തീർച്ചയായും നാം കുറ്റവാളികളെക്കൊണ്ട് ചെയ്യുന്നത് അപ്രകാരമാകുന്നു. അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു. ഭ്രാന്തനായ ഒരു കവിക്ക് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിച്ച് കളയണമോ എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു" (37:22-36).

ഒരാൾ ദുഷിച്ചവരെ സുഹൃത്തുക്കളായി സ്വീകരിച്ചാൽ അവന്റെ വാസസ്ഥലം നരകമാണെന്ന് അറിയിക്കാനാണ് ഇത്രയും നല്ല ഒരു വിശദീകരണം അല്ലാഹു നമുക്ക് നൽകിയത്. എന്നാൽ അത്തരക്കാർക്ക് വശംവദരാകാതെ സത്യമാർഗത്തിൽ മരണംവരെ നിലനിന്നാൽ അവന് ലഭിക്കാനുള്ളത് സ്വർഗവും. ചീത്ത കൂട്ടുകാരെ സ്വീകരിക്കുകയും അതിന്റെ ഭാഗമായി സ്വയം നാശമടയുകയും ചയ്തവരുടെ പരലോകത്തെ അവസ്ഥ അല്ലാഹു വിവരിക്കുന്നത് കാണുക:"അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽനിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ. പിശാച് മനുഷ്യനെ കൈവിട്ടുകളയുന്നവനാകുന്നു" (25:27-29).

ഇത് ദുഃഖപ്രകടനവും വിലാപവും ഫലംചെയ്യാത്ത ദിവസമാണ്. ദുഷിച്ച കൂട്ടുകെട്ടിന്റെ അടിസ്ഥാനമായ പിശാചിനെക്കുറിച്ചും അല്ലാഹു ബോധ്യപ്പെടുത്തിയിട്ടുണ്ട്: "പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തിക്കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും. തീർച്ചയായും അവർ (പിശാചുക്കൾ) അവരെ നേർമാർഗത്തിൽനിന്ന് തടയും. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും. അങ്ങനെ നമ്മുടെ അടുത്ത് വന്നെത്തുമ്പോൾ (തന്റെ കൂട്ടാളിയായ പിശാചിനോട്) അവൻ പറയും: എനിക്കും നിനക്കുമിടയിൽ ഉദയാസ്തമന സ്ഥാനങ്ങൾ തമ്മിലുള്ള അകലം ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. അപ്പോൾ ആ കൂട്ടുകാരൻ എത്ര ചീത്ത!" (43: 36-38).

സർവ തിന്മകളുടെയും കാരണങ്ങളിൽ മുഖ്യസ്ഥാനത്ത് ദുഷിച്ച കൂട്ടുകെട്ടിനെ കാണാം. അത്തരക്കാരെ അകറ്റി നിർത്തൽ നന്മകൾക്ക് കാരണവുമാണ്. അതുകൊണ്ടുതന്നെ ഞാൻ ആരെയാണ് കൂട്ടുകാരനായി സ്വീകരിച്ചിട്ടുള്ളത് എന്ന് ഓരോരുത്തരും ചിന്തിക്കേണ്ടതുണ്ട്. ദുൻയാവല്ലാത്ത മറ്റൊന്നും ലക്ഷ്യമായി കാണാത്തവരെ സുഹൃത്തുക്കളായി സ്വീകരിച്ച് അല്ലാഹുവിന്റെ കൽപനയെ പുറംതള്ളുന്ന അപകടകരമായ അവസ്ഥയിലേക്ക് നാം ചെന്നെത്തരുത്. നാം ആരോടൊപ്പമിരിക്കണം, ആരോടൊക്കെ കൂട്ടുകൂടണം? അല്ലാഹു തന്നെ നമുക്കത് പഠിപ്പിച്ചു തന്നിട്ടുണ്ട്:

"നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നതുവരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്" (6:68).

എല്ലാ മുസ്‌ലിംകളോടുമായി നബിﷺ പറയുന്നു: "സത്യവിശ്വാസികളോടല്ലാതെ നീ കൂട്ടുകൂടരുത്. സൂക്ഷ്മത പാലിക്കുന്നവനല്ലാതെ നിന്റെ ഭക്ഷണം കഴിക്കരുത്" (സ്വഹീഹുൽ ജാമിഅ് 7218). "മനുഷ്യൻ തന്റെ കൂട്ടുകാരന്റെ ദീനിലായിരിക്കും. അതിനാൽ ആരോടാണ് തന്റെ ചങ്ങാത്തമെന്ന് നിങ്ങൾ നോക്കിക്കൊള്ളുക" (അബൂദാവൂദ്, തുർമുദി). സത്യനിഷേധികളെ മിത്രങ്ങളാക്കുകയാണെങ്കിൽ കരുതലോടെ വർത്തിക്കണമെന്ന് അല്ലാഹു അറിയിക്കുന്നു:

"സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കിവെക്കരുത്. - അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന്ന് യാതൊരു ബന്ധവുമില്ല- നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ. അല്ലാഹു അവനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു. അല്ലാഹുവിങ്കലേക്കത്രെ (നിങ്ങൾ) തിരിച്ചുചെല്ലേണ്ടത്"(3:28).

മുസ്‌ലിംകൾ തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് നബിﷺ പഠിപ്പിക്കുന്നത് കാണുക: "അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും കോപിക്കുകയും അല്ലാഹുവിന് വേണ്ടി തടയുകയും ചെയ്താൽ ഒരുത്തന്റെ ഈമാൻ പൂർത്തിയായി" (സ്വഹീഹുൽ ജാമിഅ് 584).

നമ്മുടെ കാര്യത്തിൽ മാത്രമല്ല നമ്മുടെ മക്കളുടെയും നമ്മുടെ ആശ്രിതരായ മറ്റുള്ളവരുടെയും കാര്യത്തിലും പരിഗണിക്കേണ്ട വിഷയമാണത്. ദുഷിച്ച കൂട്ടുകെട്ടിന്റെ ഫലമായി എത്ര മക്കളും സഹോദരങ്ങളും ലഹരി പാദാർഥങ്ങൾക്ക് അടിമകളായി! വ്യ

**നമസ്കാരമില്ലാത്ത എത്രയോ ചെറുപ്പക്കാർ നല്ല കൂട്ടുകാരുടെ ശ്രമഫലമായി കൃത്യമായി നമസ്കരിക്കുന്നവരായി മാറിയിട്ടുണ്ട്. പലിശക്കാർ പലിശക്കച്ചവടം അവസാനിപ്പിച്ചിട്ടുണ്ട്. പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. നല്ല കൂട്ടുകാരന്റെ കൂടെയിരുന്നാൽ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയിൽ അവൻ സഹായിക്കും. അബദ്ധങ്ങൾ തിരുത്തിത്തരും. മറന്നാൽ ഓർമിപ്പിക്കും. വിട്ടകന്നാൽ കുട്ടുകാരന്റെ നന്മക്കായി പ്രാർഥിക്കും. കൂട്ടുകാരന്റെ കുറ്റവും കുറവും പറഞ്ഞ് നടക്കില്ല. പ്രയാസങ്ങളിൽ അവൻ കൂടെയുണ്ടാകും.**

ഭിചാരത്തിലേക്കും മറ്റു തിന്മകളിലേക്കും എത്തിപ്പെട്ടു ! എന്റെ കുട്ടി അങ്ങനെയൊന്നും ചെയ്യില്ല എന്നായിരിക്കും മിക്ക രക്ഷിതാക്കളുടെയും ആദ്യപ്രതികരണം. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുറത്തുമുള്ള അവരുടെ കൂട്ടുകാരെക്കുറിച്ച് രക്ഷിതാക്കൾ അറിയാതെ പോകുന്നു. അന്വേഷിച്ചറിയാൻ അവർക്ക് സമയവുമില്ല. ഗുണദോഷിക്കുവാൻ അവർ ഒരുങ്ങുന്നുമില്ല.

ബാങ്കുവിളിച്ചാൽ പള്ളിയിൽ പോകുന്ന പിതാക്കളേ, നിങ്ങളുടെ മക്കൾ അന്നേരം എന്ത് ചെയ്യുന്നു?മതവിജ്ഞാന സദസ്സുകളിൽ പങ്കെടുക്കുന്ന മാതാപിതാക്കളേ, നിങ്ങളുടെ മക്കൾ അന്നേരം എവിടെയാണ്? ഇരുളിന്റെ മറവിൽ രാത്രി വൈകിവരുന്ന മക്കളോട് എവിടെയായിരുന്നു എന്ന് നിങ്ങൾ ചോദിക്കാറുണ്ടോ? കൂട്ടുകാരിയുടെ വീട്ടിലേക്കെന്നു പറഞ്ഞ് വീടുവിട്ടിറങ്ങുന്ന പെൺകുട്ടികളുടെ ഉമ്മമാരേ, ഏതാണ് ആ കൂട്ടുകാരി എന്ന് നിങ്ങൾ ചോദിക്കാറുണ്ടോ? മക്കളുടെ പഠനകാകര്യങ്ങളിൽ അങ്ങേയറ്റം താൽപര്യം കാണിക്കുന്ന രക്ഷിതാക്കൾക്ക് അവർ സ്വർഗവാസികളാകാനുള്ള കാര്യങ്ങളിൽ ശ്രദ്ധയേയില്ല. പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ മക്കൾ പലതും അറിയുന്നു. കാരണം ദുഷിച്ച കുട്ടുകെട്ടും പിന്നെ സിനിമയും സീരിയലുകളും തന്നെ. മകളുടെ ബാഗ് ഒന്നു തുറന്നുനോക്കുവാൻ ഉമ്മമാർക്ക് സമയമില്ല. മകന്റെ മൊബൈൽ ഫോൺ പരിശോധിക്കുവാൻ ഉപ്പാക്കും മനസ്സില്ല. മക്കൾ മുറിയിൽ കതകടച്ചിരിപ്പാണ്. രക്ഷിതാക്കൾ കരുതുന്നു ഭയങ്കര പഠനത്തിലാണെന്ന്. പക്ഷേ, അവർ പലതും കാണുകയാണ്. പലതും വായിക്കുകയാണ്. എല്ലാം അരുതാത്തത്. ചിലർ പാതി മയക്കത്തിലാണ്. ആര് കൊടുത്തു? ആര് ശീലിപ്പിച്ചു? ദുഷിച്ച കൂട്ടകാർ തന്നെ!

ദുഷിച്ച ബന്ധം ഇഹപരങ്ങളിൽ നഷ്ടമേ വരുത്തൂ. നല്ലവവരോടാണ് ബന്ധമെങ്കിൽ നേട്ടവും. ഈ വിഷയത്തിൽ നബിﷺ പറഞ്ഞ ഒരു ഉദാഹരണം എല്ലാവർക്കും സുപരിചിതമാണ്. നല്ല സുഹൃത്ത് അത്തർ വിൽപനക്കാരനെ പോലെ. ഒന്നുകിൽ അയാളിൽനിന്ന് അത്തർ വാങ്ങാം. അല്ലാത്തപക്ഷം സുഗന്ധം ആസ്വദിക്കുകയെങ്കിലും ചെയ്യാം. ദുഷിച്ച സുഹൃത്ത് ഉലയിൽ ഊതുന്നവനെപ്പോലെ. അവന്റെ അരികിലിരുന്നാൽ വസ്ത്രം കത്തിയേക്കും. അല്ലാത്തപക്ഷം ദുർഗന്ധം തീർച്ച. (ബുഖാരി, മുസ്‌ലിം). ചന്ദനം ചാരിയാൽ ചന്ദനം മണക്കും. ചാണകം ചാരിയാൽ ചാണകം മണക്കും എന്നർഥം. നല്ല കൂട്ടുകാരൻ ഏതവസ്ഥയിലും ഗുണം മാത്രമെ ചെയ്യൂ. കാരണം 'ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് കണ്ണാടിയാണ്' (സ്വഹീഹുൽ ജാമിഅ് 6531).

നമസ്കാരമില്ലാത്ത എത്രയോ ചെറുപ്പക്കാർ നല്ല കൂട്ടുകാരുടെ ശ്രമഫലമായി കൃത്യമായി നമസ്കരിക്കുന്നവരായി മാറിയിട്ടുണ്ട്. പലിശക്കാർ പലിശക്കച്ചവടം അവസാനിപ്പിച്ചിട്ടുണ്ട്. പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. നല്ല കൂട്ടുകാരന്റെ കൂടെയിരുന്നാൽ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയിൽ അവൻ സഹായിക്കും. അബദ്ധങ്ങൾ തിരുത്തിത്തരും. മറന്നാൽ ഓർമിപ്പിക്കും. വിട്ടകന്നാൽ കുട്ടുകാരന്റെ നന്മക്കായി പ്രാർഥിക്കും. കൂട്ടുകാരന്റെ കുറ്റവും കുറവും പറഞ്ഞ് നടക്കില്ല. പ്രയാസങ്ങളിൽ അവൻ കൂടെയുണ്ടാകും. സഹായിക്കേണ്ടിടത്തൊക്കെ കഴിവിൻപടി സഹായിക്കും. നാം മരിച്ചാലും നമ്മെക്കുറിച്ച് നല്ലതു പറയും; പ്രാർഥിക്കും. കാരണം അതൊക്കെ പരലോകത്ത് വൻപ്രതിഫലം കിട്ടുന്നതാണെന്ന് അവൻ പഠിച്ചിട്ടുണ്ട്. എല്ലാം നമ്മുടെ സ്വർഗപ്രവേശനത്തിന് കാരണങ്ങളാണുതാനും.

"അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (59:10).

ഈ ലോകത്തെ നല്ല സുഹൃത്ത് പരലോകത്ത് ഒരിക്കലും ശത്രുവായി മാറില്ല."സുഹൃത്തുക്കൾ അന്നേദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (43: 67).

എത്രയെത്ര പർദ ധാരിണികൾ ദുഷിച്ച കൂട്ടുകെട്ടിന്റെ ഫലമായി അനിസ്‌ലാമിക വേഷത്തിൽ അഭയം പ്രാപിച്ചു! എത്ര യുവാക്കൾ കൂട്ടുകാരുടെ നിർബന്ധത്താൽ പലിശയിടപാടിലും മയക്കുമരുന്നിലും മറ്റു തോന്ന്യാസങ്ങളിലും അകപ്പെട്ടു! നമസ്കാരം വെടിഞ്ഞു; ദീനീ സദസ്സുകളിൽനിന്നകന്നു...!

അബൂത്വാലിബ് മരിക്കുമ്പോൾ 'ലാ ഇലാഹ ഇല്ലല്ലാഹു...' ചൊല്ലാൻ നബിﷺ ഉപദേശിച്ചു. തൊട്ടടുത്തിരുന്ന് അബൂജഹൽ ചോദിച്ചു: 'അബ്ദുൽ മുത്ത്വലിബിന്റെ ആദർശം കയ്യൊഴിയുകയോ? പൂർവ പിതാക്കളുടെ പാത കൈവെടിയുകയോ?'. അബൂത്വാലിബ് കാഫിറായിത്തന്നെ മരിച്ചു! ചീത്ത കൂട്ടുകെട്ടുകൊണ്ട് ചീത്ത പര്യവസാനമുണ്ടായതിന് മറ്റൊരു ഉദാഹരണം ആവശ്യമില്ല. പരലോകത്ത് ഇത്തരം സുഹൃത്തുക്കൾ കഠിന ശത്രുക്കളായി മാറും. കിഴക്കു പടിഞ്ഞാറിന്റെ അകലം ഞാനും ഇവനും തമ്മിലുണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോകും. സ്വർഗം നേടാനാഗ്രഹിക്കുന്നവർ അറിയുക; ചീത്ത സുഹൃത്തുക്കൾ നമുക്കതിന് തടസ്സമായി മാറും. ●

ചലനങ്ങൾ

# മുസ്‌ലിം ന്യൂനപക്ഷം നേരിടുന്ന പ്രശ്നങ്ങൾ കേൾക്കാനുള്ള മുഖ്യമന്ത്രിയുടെ ശ്രമം ശ്ലാഘനീയം

മുസ്‌ലിം ന്യൂനപക്ഷം നേരിടുന്ന പ്രശ്നങ്ങൾ കേൾക്കാനുള്ള അവസരമൊരുക്കി നിയമസഭാ സമുച്ചയത്തിലെ മെമ്പേഴ്സ് ലോഞ്ചിൽ വെച്ച് മുഖ്യമന്ത്രി നടത്തിയ ഇഫ്താർ സംഗമം ശ്രദ്ധേയമായൊരു ചുവടുവെപ്പാണ്. പ്രമുഖ മുസ്‌ലിം സംഘടനകളുടെയെല്ലാം പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു.

മദ്യനയം, പള്ളിനിർമാണത്തിലെ നിയമക്കുരുക്കുകൾ, കരിപ്പൂർ എയർപോർട്ട് അവഗണന, കോഴിക്കോട്ട് നിന്നുള്ള ഹജ്ജ് എംബാർക്കേഷൻ, UAPA, കത്തിപ്പടരുന്ന വർഗീയ ധ്രുവീകരണം, ഇസ്‌ലാമോഫോബിയ, മതംമാറുന്നവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ, മുസ്‌ലിം പ്രശ്നമായി ഉയർത്തിക്കൊണ്ടുവരുന്ന കാലിക്കശാപ്പ് നിരോധനം, മദ്റസ സമയമാറ്റം, പെരുന്നാൾ അവധി, മലബാറിലെ പ്ലസ് ടു സീറ്റിന്റെ അഭാവം, ജുവനൈൽ ജസ്റ്റീസ് ആക്ട് പിൻവലിക്കൽ, അന്യാധീനപ്പെട്ട വക്വഫ് സ്വത്തിന്റെ സംരക്ഷണം, പാലൊളി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കൽ... തുടങ്ങിയ സുപ്രധാന വിഷയങ്ങൾ പ്രതിനിധികൾ ചർച്ചയിൽ ഉന്നയിച്ചു.

മിക്ക വിഷയങ്ങളും പ്രത്യേകം പരാമർശിച്ചു കൊണ്ട് തന്നെ, ഗവൺമെൻറിന്റെ പരിമിതിക്കകത്തു നിന്നുകൊണ്ട് ക്രിയാത്മകമായി ഇടപെടാമെന്ന് മുഖ്യമന്ത്രി മറുപടി പ്രസംഗത്തിൽ ഉറപ്പ് നൽകി. കാര്യങ്ങൾ നടപ്പായാൽ ഈ മീറ്റിംങ്ങ് സഫലമായി. വരും നാളുകളാണ് അത് തെളിയിക്കുക.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷനെ പ്രതിനിധീകരിച്ച് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, സയ്യിദ് മുഹമ്മദ് ശാക്കിർ, ടി.കെ അഷ്റഫ്, കെ സജ്ജാദ് എന്നിവർ പങ്കെടുത്തു.

## 'ലൈറ്റ്' ഇസ്‌ലാമിക് എക്സിബിഷൻ ജുബൈലിൽ

ജുബൈൽ: ജുബൈൽ ദഅ്‌വ സെന്ററിനു കീഴിൽ മദീന റോഡിൽ ഹൈപ്പർ പാണ്ടക്ക് സമീപം ഇഫ്ത്വാർ ടെന്റിൽ 'ലൈറ്റ്' ഇസ്‌ലാമിക് എക്സിബിഷന് തുടക്കമായി. ജുബൈൽ ഗവർണർ അബ്ദുല്ല ബിൻ നാസിർ അൽഅസ്ഗർ, ജുബൈൽ ദഅ്‌വ സെന്റർ മജ്‌ലിസ് ശൂറാ ചെയർമാൻ ഖാലിദ് ബിൻ വലീദ് അൽ ഉതൈബി, ഡയറക്ടർ ശൈഖ് നാസിർ അശ്ശമ്‌രി, ശൈഖ് ഇബ്റാഹീം സുൽത്വാൻ, ഡോ. ഇബ്റാഹീം അശ്ശൻക്വീതി എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

ദിവസവും വൈകിട്ട് നാലരക്കാണ്പ്രദർശനം. എക്സിബിഷന്റെ സുഗമമായ നടത്തിപ്പിനും വിജയത്തിനും വേണ്ടി ദഅ്‌വ സെന്റർ മലയാള വിഭാഗം മേധാവി സമീർ മുണ്ടേരിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ പ്രവർത്തിച്ചുവരുന്നു.

അബ്ദുസ്സുബ്ഹാൻ സ്വലാഹി, ഖാജ സലഫി, അൻവർ അബൂബക്കർ, ആരിഫ് കോഴിക്കോട്, സലീം കരുനാഗപ്പള്ളി, ഷൈലാസ് മുഹമ്മദ്കുഞ്ഞു, അബ്ദുൽ ഗഫൂർ, ഹസ്കർ പൂവാട്ടുപറമ്പ്, ഹസൈൻ, ത്വാഹാ, അബ്ദുൽ മന്നാൻ, അബ്ദുല്ല ഇമ്പിച്ചി, നാസിറുദ്ദീൻ പുനലൂർ, ഇബ്റാഹീം സിദ്ദീഖ്, അബ്ദുൽ ക്വാദിർ തൊടുപുഴ, യൂസുഫ് ശരീഫ്, ഇബ്റാഹീം ഫൈസി, അലിയാർ കോതമംഗലം, സയ്യിദ് ബാബു, മുജീബ് മംഗലാപുരം, അർശദ് ബിൻഹംസ, മൊയ്തീൻ കുട്ടി മലപ്പുറം, ആസാദ് കെ.പി തുടങ്ങിയവർക്കാണ് വിവിധ വകുപ്പുകളുടെ ചുമതല.

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു.
ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക്
അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം.
സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും
അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം.
പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.


വിലാസം: Nerpatham Weekly, EKP Building,
Kallai Road Kozhikode, PIN 673002,
Phone: 0495 4019437
mail@nerpatham.com, www.nerpatham.com

## വിശദീകരണം

നേർപഥം 2017 ജൂൺ 3 ലക്കത്തിൽ 'വല്ലവനും എല്ലാ രാത്രിയും സൂറത്തുൽ വാക്വിഅ പാരായണം ചെയ്താൽ അവനെ ഒരിക്കലും ദാരിദ്ര്യം പിടികൂടില്ല' എന്നൊരു ഹദീസ് നൽകിയിരുന്നു. സൂക്ഷ്മപരിശോധനയിൽ അതിൽ ദുർബലതയുണ്ട് എന്ന് മനസ്സിലാക്കാനായി. അബദ്ധം സംഭവിച്ചതിൽ ഖേദിക്കുന്നു.

**എഡിറ്റർ**

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ഹാദിയയുടെ ഹിദായത്ത്

**വൈ**ക്കം സ്വദേശിനിയായ ഇരുപത്തിനാലുകാരി യുവതി ഹാദിയയാണോ അഖിലയാണോ എന്ന തർക്കത്തിന് എരിവു പകർന്നുകൊണ്ട് ബഹു. കേരള ഹൈക്കോടതി വിവാദപരമായ വിധിപറഞ്ഞിരിക്കുകയാണല്ലോ. കോടതിക്കുമുമ്പാകെ ഹാജറാക്കിയ തെളിവുകളുടെ അപര്യാപ്തതയും മതം മാറിയവരെ പുനരധിവസിപ്പിക്കാനെന്ന പേരിൽ കേന്ദ്രം നടത്തുന്ന ഉൽസാഹക്കമ്മിറ്റിക്കാരുടെ അവിവേകവും അമിതാവേശവും കേസിന്റെ മെറിറ്റിനെ ബാധിച്ചിരിക്കുമെന്നതിൽ സംശയമില്ല. കോടതി എന്ന ഭരണഘടനാ സ്ഥാപനത്തെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ട്, ബദ്ർ യുദ്ധം ആവർത്തിക്കുമെന്ന് പറഞ്ഞ് പരിശുദ്ധ റമദാനിൽ മുഷ്ടി ചുരുട്ടിയവരും മുസ്‌ലിം സമുദായ സംരക്ഷണത്തിനു വേണ്ടി അഹോരാത്രം അധ്വാനിക്കുന്നവരാണ് എന്ന് തന്നെ നമ്മൾ 'മനസ്സിലുറപ്പിച്ച് നാവുകൊണ്ട് വെളിവാക്കി പറയണം. അതിന് തയ്യാറാകാത്തവരെ മൂത്ത മുർതദ്ദുകളായി (മതഭ്രഷ്ടർ) മുദ്രകുത്തി പള്ളിയിൽ നിന്ന് പുറത്താക്കണം!'

ഇതിനിടയിലാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ഗുരുതരമായ വെളിപ്പെടുത്തലുകളുമായി വനിതാകമ്മീഷനെയും സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രിയയും സമീപിച്ചിരിക്കുന്നത്. പരിഷത്ത് ജനറൽ സെക്രട്ടറി ഡോ.ടി. കെ മീരാഭായിയുടെ നേതൃത്വത്തിലുള്ള സംഘം വൈക്കത്തുള്ള വീട്ടിൽ ഹാദിയയെ കാണാൻ നടത്തിയ ശ്രമം വിഫലമായതായി പരാതിയിൽ വിവരിക്കുന്നുണ്ട്. അതിനിഷ്ഠൂരമായ വീട്ടുതടങ്കലിലാണ് പെൺകുട്ടി കഴിയുന്നത് എന്നാണ് ഞെട്ടിക്കുന്ന വെളിപ്പെടുത്തൽ.

ഇസ്‌ലാമിലേക്കുള്ള മതംമാറ്റം ഇത്ര വലിയ പാതകമാണോ? പ്രായപൂർത്തിയായ ഒരു ഇന്ത്യൻ പൗരന് മനസ്സാക്ഷി അനുസരിച്ച് മതം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവുമുള്ള നാട്ടിൽ എന്തിനാണ് ചിലരുടെ മാത്രം അവകാശങ്ങൾ ചവിട്ടിമെതിക്കുന്നത്? മനുഷ്യന്റെ ചിന്താവ്യാപാരത്തെയും മതസ്വാതന്ത്ര്യത്തെയും ഭീഷണി ദണ്ഡുകൾകൊണ്ട് പേടിപ്പിച്ചു നിർത്താനാകുമെന്നാണോ ഇവർ കരുതിയിരിക്കുന്നത്? ക്രൂരഭരണാധികളായ ഫിർഔൻമാരുടെയും (ഫറോവമാർ) നംറൂദുമാരുടെയും മുമ്പിൽ മുട്ടുമടക്കാത്ത വിശ്വാസവും ആദർശവും കൂടെയുള്ളവരെ കാരിരുമ്പിന്റെ കാഠിന്യംകൊണ്ടോ വീട്ടുതടങ്കലെന്ന വിഡ്ഢിത്തം കൊണ്ടോ തടഞ്ഞുനിർത്താനാവില്ല.

പലരും ധരിച്ചിരിക്കുന്നത് പോലെ മതം കുടികൊള്ളുന്നത് ശരീരത്തിലും അവയവങ്ങളിലുമല്ല; മനസ്സിന്റെ അടിത്തട്ടിലാണ്. പരിശുദ്ധ ക്വുർആനിൽ പറയുന്നത് കാണുക:

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്..." (6:125).

ഇസ്‌ലാമിന്റെ വളർച്ച തടയാൻ നാട്ടിൽ ജനിക്കുന്ന ആൺകുട്ടികളെ മുഴുവൻ അരിഞ്ഞുതള്ളിയ ഫിർഔനിന്റെ കൊട്ടാരത്തിനകത്ത് ഇസ്‌ലാം മതം സ്വീകരിച്ച് ജീവിച്ച പത്നി ആസിയയുണ്ടായിരുന്നു എന്നത് ചരിത്രമാണെങ്കിൽ പല ചരിത്രങ്ങളും ആവർത്തിക്കാനുള്ളതാണെന്ന് മറന്നുപോകാതിരുന്നാൽ മതി.

വീട്ടിലേക്ക് ആരെയും കടത്തിവിടാതെ വഴിയിലും വീട്ടിനകത്തുപോലും പോലീസുകാരെ വിന്യസിച്ച് എത്രകാലം ഇസ്‌ലാമോഫോബിയയെ വളമിട്ട് വളർത്താനാകും? നിർബന്ധിത മതപരിവർത്തനത്തെക്കുറിച്ച് മുക്രയിട്ടവരൊക്കെ മൂലയിൽ പോയി ഒളിച്ചോ? ഹാദിയ എന്ന പ്രായപൂർത്തിയായ മുസ്‌ലിം പെൺകുട്ടിയെ ഹിന്ദുമതത്തിലേക്ക് 'മതം മാറ്റാൻ' മാതാപിതാക്കൾ ശ്രമിക്കുമ്പോൾ മിണ്ടാതിരിക്കാൻ മാത്രം വർഗീയതയുടെ വിഷമുള്ളുകൾ ഇവരുടെ തൊണ്ടയിൽ കുരുങ്ങിക്കിടപ്പാണോ?

പലരും ധരിച്ചിട്ടുള്ളതു പോലെ ഇസ്‌ലാമിക സംഘടനകളുടെ പെരുപ്പമല്ല വർത്തമാനകാലത്ത് ഇസ്‌ലാമിന്റെ വളർച്ചയുടെമൂലകാരണം. ഇസ്‌ലാമിനെ തകർക്കാനും കരിവാരിത്തേക്കാനും ശത്രുക്കൾ മീഡിയ ആയുധമാക്കി നടത്തുന്ന പരസ്യയുദ്ധമാണ് ജനങ്ങളെ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ പ്രേരിപ്പിക്കുന്നതും ലോകത്ത് ഏറ്റവും കൂടുതൽ വേഗതയിൽ വളരുന്ന മതമായി ഇസ്‌ലാമിനെ മാറ്റുന്നതും.

## അവതരിപ്പിക്കുന്നു കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ ക്ലിക്ക് ചെയ്യുക.
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 24 June 2017

Reg NO: KL/CT/225/2016-18
Price: ₹10/-

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099